KOTTAYAM PUBLIC LIBRARY

Call No. MA7 NAR-B Acc. No. 4075

Author: നാരായണമേനോൻ കുണ്ടൂർ

Title: ഭാഷാരഘുവംശം

# ഭാഷാരഘുവംശം

(മഹാകാവ്യം)

ഗ്രന്ഥകൎത്താ:

കുണ്ടൂർ നാരായണമേനോൻ ബി. ഏ.

പ്രകാശകർ,

കമലാലയാ ബുക്കുഡിപ്പോ,

തിരുവനന്തപുരം.

1122.

വില രൂപാ [illegible]

KOTTAYAM.
NATIONAL BOOK STALL
KALARIKAL BAZAAR

---

പ്രകാശകരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.

No. 4095

# രഘുവംശം.

## ഒന്നാം സർഗ്ഗം.

വാഗർത്ഥതുല്യം പിരിയാതെയുള്ള
യോഗത്തൊട്ടും ലോകപിതാക്കളായി
പേർകേട്ട ഗൌരീപരമേശ്വരക്കായ്
വാഗർത്ഥബോധം വരുവാൻ തൊഴുന്നേൻ. 1

എങ്ങാദ്ദിനേശാന്വയമെങ്ങു തെല്ലോ-
ന്നെങ്ങാനുമേതാണ്ടറിയുന്ന ബുദ്ധി?
അങ്ങാഴിതന്നക്കരെ പററുവാൻ ഞാൻ
ചങ്ങാടമേറിത്തുഴയുന്നു മോഹാൽ. 2

വായ്ക്കുന്ന മോഹാൽ കവികീർത്തി നേടാൻ
നോക്കുന്ന മന്ദൻ പരിഹാസ്യനാം ഞാൻ
നേക്കുന്നതല്പ്രാപ്യഫലത്തിനായ് കൈ-
പൊക്കുന്നൊരാവാമനനെന്നപോലെ. 3

അല്ലെങ്കിൽ വാക്കാംവഴി മുൻകവീന്ദ്രൻ
മെല്ലത്തുറന്നിട്ടുഴമിക്കുലത്തിൽ
ചൊല്ലാർന്ന വജ്രം തുള ചെയ്ത കല്ലിൽ-
ച്ചെല്ലുന്ന നൂൽപോലെയെനിയ്ക്കു ചെല്ലാം. 4

എന്നാൽ പിറപ്പോടെ വിശുദ്ധി വാച്ചും
നന്നായ് ഫലാവാപ്തിവരെ ശ്രമിച്ചും
മന്നാഴിയററംവരെയും ഭരിച്ചു-
മന്നാകലോകാവധി തേരണച്ചും. 5

ഹോമം വിധിയ്ക്കഗ്നിയിലാചരിച്ചും
കാമപ്പടിയ്ക്കർത്ഥികളെയാദരിച്ചും
ദണ്ഡം പിഴയ്ക്കൊത്തു നടത്തിവെച്ചും
ബോധം യഥാകാലമുണർച്ചവെച്ചും, 6

ദാനത്തിനായെല്ലാമുതൽ ശേഖരിച്ചും
താനാററസത്യത്തിനു ചൊൽ കുറച്ചും
പേർ നേടുവാനായ് ജയമാഗ്രഹിച്ചും
സന്താനേച്ഛയ്ക്കായ് ഗൃഹിയായ് ഭവിച്ചും, 7

ബാല്യത്തിലേ വിദ്യകളഭ്യസിച്ചും
താരുണ്യമായാൽ വിഷയം സുഖിച്ചും
വാർദ്ധക്യകാലം മുനിയായ് കഴിച്ചും
ദേഹത്തെ യോഗാലൊടുവിൽ ത്യജിച്ചും, 8

വാണോരഘുക്കൾക്കെഴുമന്വയം ചൊൽ-
ച്ചേണറെറാരാളെങ്കിലുമോതുവൻ ഞാൻ
വേണുന്ന തദ്ഗുണങ്ങൾ കാതിലെത്തി
വീണത്ര ചാപല്യമണയ്ക്കയാലെ. 9

എന്നിപ്രബന്ധം ഗുണദോഷഭേദം
മിന്നിച്ചുകാട്ടും സുജനങ്ങൾ കേൾപ്പിൻ!
പൊന്നിൻെറ മാററും കറയും ഹുതാശൻ-
തന്നിൽത്തെളിഞ്ഞീടുന്നു കാണുമല്ലോ. 10

ആദിത്യപുത്രൻ മനുമന്നവന്മാ-
ർക്കാദിപ്രമോടും ബുധമാന്യമട്ടിൽ
ഭേദംപെടാകേൾവിയിൽ വാണിരുന്നു
വേദത്തി[illegible]ങ്ങൾക്കു. 11

പാലാഴിയിൽപ്പാർവ്വണചന്ദ്രനെന്ന-
പോലായവൻ തൻപരിശുദ്ധവംശേ
മേലാന്ന ശുദ്ധിത്തികവോടുദിച്ചു-
പോലദ്ദിലീപാഖ്യനരേന്ദ്രചന്ദ്രൻ. 12

തന്മാർവിരിഞ്ഞോൻ ചുമൽകൊണ്ടു കാള-
ത്തന്മട്ടിലായ്‌സ്സാലനിരയ്ക്കുയർന്നോൻ
കർമ്മത്തിന്നൊത്തൊരുടൽ പൂണ്ട രാജ-
ധർമ്മം കണക്കുള്ള മഹാഭുജാഢ്യൻ. 13

എല്ലാററിലും മുന്തിയ സാരമുൾക്കൊ-
ണ്ടെല്ലാമഹസ്സിന്നുമിടിച്ചിലേകി
എല്ലാററിലും മേൽ നിലയാന്ന മേരു-
തുല്യം മഹീചക്രമടക്കിനില്പോൻ. 14

മൂർത്തിയ്ക്കിണങ്ങീടിന ബുദ്ധിയുള്ളോൻ
ബുദ്ധിയ്ക്കു ചേരുന്ന പഠിപ്പെഴുന്നോൻ
മെത്തും പഠിപ്പിൻപടിയുദ്യമിപ്പോ-
നൊത്തുദ്യമംപോലഭിവൃദ്ധിയാർന്നോൻ. 15

വൻഭീമസൌമ്യദ്ഗുണങ്ങളുള്ളാ-
ഗ്ഗംഭീരനാശ്രിതർക്കാരധൃഷ്യനായും
സംപ്രാപ്യനായും ജലജന്തുരത്ന-
സമ്പൂർണ്ണമാം വാരിധിപോലെയായി. 16

നേരേ നടത്തുന്നൊരവന്റെ നാട്ടു-
കാരേവരും നേമികളെന്നപോലെ
പേരുററ മന്വാദികൾ തീർത്ത മാർഗ്ഗം
മാറിഗ്ഗമിച്ചീലൊരു രേഖപോലും. 17

ആ രാജവീരൻ പ്രജകൾക്കു നന്മ-
ക്കാരാൽ പിരിച്ചാനവരോടു കപ്പം
ഓരായിരം കൂട്ടതലായ്ക്കൊടുപ്പാൻ
നീരാസ്ഥയാ സൂര്യനെടുപ്പിതല്ലോ. 18

ആത്തമ്പുരാന്നാപ്പടമോടിയത്രേ
കൃത്യം നടത്താനിതു രണ്ടു മാത്രം
ശാസ്ത്രങ്ങളിൽക്കേറിയ ബുദ്ധിതാന-
മാത്താദരം വില്ലിലണച്ച ഞാണും. 19

ഓരോന്നവൻ മന്ത്രമൊളിച്ചു ഗൂഢാ-
കാരേംഗിതം പൂണ്ടു തുടർന്നതെല്ലാം
നേരായ ജന്മാന്തരവാസനയ്ക്കൊ-
ത്താരാൽ ഫലം കണ്ടറിയേണമത്രേ. 20

അത്രസ്തനായ്ത്തന്നുടൽ കാത്തിതത്ത-
ലെത്താതരമറ്റിൽസ്സുകൃതങ്ങളും ചെയ്തു
അർത്ഥത്തെ നേടിദ്ദുര വിട്ടു ഭോഗാ-
സക്തത്വമെന്ന്യേ സുഖമാർന്നിതന്നു. 21

ജ്ഞാനത്തിൽ മൌനം, ക്ഷമ ശക്തിയിങ്കൽ,
ദാനത്തിലൊട്ടും ഞെളിയായ്കയേവം
സ്ഥാനത്തു ചേർന്നിട്ടവനിഗ്ഗുണങ്ങ-
ളൂനം വിനാ സോദരർപോലിണങ്ങി. 22

ദൂരാൽ വലിയ്ക്കും വിഷയേച്ഛ വിട്ടോൻ
പാരാതെ വിദ്യാക്കരകണ്ടിരിപ്പോൻ
പേരാണ്ട ധർമ്മിഷ്ഠനവൻ ജരാർത്തി
ചേരാതെ കണ്ടേറെറിതു വൃദ്ധഭാവം. 23

ശിക്ഷിയ്ക്കലാലും ഭരണത്തിനാലും
രക്ഷിയ്ക്കലാലും പ്രജകൾക്കൊരച്ഛൻ
അക്ഷ്മാപനത്രേ, ജനനത്തിൽ മാത്രം
സാക്ഷാൽ പിതാവിന്നൊരു കാരണത്വം. 24

സ്ഥിത്യർത്ഥമായ് ദ്ദണ്ഡ്യരെ ദണ്ഡമേകി-
പ്പുത്രാർത്ഥമായ് വേട്ടുഴമാബ്ബുധങ്കൽ
അർത്ഥവും കാമവുമഗ്ര്യധർമ്മ-
സിദ്ധിയ്ക്കവൻ കാരണമായിരുന്നു 25

ഭൂസ്വത്തു യാഗത്തിനവൻ കറന്നു
സ്വസ്വത്തു സസ്യത്തിനു ദേവർകോനും
ഭാസ്വത്തരസ്വത്തവരൊത്തുമാറി-
ബ്ഭൂസ്വർഗ്ഗസംരക്ഷകർ ചെയ്തുപോന്നു. 26

വൃത്തിയ്ക്കു രക്ഷിയ്ക്കുമവന്റെ കീർത്തി
പൃത്ഥ്വീശ്വരന്മാർക്കു പെടാത്തതത്രെ
നിത്യം പരസ്വങ്ങളെ വിട്ടുനിന്നി-
ത്തതസ്കരത്വം ശ്രുതിയിങ്കലല്ലോ. 27

ശിഷ്ടത്വമാർന്നാലരിയും നൃപാല-
ന്നിഷ്ടൻ ഗദാർത്തന്നു മരുന്നുപോലെ
ദുഷ്ടത്വമെത്താൽ പ്രിയനും ഭുജംഗ-
ദഷ്ടാംഗുലംപോലെയുപേക്ഷ്യനല്ലോ. 28

തീർത്താൻ മഹാഭൂതഗണങ്ങൾ കൂട്ടി-
ച്ചേർത്താമഹാനെപ്പരമേഷ്ഠി നൂനം
പാർത്താൽ പരാർത്ഥൈകഫലങ്ങളല്ലോബ്ഭ്ര-
ർത്താവിനുള്ളോരു ഗുണങ്ങളെല്ലാം. 29

കോട്ടയ്ക്കിണങ്ങും കരമായമത്താഴി-
ക്കുട്ടക്കിടങ്ങിനെ ചൂഴമൂഴി
ഒട്ടുക്കവൻ മററിതരാജ്ഞവിട്ടു
മട്ടാക്കിയൊററപ്പുരിപോലെ കാത്തു. 30

വ്യാഖ്യാതദാക്ഷിണ്യവതാൽ സുദക്ഷി-
ണാഖ്യാനയാം മാഗധരാജപുത്രി
മുഖ്യാധ്വരേ ദക്ഷിണയെന്നപോലാ-
പ്രഖ്യാതനിൽച്ചേൎന്നിതു പത്നിയായി. 31

നാനാകളത്രങ്ങളിരിക്കിലും താ-
നാനാഥയാലും നൃപലക്ഷ്മിയാലും
താനാടൽ തേടാത്തവിധം കളത്ര-
വാനായിതെന്നോൎത്തു വസുന്ധരേശൻ. 32

അക്കാന്ത്യപീജാനി തനിയ്ക്കു തക്കോ-
രക്കാന്തനൊരുണ്ണി പിറന്നുകാണ്മാൻ
ഉൾക്കാമ്പിലാശിച്ചു ദിനം കഴിച്ചി-
ത്തൊക്കാൻ വിളംബിച്ച വിപാകമോടും. 33

പുത്രാൎത്ഥമാകുന്ന വിധിയ്ക്കു തന്റെ
ഹസ്തത്തിൽനിന്നപ്പൊഴുതൊന്നിറക്കി
പൃഥ്വീമണാളൻ പൃഥുഭൂമിഭാര-
കൃത്യത്തെ മന്ത്രീന്ദ്രരിലാക്കിവെച്ചു. 34

പിന്നെസ്സുതാൎത്ഥം വിധിപൂജ ചെയ്തു
സന്താനരാട്ടമ്പതിമാർ വിശുദ്ധർ
ഒന്നിച്ചു സാക്ഷാൽഗ്ഗുരുവാം വസിഷ്ഠൻ-
തന്നാശ്രമത്തിന്നു ഗമിച്ചുകൊണ്ടാർ. 35

ഐരാവതം മിന്നലുമൊത്തിണങ്ങി
നീരാണ്ട കാർക്കൊണ്ടലിനെന്നപോലെ
ദൂരാൽ മുഴങ്ങും കരടററ ഗംഭീ-
രാരാവമാർന്നൊരു തേരിലാണ്ടും, 36

പെററാല്ല ചെററാശ്രമപീഡയെന്നോ-
ർത്തററം ചുരുക്കം പരിവാരമൊത്തും
കററക്കെടുക്കാത്തുള്ള നഭാവവായ്പോൽ
ചുററം പടക്കാർ ചുഴലുംപടിയ്ക്കും, 37

പൂരേണ ചിന്നിച്ചിതറിച്ചു സാല-
ച്ചാററിന്റെ നൽത്തുമണമോടുകൂടി
വാതററ പൂങ്കാവനമിട്ടലച്ചു
ചേരുന്ന കാററൊരു സുഖിച്ചുകൊണ്ടും, 38

തേരിൻനിനാദാൽത്തലപൊക്കി മണ്ട
ചേരിയ്ക്കലായ് ഷഡ്ജകളസ്വരത്തിൽ
പൂരിച്ചിണങ്ങും മയിലിന്റെയൊച്ച
പാരിച്ച മോദത്തൊടു കേട്ടുകൊണ്ടും, 39

തേരിന്മേലായൂന്നു പതിച്ചു കല്ലു-
മാറീട്ടുഴും മാൻമിഥുനങ്ങളാകും
നേരിട്ടു തമ്മിൽപ്പെട്ടുമക്ഷിസാമ്യം
മാറീസംശയംനോക്കിയറിഞ്ഞുകൊണ്ടും, 40

കാലെ നിരയെ തോരണമാലകെട്ടും-
പോലെപ്പുരന്നോരണിയിട്ടുപോകെ
ചാലേ രസാൽ കൂകിന സാരസങ്ങ-
ളാലേ ചിലേടം മുഖരീകരിച്ചും, 41

കിട്ടും കൊതിക്കും ഫലമെന്നു നന്നായ്
കാട്ടുന്ന കാററിന്നെഴുമാനുകൂല്യാൽ
ഒട്ടും ഹയോത്ഥപ്പൊടി കുന്തൽമൌലി-
ക്കെട്ടും തൊടാതുള്ളൊരുമട്ടിലായും, 42

ചൊല്ലുന്നിടും പൊയ്കകളിൽത്തരങ്ഗ-
ത്തല്ലാൽത്തണുപ്പേററമിയന്നതായി
നല്ലാത്മനിശ്വാസവിഡംബിയായ
ഫുല്ലാംബുജപ്പൂമണമേററുകൊണ്ടും, 43

ആമട്ടുതാൻ നൽകിയ യൂപരമ്യ-
ഗ്രാമങ്ങൾതോറും ക്രതു, ചെയ്ത കൂട്ടർ
കാമപ്രദാശിസ്സുകളർഗ്ഘ്യപൂർവ്വം
ക്ഷേമത്തിനേകുന്നവയേററുകൊണ്ടും, 44

ചാരത്തു കയ്യിൽ പുതുവെണ്ണയേന്തി-
ച്ചേരുന്ന ഗോപാലകവൃദ്ധരോടായ്
സ്വൈരം വഴിക്കാട്ടുമരങ്ങൾതൻപേ-
രോരോന്നു ചോദിച്ചു ധരിച്ചുകൊണ്ടും, 45

ആമട്ടു പോകുന്ന വിശുദ്ധവേഷ-
രാമമ്മഹാത്മാക്കൾ വിശേഷമായി
ത്തൂമഞ്ഞു വേർപെട്ടിണചേർന്ന ചിത്രാ-
സോമർക്കെഴുംമട്ടൊരു ശോഭ കൂടി. 46

പ്രീതിസ്ഫുടന്താനാപ്രിയയാൾക്കു കാണി-
ച്ചോതിക്കൊടുക്കും പ്രിയദർശനൻതാൻ
സാധിച്ചുപോന്നു വഴിയെന്നകാര്യം
ബോധിച്ചതില്ലാബ്ബുധരോത്തമ ഭൂപൻ. 47

ക്ഷീണിച്ചൊരശ്വത്തൊടു സന്ധ്യയിൽ തേൻ-
വാണീസമേതം മഹിതപ്രഭാവൻ
ക്ഷോണീശ്വരൻ സംയമിയാം മഹർഷി
വാണീടുവോരാശ്രമമങ്ങണഞ്ഞു. 48

വേറേവനാൽദ്ദർഭസമിത്തുകാദ്യം
പേറിത്തിരിച്ചെത്തിയവാറുതന്നെ
ഘോരാന്തയാംതീയെതിരേറ്റുചെന്ന
ധീരാത്മരാം താപസർ തിങ്ങിയേടം. 49

നീവാരഭാഗങ്ങൾ കനിഞ്ഞപത്ന്യ-
ഭാവാൽ മുനിസ്ത്രീകൾ കൊടുപ്പതപ്പോൾ
പോയ്വാങ്ങുവാൻ മാനുകൾ പർണ്ണശാലാ-
നേർവാതിലിൽച്ചെന്നിടകൂടിയേടം, 50

വന്നങ്ങു വിശ്വാസമൊടും വിഹംഗ-
വൃന്ദം തടത്തിങ്കലെ നീർകുടിപ്പാൻ
കന്യാമുനിസ്ത്രീകൾ നനച്ചൊഴിഞ്ഞു
നിന്നാമരത്തൈകൾ വിളങ്ങിയേടം, 51

വൈലാറിയപ്പോൾ വരിനെല്ലു പർണ്ണ-
ശാലാങ്കണേ കൂട്ടിയതിന്നടുക്കൽ
ചേലാർന്നൊരേണങ്ങൾ കിടന്ന ശീലം-
പോലാശു രോമന്ഥമിയറ്റിയേടം, 52

കത്തിച്ച തീയെന്നറിയിച്ചു കാറ്റാൽ-
ത്തത്തിച്ചലിച്ചാഹുതിഗന്ധിധൂമം
അദ്ദിക്കിലെത്തുന്ന വിരുന്നുകാർക്കു
ശുദ്ധിപ്രകർഷത്തെ വരുത്തിയേടം. 53

എന്നിട്ടു ധുൎയ്യങ്ങളെ വിശ്രമിപ്പി-
ച്ചൊന്നാശു യന്താവിനൊരാജ്ഞ നൾകി
തന്നോമലത്തേരതിൽനിന്നിറക്കി
പിന്നീടവൻതാനുമിറങ്ങിനിന്നു. 54

ദാരങ്ങൾ ചേരും നയനേത്രനായു-
ള്ളാരക്ഷിതാവിന്നുപചാരമെല്ലാം
പാരം ജിതേന്ദ്രിയരാം സമർത്ഥ-
ന്മാരാം മുനിശ്രേഷ്ഠർ മുറയ്ക്കു ചെയ്തു. 55

പിന്നപ്പിയാരുന്ധതിയൊത്തു വാഴും
ധന്യർഷിയെസ്സാന്ധ്യവിധിക്കു ശേഷം
മന്നോർവരൻ സ്വാഹയൊടൊക്കുമഗ്നി-
തന്നെക്കണക്കാദരവോടു കണ്ടു. 56

ആരാലവർക്കുള്ളടിഭ്രപനം ചെ-
ന്നാരാജ്ഞിയാം മാഗധിയും പിടിച്ചു
ആരണ്ടുപേരെഗ്ഗുരുവും തദീയ-
ദാരങ്ങളും മുത്തൊടനുഗ്രഹിച്ചു. 57

തേരോത്തുലഞ്ഞുള്ള തളർച്ചയെസ്സൽ-
ക്കാരാൽശ്ശമിപ്പിച്ചഥ യോഗിവര്യൻ
ആരാജ്യപുണ്യാശ്രമയോഗിതന്നോ-
ടാരാഞ്ഞു രാജ്യേ കുശലസ്വരൂപം. 58

സത്താമഥർവ്വത്തിനു വാസഭൂവാ-
മത്താപസൻതൻതിരുമുമ്പിലപ്പോൾ
അർത്ഥാധിപൻ വൈരിപുരംജയിപ്പോ-
നർത്ഥാഢ്യമാം വാക്കു വദിച്ചു വാഗ്മി. 59

ഭംഗംവരാത്തതല്ലാത്ത മംഗളാന്താ-
നംഗങ്ങളേഴിന്നുമെന്നിയ്ക്കു നാട്ടിൽ
അങ്ങല്ലയോ .ദൈവികമാനുഷാപ-
ത്തിങ്ങല്പമേല്ക്കാതെ തടുത്തുനില്പാൻ. 60

ദൂരാലരിക്കൂട്ടമുടച്ച മന്ത്ര-
കാരാഗ്ര്യനായോരിവിടത്തെ മന്ത്രം
നേരിട്ടലക്ഷ്യം പിളരുന്നൊരെന്റെ
ക്രൂരമ്പുപാഴാംപടിയാക്കിടുന്നു. 61

ഹോതാൻ ഭവാൻ വേണ്ട വിധിപ്രകാരം
തീയന്നിലേല്പിച്ചുകൊടുത്ത ഹവ്യം
പെയ്യുംമ്പു കിട്ടാഞ്ഞു വരണ്ട സസ്യ-
പ്രാന്തത്തിന്നെല്ലാം മഴയായ്ത്തരുന്നു. 62

എപ്പോഴുമീതിവ്യഥയൊന്നുമെന്യേ
പാർപ്പൂ ചിരായുസ്സോടുമെൻജനങ്ങൾ
ഹേ! ബ്രഹ്മസൂനോ! ദൃഢമായതിന്നാ-
ത്വൽബ്രഹ്മതേജോബലമാണുമൂലം. 63

ബ്രഹ്മന്റെ പുത്രൻ ഗുരുമേൽവിചാര-
മിമ്മട്ടു നീ ചെയ്തുവരുന്നകാലം
ചെമ്മേ വിപത്തററ സമൃദ്ധിയിങ്ങ
മേന്മേൽ ഭവിയ്ക്കാതെയിരിപ്പതാണോ? 64

എന്നാലുമീ നിൻവധുവിൽ ശ്ശുരിയ്ക്കാ-
ക്കന്നാത്മജക്കാഴ്ചപെടാതൊരെന്നിൽ
ഒന്നായ്ത്തുടരുന്നതിലെ രത്നസ്വമാ-
ണെന്നാകിലും [illegible] 65

പിണ്ഡം മമാന്തത്തിൽ നശിയ്ക്കുമെന്ന
ബന്ധത്തിനാൽ ശ്രാദ്ധമതിൽപ്പിതൃക്കൾ
തിന്നും സ്വധാസംഗ്രഹവാഞ്ഛമൂല-
മുണ്ണുന്നതില്ലാമതിയാകുവോളം. 66

കിട്ടില്ലതെന്നപ്പുറമെന്നു ചിന്തി-
ച്ചിട്ടിങ്ങു ഞാനേകിയ നീർ പിതൃക്കൾ
തട്ടീടുമാർത്തൻ നെടുവീർപ്പിലൊട്ടു
ചുട്ടീടുമാറാണു ദ്രവം കുടിപ്പൂ. 67

യാഗാദിസംശുദ്ധിയുമുണ്ണിയൊന്നു-
ണ്ടാകാഞ്ഞു വല്ലായ്മയുമുള്ളൊരീ ഞാൻ
ഹാ കാഴ്ചയും മൂടലുമാത്ത ലോകാ-
ലോകാചലത്തിൻനില നേടിടുന്നു. 68

കാലേ തപോദാനജപുണ്യജാല-
ത്താലേ പരത്തിൽപ്പെരുകുന്ന സൌഖ്യം
മാലേതുമെന്യേ സുഖമങ്ങുമിങ്ങും
ചാലേ കുലീനാത്മജനേകുമല്ലോ. 69

വായ്ക്കും പ്രിയത്താൽ സ്വയമേ നനച്ചും
കായ്ക്കാതെയുള്ളാശ്രമവൃക്ഷമട്ടിൽ
നേക്കൻവിധേയനെന്നായപുത്രനായ്ക്കു-
ണ്ടല്ലാത്തതെന്താണവിടേയ്ക്കു ദൈന്യം. 70

നൂനം മമാനല്പതരാർത്തിവിളു
താനന്ത്യമാമീക്കടമെൻമഹാത്മൻ!
ആനയ്ക്കു പുണ്ണിൽക്കടിപെട്ടു കെട്ടി
സ്ഥാനം മുടക്കും കുഴിയെന്നപോലെ. 71

ഈ ക്ലേശമിയ്യുള്ളവനിന്നു താത!
തീർക്കേണ്ടതിന്നൊത്തതു ചെയ്യവേണം
ഇക്ഷ്വാകുഭൂപക്കു ദുരാപസിദ്ധി
സാക്ഷാൽ ഭവാൻതന്റെയധീനമല്ലോ. 72

ഭൂനാഥനീമട്ടറിയിച്ചനേരം
ധ്യാനാലനങ്ങാതെതാമ കണ്ണുമായി
വാണാൻ കുറച്ചാ മുനി മീനരങ്ങി-
ക്കാണായിവന്നോരു കയംകണക്കെ. 73

സന്താനസിദ്ധിയ്ക്കു പിണഞ്ഞ വിഘ്നം
തദ്ധ്യാനയോഗാലവനന്നു കണ്ടു
സന്ധാരിതാത്മാവഥ ചൊന്നു പിന്നെ-
യെന്താണതെന്നോതി മനസ്സിലാക്കി. 74

പണ്ടാദിതേയാധിപനെബ്ഭവാൻ പോയ്
കണ്ടാശു പിന്നെത്തിരിയേ വരുമ്പോൾ
കൊണ്ടാടിടും കല്പതരുച്ചുവട്ടി-
ലുണ്ടായിരുന്നു സുരഭി കാമധേനു. 75

തീണ്ടാതൊരീ രാജ്ഞി കുളിച്ചതോർത്തു-
കൊണ്ടാശു ധർമ്മക്ഷയഭീതിമൂലം
കണ്ടാൽ വലംവച്ചു തൊഴേണ്ടവൾക്ക
കൊണ്ടാടി നീ വേണ്ടതു ചെയ്തതില്ലാ. 76

നിന്ദിച്ചു കേളായവൾ തന്നെയേവം
നിന്ദിച്ചമൂലം ഫലിയാതെയായി
വന്ദിച്ചിടേണ്ടോരെ വണങ്ങിടാഞ്ഞാൽ
വന്നീടുമല്ലോ ശുഭലോപവിഘ്നം. 77

അപ്പുത്രി തദാനീം വരുണൻ തുടർന്ന
വാദ്ധ്വരമിഷ്ടിയുടെ ഹവിസ്സിനായി
സർപ്പങ്ങൾ വാതിൽക്കലടച്ചു കാത്തു
നില്പുള്ള പാതാളതലത്തിൽ വാഴ്വൂ. 78

തൽപുത്രിയെത്തൽപ്രകാരം ഭജിച്ചു-
കില്പത്നിയോടൊത്തു വിശുദ്ധനായ് നീ
ഉൾപ്പൂവലിഞ്ഞീടുകിലായവൾക്കും
കെല്പുണ്ടു വേണ്ടുന്ന വരം കൊടുപ്പാൻ. 79

എന്നിത്ഥമോതുമ്പൊഴവന്റെ ഹോമ-
ത്തിന്നിഷ്ടമാം വസ്തു കൊടുത്തിടുന്നോൾ
നിന്ദിക്കുമാറല്ലാത്ത നന്ദിനിപ്പ-
യ്യന്നിങ്ങു വന്നെത്തി വനത്തിൽനിന്നും. 80

ഫാലേ വെളുത്തൊട്ടു വളഞ്ഞ ചുട്ടി
ചാലേ തളിർക്കൊത്ത ചുകപ്പുമായി
ബാലേന്ദുവൽശോഭനസന്ധ്യയെന്ന-
പോലേറെ രോജിപ്പിൽ വഹിച്ചിടുന്നോൾ, 81

തങ്കുട്ടിയെക്കണ്ടളവേ ചുരക്കും
വങ്കുംഭമൊത്തോരകിടാലെ മന്നിൽ
തങ്കും വിശുദ്ധാവഭൃഥത്തിനെല്ലാ-
ങ്ങും കൊടുത്തും ചുടുപാൽ പൊഴിപ്പോൾ, 82

പേർത്തും കുളമ്പേററുയരുന്ന ധൂളി-
ഗാത്രത്തിലാരാലണയുന്നമൂലം
തീർത്ഥാഭിഷേകാലുളവാം വിശുദ്ധി
ഗോത്രാധിനാഥന്നു വരുത്തിടുന്നോൾ, 83

കണ്ടാലഘം തീരപ്പോന്ന ധേനുതന്നെ-
കണ്ടാത്തപസ്സിൽനിധി ലക്ഷണജ്ഞൻ
ഉണ്ടാമവന്നീപ്സിതലാഭമെന്ന-
കണ്ടാസ്ഥയാ യാജ്യനൊടോതി വീണ്ടും. 84

ചൊല്ലാർന്ന രാജൻ! തവ കാര്യസിദ്ധി-
ക്കില്ലാ പുരം താമസമെന്നുറയ്ക്കാം
കല്യാണമാം പേർ പറയുമ്പൊഴേയി-
കല്യാണി പാരത്തിഹ വന്നുവല്ലോ. 85

ഇതാന്യയാം ധേനുവെയങ്ങു വന്യ-
വസ്തുക്കളും തിന്നു വിടാതെ കൂടി
ഭക്ത്യാ നിരന്തരം തെളിയിയ്ക്കുക പ്രാ-
സത്താൽ സ്വയം വിദ്യയെയെന്നപോലെ. 86

പിന്നാലെ നീ പോകിവൾ പോയിടുമ്പോൾ,
നിന്നാലുടൻ നില്ക്ക,കിടന്നു കണ്ടാൽ
നന്നായിരുന്നീടുക, നീർ കുടിച്ചു-
വെന്നാൽബ്ഭവാനങ്ങു കുടിയ്ക്ക വെള്ളം. 87

വന്ദിച്ചു പൂജിച്ചു തപോവനാന്തം
ചെന്നീടുവോളം വധു ശുദ്ധയായി
ചെന്നീടണം ധേനുവൊടൊത്തുഷസ്സിൽ
പിന്നീടു സന്ധ്യയ്ക്കതിരേററിടേണം. 88

ഇവ്വട്ടുററിത്തിന്നമട്ടിവൾ താൻ പ്രസാദി-
ച്ചീടുംവരയ്ക്കും പരിചര്യ ചെയ്ക
കൂടും ശുഭം തേ വരപുത്രവാനാ-
മീടും പിതാവെന്നവിധം ഭവാനും. 89

ആദേശമന്നാളിലെന്തന്നെയെന്നാ-
യാ ദേശകാലങ്ങളറിഞ്ഞ ശിഷ്യൻ
ആ ദേശികൻതന്നുടെ കാൽ വണങ്ങി
മോദേന കയ്യൂണ്ടിരുന്നു ഭാര്യയോടും. 90

ദോഷജ്ഞനാപ്പുത്രമജസൂനുവാക്കിൽ
ദോഷം വരാതോർത്തടനാ പ്രദോഷേ
ശേഷിപ്പെട്ടും ശ്രീയെഴുമീശിതാവേ-
ത്തോഷിച്ചയച്ചു ശയനത്തിനായി. 91

നന്നായ് തപസ്സിദ്ധിയെഴുന്നൊരാളാ-
ണെന്നാകിലും മാമുനി കല്പവേദി
ധന്യൻ വ്രതം കൊള്ളുമിവന്നു നൽകീ
വന്യങ്ങളാകും വിഭവങ്ങൾതന്നെ. 92

സപത്നുദം കുലപതി ചൊന്ന പർണ്ണശാല-
യ്ക്കുൾച്ചേർന്നാക്കുശവിരിയിൽ കിടന്നു ഭൂപൻ
സപത്നശ്രീദയിതയൊടൊപ്പമോ കലാശം
തച്ഛിഷ്യാദ്ധ്യയനമുരച്ച രാവു പോക്കീ. 93

(ഒന്നാംസർഗ്ഗം കഴിഞ്ഞു)

# രണ്ടാം സൎഗ്ഗം

പിന്നെപ്പുലൎന്നളവിളാപതി പൈക്കിടാവു-
തന്നെ, കുടിച്ചതിനുപിമ്പു പിടിച്ചുകെട്ടി
മാന്യൻ യശസ്വി ദയിതാൎപ്പിതഗന്ധമാല്യ-
മാൎന്നുള്ള നന്ദിനിയെ വിട്ടിതു കാട്ടു പൂകാൻ. 1

ലാക്കിൽക്കുളമ്പുകൾ പതിഞ്ഞു പൊടിയ്ക്കു ശുദ്ധി-
വായ്ക്കുംവിധത്തിലവൾ പോംവഴി പിന്തുടൎന്നു
വിഖ്യാതസാധ്വിമനുജേശ്വരധൎമ്മപത്നി
മുഖ്യശ്രുതിപ്പൊരുളിനെ സ്മൃതിയെന്നപോലെ. 2

ലോലാക്ഷിയെത്തിരികെയവിട്ടലിവേറുമൂഴി-
പാലൻ യശസ്സുരഭിയാസ്സുരഭിക്കിടാവെ
പാലിച്ചു നാലുകടലാംമുലയൊത്തു പയ്യിൻ-
കോലം ധരിച്ചൊരു ധരിത്രിയെയെന്നപോലെ. 3

നോൽമ്പിനു പയ്യിനുടെ പിമ്പിൽ നടക്കുമങ്ങോർ
തൻപിമ്പു ശിഷ്ടമെഴുമാൾകളെയും വിലക്കി
തൻപാലനായ്ക്കവനു വേണ്ടപരൻ, സ്വവീൎയ്യ-
സമ്പത്തുതാൻ മനുകുലത്തിനു രക്ഷയല്ലോ. 4

സ്വാദുള്ള പുല്ലുകൾ കൊടുത്തു ചൊറിഞ്ഞു ദംശി-
ക്കൊത്തുള്ളമാതിരിയിലീച്ചകളെത്തുമാട്ടി
ബോധിച്ചപോലെ തടയാതെ നടത്തിവിട്ടാ-
രാധിച്ചു നന്ദിനിയെയാ നൃപചക്രവൎത്തി. 5

നിന്നാൽ നൃപാലമണി നിന്നു പരം നടന്നു-
വെന്നാൽ നടന്നടന്നിരിയ്ക്കിലൊന്നിരുന്നും
നന്നായ് ജലം പശു കുടിച്ചിടുകിൽ കുടിച്ചു-
മന്നായതിന്റെ നിഴൽപോലെ നടന്നു പിമ്പേ. 6

ചിഹ്നങ്ങൾ കൈവിടുകിലും നിജരാജലക്ഷ്മി-
തന്നംഗദീപ്തിമികവാലറിയിച്ചു മന്നൻ
ചിഹ്നം മദാംബു പൊഴിയാതകമേ മദംകൊ-
ള്ളുന്നാഗ്ഗജത്തലവനെന്നതുപോലെയായി. 7

ആ രാജമൌലി ചെറുവള്ളികൾകൊണ്ടു കേശ-
ഭാരം മുറുക്കി തൊടുവില്ലു കുലച്ചു കാട്ടിൽ
ക്രൂരാടവീമൃഗശമത്തിനിതെന്നു തോന്നു-
മാറാണ് ചരിഞ്ഞു മുനി ഗോഭരണച്ഛലത്താൽ 8

ചൊല്ലാളുമപ്‌വരുണതുല്യനകമ്പടിക്കാ-
രില്ലാതെയന്നരികിലുള്ള മരങ്ങളെല്ലാം
വല്ലാതെയുന്മദമെഴും വിഹഗവ്രജത്തിൻ-
നല്ലാരവപ്പൊലിമയാൽ ജയശബ്ദമോതി. 9

ധന്യാനിലപ്രിയസഖപ്രതിമാഭയുള്ളാ-
മാന്യാവനീശനരികത്തണയുന്നനേരം
വന്യാഞ്ചിതക്കൊടികൾ കാറ്റിലുലഞ്ഞു ഖൈയര-
കന്യാജനപ്പടി നറുംമലർ തൂകിനിന്നു. 10

വില്ലേന്തിയാലുമകമേ കനിവുള്ളതായി-
ക്കില്ലേശിടാത്ത കരൾ ചൊന്ന തദീയഗാത്രം
ചൊല്ലേറിടുന്ന പിടമാനുകൾ നോക്കി നേത്രം
തെല്ലേറെ നീണ്ടതിന തക്ക ഫലത്തെ നേടി. 11

സല്ലീനമായ്ത്തുളയിലാകെ നിറഞ്ഞ കാററാ-
ലുല്ലീഢമാം മുളയൊലിശ്രുതിചേൎന്നാകെ
വല്ലീഗൃഹത്തിൽ വനദേവതമാർകൾ പാട്ടു-
ചൊല്ലീടുമാ നിജ യശസ്സുമവൻ ശ്രവിച്ചു. 12

ചോലത്തളിക്കുളർജലത്തെരി ചേൎന്നു, വൃക്ഷ-
ജാലത്തിലാട്ടുമലരിൻമണമേററു കാററും
ഭൈവല്യത്തൂതൻകുടവെടിഞ്ഞുവലഞ്ഞധൎമ്മ-
ശീലത്വശുദ്ധതരനാമവനെബ്ഭജിച്ചു. 13

തീരെശ്ശമിച്ചു മഴയെന്നിയെയും ദവാഗ്നി
പാരം മികച്ചു ഫലപുഷ്പസമൃദ്ധിയൊത്തു
സാരം കുറഞ്ഞതിനൊട്ടേറിയജന്തുവാറീ-
ലാരക്ഷിതാവടവിയിങ്കലണഞ്ഞിടുമ്പോൾ. 14

ദിക്കൊക്കെയും ഗതിവരാൽ ശുചിയാക്കിയന്തി-
യോടക്കുമ്പോഴേയ്ക്കു നിലയത്തിനു യാത്രയായി
തൻകോമളത്തളിരൊളിത്തുടവണ്ണമാൎന്നോ-
രക്കന്റെ ശോഭയുമൃഷിപ്രവരന്റെ പയ്യും. 15

ശ്രാദ്ധാതിഥിക്രിയകൾ യാഗമിവയ്ക്കു വേണ്ടോ-
രാധേനുവിന്റെ പിറകേ നടകൊണ്ട ഭൂപൻ
ആദ്ധാൎമ്മികാളിമതനാൽ വിധിയൊത്ത സാക്ഷാൽ
ശ്രദ്ധയ്ക്കു തുല്യത കലൎന്നവളും വിളങ്ങി. 16

കൂട്ടത്തൊടും കിടികൾ നീർച്ചളിവിട്ടൊഴിച്ചും
നോട്ടം മയിൽപ്പുരിഷപാപ്പ്. മരത്തിൽവെച്ചും
ചുട്ടററ പുൽനിരയിൽ മാനുകൾ ചേൎന്നുമാകെ
മട്ടൊന്നിരുണ്ടടവി കണ്ടു നടന്നു ഭൂപൻ. 17

പോറാൻ തുടങ്ങുമവിടാന്നുവിടെക്കടിഞ്ഞിൽ-
പ്പേറാന്ന പയ്യുമുതലിന്റെ കനം നിമിത്തം
പേരാളുമൂഴിപനുമഖിലമാം നടപ്പാൽ-
പ്പാരാതെ തദാശ്രമപഥത്തെയലങ്കരിച്ചു 18

തിണ്ണം വസിഷ്ഠപശുവെത്തു വനത്തിൽ നിന്നീ-
വണ്ണം വരും വരനെയന്നിമക്കൂട്ടിടാതെ
ഉണ്ണാതെ കണ്ടുപവസിച്ചു വിധത്തിലുള്ള
കണ്ണാലെ കന്നൽമിഴിയാളധികാദരം നുകർന്നു. 19

കെല്പുള്ള ഭൂപനിവഴിയ്ക്കു പുരസ്കരിച്ചു-
മപ്പോളം നൃപന്റെ മഹിഷിയാളതിരേറുമൊന്നും
അപ്പയ്യുവക്കു നടുവേ ദിനരാത്രിമദ്ധ്യ-
ത്തില്പോലെ സന്ധ്യയുടെ മാതിരിയായ്വിളങ്ങി. 20

ക്ഷീരാഢ്യയാമവളെയന്നു വലത്തുവെച്ചു
നേരായ്വണങ്ങി വിമലാക്ഷതപാത്രമേന്തി
ആ രാജ്ഞിയർച്ചനകഴിച്ചിതു കാര്യസിദ്ധി-
ദ്വാരാഭമാം വിപുലശൃംഗയുഗാന്തരത്തിൽ. 21

നിന്നേററ പൂജയവൾ കുട്ടിയെയോർത്തു വെമ്പു-
മന്നോരവും കനിവൊടന്നവർ നന്ദിയാർന്നു
മന്നോത്തരം തെളിവു ചേർക്കതിലാത്തരക്കാ-
ക്കാണേശിയാൽ ഫലമതിന്നിഹ മുമ്പിലല്ലോ. 22

ദാരങ്ങളൊത്ത ഗുരുവിൻകഴൽ നിർജ്ജിതാരി-
വീരൻ വണങ്ങിയഥ സാന്ധ്യവിധിയ്ക്കു ശേഷം
ദൈവപരം കറന്നതിനു പിമ്പു കിടന്ന പയ്യിൻ-
ചാരത്തു പിന്നെയുമണഞ്ഞിതുടൻ ദിലീപൻ. 23

ചാരത്തുവെച്ചു ബലിദീപകമോടൊത്ത പയ്യിൻ-
ചാരത്തു വാണവളുറങ്ങവെയൊന്നുറങ്ങി
ആ രക്ഷിതാവു ദയിതാസഹിതൻ പ്രഭാത-
നേരത്തുണൎന്നവളെണീയ്ക്കുയ്യണൎന്നീറവ: 24

ഈവണ്ണമുണ്ണിയുള്ളവാസ്സതവാൻ വ്രതത്ത-
ബ്ഭാവജ്ഞയാം മഹിഷിയൊത്തു സമാചരിയ്ക്കെ
മാൽ വാച്ചുവക്കു തുണയായ് പുകൾകീൎത്തിയെഴാത്ത-
ബ്ഭ്രൂവല്ലിമന്നൊരെഴുമൂന്നു ദിനം കഴിഞ്ഞു. 25

പിറേറന്നു തന്നനുചരന്റെ മനസ്സുമെല്ലാം
തെറേറണിടാതറിയുവാൻ മുനിഹോമധേനു
അററതമൎത്ത്യനടികത്തിയൊലിച്ചിളംപു-
ല്ലേററം മുളച്ച ഹിമവൽഗ്ഗുഹയിൽ കടന്നു. 26

ആലോനഹിംസ്രനിരകൾക്കു മനസ്സുകൊണ്ടും
ദുൎദ്ധൎഷയെന്ന ചലശോഭകൾ നോക്കിനില്ക്കെ
പൃത്ഥ്വീമണാളനറിയാതൊരു സിംഹമോടി-
യെത്തിക്കരുത്തൊടവളെപ്പിടികൂടിപോലും. 27

ആകന്ദരത്തിലുതമാററൊലി ചേൎത്ത ചൈത-
ന്നാക്രന്ദമൊന്നു കടിഞാണു പിടിച്ചു മട്ടിൽ
ചിക്കന്നു ദീനജനരക്ഷകനാം നൃപന്റെ-
യാക്കണ്ണു മാമലയിൽനിന്നു തിരിച്ചണച്ചു. 28

ആച്ചോരപ്പൂഴം പശുവിലപ്പട്ടവില്ലന്തുക
കാരച്ചോര കേസരിയിരിപ്പതടുത്തുകണ്ടു
വാച്ചോര ധാതുമയശൈലമുകൾപ്പരപ്പിൽ-
പ്പൂച്ചേററി പൂത്തു ലവർ ങ്ങിങ്ങിയെഴുന്നപോലെ. 29

പഞ്ചാസ്യഗാമി രിപുമർദ്ദനനാശു വധ്യ-
പഞ്ചാസ്യനിഗ്രഹവിധിയ്ക്കു ശരം ശരണ്യൻ
അഞ്ചാതെ തൂണിയതിൽനിന്നു വലിച്ചെടുപ്പാൻ
ചെഞ്ചോളിടും പരിമളാലകചൻ തുടർന്നു. 30

എയ്‌വതിന്നൊരുങ്ങിടുമവന്റെ, നഖാംശുകങ്ക-
പത്രത്തിലേററ വിശിഖക്കടയിങ്കലായി
സക്തങ്ങളാം വിരൽകളൊത്ത വലത്തുകയ്യു
ചിത്രത്തിലാണില കറിച്ചതുപോലെ നിന്നു. 31

സ്വാന്തം കരം തടകയാൽ ചൊടി മൂത്തു ചാരേ
ഹന്താപരാധിയൊടടുക്കണയാത്ത തന്മഹസ്സാൽ
വെന്തുള്ളെരിഞ്ഞു വിഷമിച്ചിതു രാജവീരൻ
മന്ത്രൗഷധങ്ങളുശിർ നിർത്തിയ പാമ്പുപോലെ. 32

തന്മട്ടിലത്ഭുതമെഴും ഹരിവിസ്മയാമ-
സ്സന്മാന്യമാനവവരനെ മനുഷ്യവാക്കാൽ
ചെമ്മേ മഹാത്ഭുതമുയർത്തിയുരച്ചുകൊണ്ടാ-
നമ്മുഖ്യധേനുവിനെ, യന്നു പിടിച്ച സിംഹം. 33

പോരും നൃപാലക! തവ ശ്രമമെന്റെ നേർക്ക്
പാരുഷ്യമോടു ശരമെയ്യിലുമില്ല കാര്യം
വേരും പറിച്ചു തരു വീഴ്ത്തിടുമാറു കാറ്റിൽ-
ച്ചേരുന്നൊരുഗ്രത മലയോടു നടക്കയില്ല. 34

എമ്പോറ്റി വെള്ളമലയായൊത്ത വൃക്ഷത്തിലേറീ-
ടുമ്പോൾച്ചവിട്ടി മുതുകിന്നു വിശുദ്ധി തന്നോൻ,
അമ്പോടറിഞ്ഞിടുക, ശങ്കരകിങ്കരൻ ഞാൻ
കുംഭോദരാഖ്യനവനീന്ദ്ര! നികുംഭതുല്യൻ. 35

വീക്ഷിയ്ക്കൂ മുന്നിലെഴുമീയൊരു ദേവതാര-
വൃക്ഷം വൃഷാങ്കനിതിനെസ്സുതനാക്കിവെച്ചു
സാക്ഷാൽഗ്ഗുഹാംബികയിൽനിന്നിതു ഹേമകുംഭ-
വക്ഷോജനിസ്സൃതപയോരസമാസ്വദിച്ചു. 36

കാട്ടാനയൊന്നു ചൊറിയും കവിളിട്ടുരച്ചു
പൊട്ടുന്നിതിൻതൊലിയടർത്തിതു പണ്ടൊരിയ്ക്കൽ
ദുഷ്ടാസുരാസ്ത്രനിരയാൽ മുറിവാർഗ്ഗുഹനെ
പൊട്ടൊന്നഴംവിധമതോർത്തുഴൽപൂണ്ടു ഗൌരി. 37

അന്നേമുതൽക്കു വനഹസ്തിഭയത്തിനായി-
ട്ടെന്നെഗ്ഗിരീശനിവിടെഗ്ഗിരിഗഹ്വരത്തിൽ
തിന്നാനതിന്നരികിൽ വന്ന മൃഗങ്ങളെക്കൊൽ-
കെന്നേവമോതിയൊരു കേസരിയാക്കിനിർത്തി. 38

കൈവശ്യമാംപടി വിശപ്പിവനും നമുക്കി-
ന്നീവർണ്ണമിങ്ങു ശിവകല്പിതകാലയോഗാൽ
ദൈവകനാരി രുധിരപാരണതൃപ്തി നൽകു-
മാവെൺകലേശസുധ രാഹുവിനെന്നപോലെ. 39

പൊയ്ക്കൊൾകിനിത്തിരികെ നാണമൊഴിച്ചു, കാട്ടി-
ലേക്കിന്നു നീ ഗുരുവൊടുള്ളൊരു ശിഷ്യഭക്തി
കാട്ടേണ്ടതായ മുതൽ കാപ്പതിനായുധത്താ-
ലാകായ്കിലായുധമെടുത്തവനില്ലിളപ്പം. 40

ഇത്ഥം മഹാപടുത പൂണ്ട മൃഗാധിരാജ-
നത്തവ്വിലോതിയതു കേട്ടു നരാധിരാജൻ
അസ്ത്രം തടുത്തതു മഹേശശക്തിയാണെ-
ന്നോർത്തങ്ങു തന്നിലെയവജ്ഞയവൻ കളച്ചു. 14

നന്നായി വച്ചുകമറിവാൻ മുനിയെഗ്ഗിരീശൻ
തന്നോക്കിനാൽ ച്ചലനമേററാത്ത വല്ലിപോലെ
അന്നാഢ്യമായ് ശരമയസ്ഥലവതിൽത്തരസ്ഥം
വന്നാന്നൃപൻ ഹരിയൊട്ടുത്തരവും പറഞ്ഞു. 42

ഒന്നായ് മൃഗേശചരി തരിമ്പുമനങ്ങുമാറ് വ-
യ്യെന്നായി ഞാൻ പറയുമാമൊഴി ഹാസ്യമാകും
എന്നാകിലും പരമനോഗതമൊക്കെയും നീ
നന്നായ്ധരിയ്ക്കുമതിനാലിതു ചൊൽവതാണേ. 43

നാനാജഗത്തുകൾ ചമച്ചു കാത്തഴിയ്ക്കു-
മോനാശ്ശിവൻ മമ സദാ ബഹുമാന്യനെന്നാൽ
ഞാനാഹിതാഗ്നി ഗുരുവിൻമതലും നശിയ്ക്കു-
മാനായ്ത്തുടങ്ങുവതിനെങ്ങിനെ കണ്ടതില്ലും? 44

വായ്ക്കും വിശപ്പുമുഖശാലിവനുള്ള മെയ്യാൽ-
പ്പോക്കന്നതിന്നു പരമങ്ങു കഴിഞ്ഞിടേണം
പയ്ക്കുട്ടിയോടു പകൽ പോവതു പാർത്തു പാർത്തു
പാക്കും മുനിപ്രവരധേനുവ വിട്ടയയ്ക്കൂ. 45

എന്നോതുമത്പതിയോട്, ഗുഹയ്ക്കകത്തു
ചെന്നോരിളെട്ടുരദരശ്മികളാൽ നറുക്കി
ഒന്നോതിനാൻ പുരഹരാനുചരൻ തദാനീം
വന്നോരു പുഞ്ചിരിയൊടും പുനരിപ്രകാരം. 46

ഗാത്രാഭനല്ല നവയൌവനമെങ്ങുമേക-
ച്ഛത്രാധിപത്യമിവയൊക്കെയുമുണ്ടു നിങ്കൽ
ഗോത്രാണമൊന്നിതിന്നുച്ഛമതിന്നിതൊക്ക-
ഗ്ഗോത്രാപതേ! കളകിലങ്ങാണു വിഡ്ഢിതന്നെ. 47

No. 4090

ഭ്രാന്താനുകമ്പയതിനാലിതിനാശയെന്നാൽ
നീതാൻ മരിയ്ക്കിലൊരു പയ്യിനു രക്ഷ കിട്ടും
വീതാമയം പ്രജകളെജ്ജനനാഥ! കാക്കാം
താതൻകണക്കനിശമിങ്ങിടലോടിടാഞ്ഞാൽ. 48

മാടിങ്ങിതൊന്നഥ മരിച്ചതുകൊണ്ടു കോപം
കൂടിക്കൃശാനുസമനാം മുനിതാൻ കയർത്താൽ
പേടിച്ചിടേണ്ട കുടമൊത്തകിടുള്ളനേക-
കോടിപ്പശുക്കളെ മുനിയ്ക്കു കൊടുത്തുകൂടേ? 49

ഭോജ്യങ്ങളാസ്ഥിവിധിമംഗളമൊക്കെയാരീ നി-
ന്നൂർജ്ജസ്വലാംഗമതിനാൽക്കളയായ്കെടോ നീ
പൂജ്യസ്വരൂപമാർന്നസുരനാഥപുരിയ്ക്കുമൂല്യ-
രാജ്യത്തിനും മഹിതൊട്ടുന്നതു തന്നെ ഭേദം. 50

ഏവം പറഞ്ഞു മൃഗരാജനടങ്ങിയപ്പോ-
ഴാവമ്പെഴും ഗുഹയിൽ മാറ്റൊലിയെല്ലുയാലേ
ഭൂവല്ലഭപ്രവരനോടതുതന്നെ കന്നും
ഭാവം തെളിഞ്ഞഥ പറഞ്ഞതുപോലെ തോന്നി. 51

ദേവന്റെ ഭൃത്യനരുളും മൊഴി കേട്ടു മർത്ത്യ-
ദേവൻ ദിലീപനവനോടു പറഞ്ഞു വീണ്ടും
ഗോവമ്പരന്ന ഹരിയിൽബ്ഭയമാർന്നു നോക്ക-
ബ്ഭാമാംബകന്റെ ദയയൊന്നു ചൊല്ലിന്നഴന്നോൻ. 52

ക്ഷത്രശബ്ദമതിനാം ക്ഷതമേററിടാതെ
രക്ഷിയ്ക്കയെന്നു ഭുവി വിശ്രുതമൊക്കിലർത്ഥം
അക്ഷത്രവൃത്തിയെ വെടിഞ്ഞപകീർത്തി ചീർത്തോ-
രിക്ഷത്രിയന്നുലകുമന്തിനിന്നി? 53

ആ മാമുനിയ്ക്കു ചില പശുക്കളെ വേറെ നൽകീ-
ട്ടീ മന്യു പോക്കുവതിനെങ്ങനെ സാദ്ധ്യമാകും?
സാമാന്യയോ സുരഭിയൊടൊത്തൊരിപ്പയ്യി, തങ്ങാ-
ണ്ടോമാങ്കൾക്കതിമികവാലിവളെപ്പിടിച്ചു. 54

ഇപ്പയ്യിനെപ്പകരമെന്നുടൽതന്നുടൻ മേ-
ടിപ്പാനെനിയ്ക്കിയലുമിക്കൊതി വേണമെന്നല്ലോ
തല്പാരണയ്ക്കു തടവില്ലിതിനാൽ മുനിയ്ക്കു
കെല്പാർന്ന തൻക്രിയകളും ശരിയായ് നടത്താം. 55

അങ്ങയ്ക്കുമിന്നിതറിയാം പറവാൻ ഭവാനു-
മിങ്ങല്പമല്ല പണിയിത്തരു കാക്കുവാൻ തേ
തങ്ങാംകൊത്രനമന്നയാതൊരു വസ്തു കാപ്പാ-
നിങ്ങാക്കിയോനയത്തു വിട്ടുന്നയാവതാണോ? 56

കൊല്ലേണ്ടതല്ലിവനതായെന്നു ഭവാൻ നിനയ്ക്കിൽ-
തെല്ലേറെ നീ കരുതിയുകെന്റെ യശശ്ശരീരേ!
അല്ലേ മൃഗേന്ദ്ര! കരളിൽക്കൊതി മദ്വിധന്മാ-
ർക്കില്ല നശിയ്ക്കുമൊരു ഭൗതികമായ മെയ്യിൽ. 57

സംഭാഷണത്തിലുളവാവതമെന്നു കേൾപ്പൂ
സംബന്ധമായതു ഭവിച്ചു നമുക്കു കാട്ടിൽ
സംബന്ധിയാകുമിവനിൽ പ്രണയം കെടുപ്പാൻ
സാംബാനുഗപ്രവര! നിയ്യു തുനിഞ്ഞിടല്ലേ! 58

'ആവട്ടെ'യെന്നു പറയും പൊഴുതേ കരത്തി-
നാ വന്നടപ്പെന്ന തടവാകെയൊഴിഞ്ഞു വേഗം
ഭൂവിൻപ്രിയൻ നിജവപുസ്സു ഹരിയ്ക്കു ശസ്ത്രം
കൈവിട്ടു മാംസകബളപ്പടി കാഴ്ചവച്ചു. 59

അത്തവ്വിലേ കൊടിയ സിംഹനിപാതമോൎത്തു
വക്ത്രം നമിച്ചുഴമിളാതിതൻശിരസ്സിൽ
വിദ്യാധരപ്പുരിഷരങ്ങിനെ കൈകളാലേ
വൃത്യാം പൊഴിച്ചു പുതുപൂമഴ വന്നധീശം. 60

നീയുണ്ണി! നിന്നിരെഴുന്നേല്ക്കുകയെന്നു കണ്ണ-
പീയൂഷമായ മൊഴികേട്ടെഴുന്നേറ്റു മന്നൻ
ചെയ്യുന്ന പാലുടയപയ്യിനെ മാതൃമട്ടിൽ-
ക്കയ്യോടു കണ്ടിതു, മൃഗേന്ദ്രനെയില്ലതാനും. 61

ആ വിസ്മയിച്ച നൃപനോടരം ചൊല്ലിനിന്നാം-
പ്പൂവിങ്ങു കാണ്മതിന്നിതെന്നുടെ മായ സാധോ!
ആവില്ല മൃത്യുവിന്നുമെന്നിൽ മുനിപ്രഭാവാൽ-
ക്കൊന്നെയ്യുവാനിതരജന്തുവിനെന്തു പിന്നെ? 62

ചേലാൎന്ന ഭക്തി ഗുരുവിൽക്കനിവെന്നിലീമ-
ട്ടാലിന്നു ഞാൻ മുദിതയായി വരം വരിക്ക
പാലൊന്നുമല്ല മമ പുത്ര! പരം പ്രസാദി-
ച്ചാലൊന്നുമില്ലിവൾ തരാൻ കഴിയാത്തതായി. 63

പ്രാൎത്ഥിച്ചിതപ്പൊഴവളെത്തൊഴുതാശു മാനി-
താൎത്ഥിവ്രജൻ വിപുലവീൎയ്യനമഴം ദിലീപൻ
കീൎത്തിക്കൊരാറമണയാതെ കുലം നിലയ്ക്കു-
ന്നിത്തീട്ടമുണ്ണി നിജ രാജ്ഞിയിലുത്ഭവിപ്പാൻ. 64

പുത്രാൎത്ഥിയാം നൃപനൊടങ്ങിനെ നന്ദിനിയെന്നു
തത്രാശ്രിതശ്ശുഭവതിയാമവളേററു പിന്നെ
പാത്രത്തിലെന്നുടയ പാലു കറന്നെടുത്തു
പുത്ര! ക്ഷണം നുകരുകെന്നവളോടുരച്ചു. 65

കുട്ടിസ്സു, ഹോമമതി, നീവാരകങ്ങൾ മുമ്പിൽ-
ക്കൂട്ടിക്കൊണ്ടന്നൃഷിയോടറിയിച്ചുമമ്മേ!
പാട്ടിൽബ്ഭരിച്ചവനിതൻമുതലാറിലൊന്നു
കിട്ടിബ്ഭുജിപ്പൊരുവിധംതവ പാൽ കുടിപ്പാൻ. 66

ഇത്ഥം ക്ഷിതീശനറിയിച്ചു വസിഷ്ഠധേനു-
വത്യന്തനന്ദി കലരുന്നവളായ് ചമഞ്ഞു
പൃഥ്വീധരേന്ദ്രനുഗമിച്ചവളൊത്തു പിന്നെ-
യെത്തീ തിരിച്ചു വിഗതശ്രമമാശ്രമത്തിൽ. 67

ആരാജമൗലി ഗുരുവോടഥ ഹർഷചിഹ്നം
ധാരാളമാസ്യമതിലായവർതൻപ്രസാദം
നേരായ് പ്രസന്നശശിനേർവദനൻ ഗ്രഹിപ്പി-
ച്ചാരാഞ്ഞിതോട്ടു പുനരങ്കതനിലസ്ഥരച്ചു 68

വത്സൻ കുടിച്ചു മുനി ഹോമമതും കഴിഞ്ഞു
സത്സമ്മതൻ മുനിവരന്റെയനുജ്ഞ വാങ്ങി
ഉത്സാഹമോടു പശുതന്നുടെ പാലുമമൃ-
ണ്ടാസ്സാന്ദ്രമായ പുകൾപോലെ നൃകന്ദകാണ്ഡൻ. 69

നോൽമ്പിന്റെ പാരണ കഴിഞ്ഞളവേ വസിഷ്ഠൻ
മുമ്പിൽപ്പുറപ്പെടവിനുള്ളൊരു മംഗളങ്ങൾ
അമ്പിൽകഴിച്ചു വശി ദമ്പതിമാരെയേറ്റും
വെമ്പിച്ചിടാതെ നഗരത്തിനു യാത്രയാക്കി. 70

ഉത്താപസൻ, ഹുതഹുതാശ, നരുന്ധതീ ക-
ണ്ടത്താർന്നൊരു പയ്യിവരെയന്നു വലത്തുവെച്ച്
ആനന്ദരം മുനി മുറയ്ക്കു കഴിച്ച മംഗ-
ളത്താൽ പ്രഭാവമികവാർന്നരചൻ തിരിച്ചാൻ.

ശ്രോത്രാഭിരാമരവമാർന്നിളകാതെ സൌഖ്യം
ചേർത്താ മനോരഥമൊടൊത്ത രഥത്തിലേറി
അത്യാദരം വഴി കടന്നിതു ധർമ്മപത്നി-
യൊത്താസ്സഹിഷ്ണുത കലർന്ന ദിലീപഭൂപൻ. 72

കാണായ്കയാൽക്കൊതി മുഴുത്തു പരം വ്രതത്താൽ
ക്ഷീണാംഗനാമവനെയക്ഷികളാൽജ്ജനങ്ങൾ
ചേണാർന്നുദിച്ച പുതു ചന്ദ്രനെയെന്നപോലെ-
ക്ഷീണാദരത്തൊടു നുകർന്നിതു തൃപ്തിയെന്ന്യേ. 73

ഇന്ദ്രാഭനായ് പ്രജകളൊടൊത്തതിരേററ ഭൂപ-
നന്നാപ്പതാകയണിയുന്ന പുരത്തിലെത്തി
നന്നായ് ഭുജംഗവരനുള്ളതുപോലെ ശക്തി-
നാന്നാബ്ഭുജേ ധരണിഭാരമണച്ചു വീണ്ടും. 74

ദ്യോവിഷ്ടമത്തൊടുമത്രിനേത്രജനിത-
ജ്ജ്യോതിസ്സുമഗ്ഗംഗ, തീ-
ക്കൈവിട്ടീടിനമാരാത്രിനേത്രജലസ-
ത്തേജസ്സുമേന്തുംവിധം
ഭൂവിൽബ്ഭൂപകുലേ വിഭൂതി വരുവാ-
നാരാജ്ഞി താൻ ലോകപാ-
ലാവിർഭൂതമഹാപ്രഭാവമിയലും
ഗർഭം ധരിച്ചീടിനാൾ. 75

(൨-ാംസർഗ്ഗം കഴിഞ്ഞു)

# മൂന്നാം സൎഗ്ഗം.

വരനവരവട്ടത്തുള്ളിഷ്ടരായ് തോഴിമാൎക്കാ-
നിറമുടയ നിലാവായ്, നല്ലൊരിക്ഷ്വാകുവംശേ
സരസമരിയസന്താനത്തിനുള്ളൊരു വിത്തായ്
സരസിജമുഖി പിന്നെഗ്ഗൎഭചിഹ്നം ധരിച്ചു. 1

തളരുമുടലിലേറെബ്ഭൂഷയില്ലാതെ വക്ത്രം
വിളറിയരിയപോലെച്ചാററിയുൾക്കനേരാസ്ഥരാംഗി
വളരുമണിമതിശ്രീപോലെസ്സുളപ്പാടൊട്ടുത്തു-
ള്ളളവുഡു, കുറവാകും രാത്രിയെപ്പോലെയായി. 2

അവളുടെയൊരുമണ്ണിൻഗന്ധമേന്തും മുഖം മാ-
നവവരനൊളിവിൽ ഘ്രാണിച്ചതേ തൃപ്തിയെന്യേ
ജവമൊടുവിപിനാന്തേ കാണമൽവേനൽക്കൊടുക്കം
നവസലിലമുതിൎത്താപ്പല്വലം കംഭിപോലെ. 3

സുരപുരിഹരിപോലെപ്പാരിതെല്ലാം ദിഗന്തം-
വരയുമരിയതേർ ചെല്ലുന്ന പുത്രൻ ഭുജിക്കും
പരമിതി കരുതീട്ടോ മണ്ണു തിന്മാൻ തുടങ്ങീ
വരമൊഴി രുചി മറെറാന്നിന്നുമില്ലാതെ മുമ്പിൽ? 4

കൊതിയുടെയതു നാണിച്ചെന്നൊട്ടോതില്ല, മോഹം
മതിയതിൽ മമ കാന്തെയ്ക്കെന്തിനെന്നെപ്പോഴും താൻ
മതിസമമുഖിയാം തൻതോഴിമാരോടു നാനാ-
അതിരസമൊടു ചോദിച്ചീടിനാൻ കോസലേശൻ. 5

മതിമുഖി കൊതിതീരെയാടകന്തന്നു ലാളിച്ചുവെന്നാ-
ലതിജവമൊടതെല്ലാമങ്ങു കാണായിവന്നു
ക്ഷിതിവരനു കിടയ്ക്കാത്തൊക്കെയില്ലൊന്നുമേ വി-
ണ്ണതിലുമരിയതായിത്തോട്ട ഞാനെന്നണച്ചാൽ. 6

കുവലയമിഴി ഗൎഭക്ലാന്തി നീങ്ങി ക്രമത്താ-
ലവയവമതിലെല്ലാം പുഷ്ടിയെന്നുല്ലസിച്ചു
അവൾ, പഴകിയപത്രം വീണുപോയിട്ടു നൽപ്പ-
ല്ലവനിരകളണിഞ്ഞിട്ടുള്ള വള്ളിക്കു തുല്യം. 7

ചിലദിവസമിവണ്ണം പോകെ മേററം വളൎന്നാ-
ച്ചലമിഴിമണിയാൾതൻ കൺകുളുക്കും കുചങ്ങൾ
നലമൊടളികൾ ചേൎന്നിട്ടുള്ളതും ഭംഗി തേടും
ജലരുഹമുകുളങ്ങൾപോലെ വിലസ്സിനാളേ. 8

അനഘനിധിപെട്ടം, പാൎപ്പോലെയും നീരകത്തെ-
ത്തിന മഹിതസമസ്തത്ര്യാറിയെപ്പോലെയും താൻ
അനലനകമതിൽച്ചേൎന്നാശ്ശമീവൃക്ഷമൊത്തു
ജനപതിവരനന്തൎവ്വത്നിയാം പത്നിയാളെ. 9

അവനിപനവളോടുള്ളിഷ്ട,മേറെയായ്മാൎജ്ജി-
ച്ചവധി വെടിയുമാസ്സത്തുള്ളിലേറും പ്രമോദം,
ഇവകളുടെ വലിപ്പത്തിന്നു ചേരുംവിധം പും-
സവനവിധിമുഖങ്ങളീട്ടുള്ള കൎമ്മങ്ങൾ ചെയ്തു. 10

സുരവരരുടെയംശം ചേൎന്നൊരുഗ്ഗൎഭമൊന്നാ-
ത്തരളനയന ഭാരം ബുദ്ധിമുട്ടീട്ടെണീറ്റു
വരനുടെ പതിവിങ്കൽ കൈകൊണ്ടണഞ്ഞാൻ കുഴങ്ങും
പരവശനില കണ്ടിട്ടൂഴിപൻ ഖേദമെന്നാ. 11

വിരുതു ശിശുചികിത്സായ്ക്കേറിടും വൈദ്യരിഷ്ടം-
പെരുകിയുചിതമാകും ഗർഭരക്ഷയ്ക്കു നിരന്നു
അരവയർമണിയാളെപ്പേറടുത്തിട്ടു കണ്ടു
പുരുരസമൊടു കാന്തൻ കാറെഴും വാനുപോലെ. 12

സതിയഥ മറയാതുള്ളോരു പഞ്ചഗ്രഹോച്ച-
സ്ഥിതിയറിവു തരും നൽഭാഗ്യമുള്ളുണ്ണിതന്നെ
മതിമുഖി ശചിയാകും രാജ്ഞിയാൾ പെററു കാലേ-
ക്ഷതിവിട്ടൊരമിതാർത്ഥം ശക്തി മൂന്നാൽ കണക്കെ. 13

അന്നുപൊഴുതു തെളിഞ്ഞു ദിക്കു നൽക്കാററു വീശി
കത്തുകയൊടഥ ഹവ്യം തീ വലം ചുററിവാങ്ങി
അത്തലററുമേരയ്ക്കുംമട്ടിലായ് തീർന്നിതെല്ലാം
പൊതുവിലുപചിതിയ്ക്കായത്തരക്കാർ ജനിപ്പൂ. 14

അരിയൊരു ശിശുവീററില്ലത്തിലുള്ളോക്കിടയ്ക്കു-
യ്ക്കരികിലഖിലമൊത്തും തന്റെ തേജസ്സിനാലെ
പെരിയനിറമകന്നിപ്പാതിരയ്ക്കുള്ള കത്തും
തിരികളൊക്കെ പടത്തിൽച്ചേർത്ത ചിത്രത്തൊടൊത്തു. 15

അഥ സുതനുളവായെന്നമ്മവീട്ടിൽച്ചരിപ്പോർ
നവസുധയൊത്തവാക്കോതുമ്പൊഴത്തമ്പുരാനോ
ധവളശശിയൊടൊക്കും ഛത്രമാച്ചാമരം ര-
ണ്ടിവകളൊഴികെയെല്ലാമേകിടാവുന്നതായി. 16

സുതനുടെ സുമുഖമന്നക്കാററുകൂട്ടാത്ത ചെന്താ-
രിതൾവടിവിലനങ്ങാതുള്ള കണ്ണാൽക്കുടിയ്ക്കും
ചിതമൊടു മതിയെക്കണ്ടബ്ധിപൂരം കണക്കെ
ദ്രുതമരചനൊതുങ്ങാതായി സന്തോഷമുള്ളിൽ 17

മുനിപെരിയ പുരോധസ്സാശ്രമം വിട്ടു വന്നാ-
ക്കനിവൊടു കുറവെന്യേ ജാതകർമ്മം കഴിച്ചു
ഖനിയതിലുളവായിച്ചാണമേൽ തേച്ച രത്നം
തനിയെ വിലസിടുംപോലുണ്ണിയേറെത്തിളങ്ങി 18

പല കളത്തുകവാദ്യങ്ങൾക്കമൊളൊച്ച വേശ്യാ-
ലലനകളതിമോദാൽ ചെയ്തിടും നൃത്തമോടും
അലമരചഗൃഹത്തിൽ തന്നെയല്ലന്നു വാനോർ
വിലസുമമരവഴിയ്ക്കും കൂടെയുണ്ടായിവന്നു 19

തടവിയലൊരുവനില്ലാ രക്ഷിതാവിന്നു മോദം
തടവിവിടുവതിന്നാക്കുട്ടിയുണ്ടായനേരം
ഉടനവനൃണമൂലം തത്ര താൻ തന്നെയത്യൽ-
ക്കടപിതൃകടമാകും ബന്ധനം വിട്ടൊഴിഞ്ഞു. 20

അറിവിനുടയു,മാ നല്ലർഭകൻ പോരിലൂക്ക-
ള്ളരികളുടെയു,മററത്തോളമെത്തീടുമെന്നായ്
പരിചൊടു ഗമനാർത്ഥം ധാതുവിൽ കണ്ടു പുത്ര-
ന്നരിയൊരു രഘുവാം പേരർത്ഥവിത്തന്നു നൽകി. 21

ധനമെഴുന്ന സമഗ്രപ്പൻ തൻ പ്രയത്നാൽ ശുഭാംഗേ
തനയനവയവങ്ങൾക്കൊക്കെയും പുഷ്ടി ചേർന്നു
ദിനമണിയുടെ ചൈതന്യത്തിന്റെ സംചേർച്ചയാലേ
ദിനമനു കുളിർകട്ടിത്തിങ്കളിന്നെന്നപോലെ. 22

ഹരനുമഗസുതയ്ക്കും സ്കന്ദനാലും, ശചിക്കും
സുരവരനുമിണങ്ങുന്നാ ജയന്താഖ്യനാലും,
കരളലിവതുപോലാമട്ടെഴും മാഗധിയ്ക്കും
ചരണമവരൊടൊക്കും പുത്രനാൽ പ്രീതി ചേർന്നു. 23

പ്രണയമതു വധൂനാംഗങ്ങൾക്കെഴുംപോലെയുള്ളി-
ന്നണയുവതൊരാ പുത്രൻ പങ്കിനായ് ക്രീഡയാലും
ഗുണമുടയവരാർക്കോ പോയതില്ലാട്ടമോർത്താൽ
ക്ഷണസമയവുമന്നല്ലാതതെററം വളർന്നു. 24

ശിരമവർ പറയുംപോലോതിയാലാത്രി തൻ കൈ-
വിരലു ബത പിടിച്ചുംകൊണ്ടു മന്ദം നടന്നും
വിരവൊടവർ പഠിപ്പിച്ചുള്ളവണ്ണം നമിച്ചും
നിരവധി [illegible]ട്ടി ചെയ്തു. 25

തനുവിലമൃതസിക്തംപോലെ മെമ്മെ ചേർന്നിട്ടവോ-
ഴനുപമസുഖമേകീടന്നൊരാകെട്ടിതന്നെ
മനുജപതി നിശ്ശങ്കം ചേർത്തു കണ്ണൊട്ടു ചിമ്മി-
ത്തനുജതന [illegible] ലറിഞ്ഞു. 26

വിലപെറുകിന ജന്മം ചേതമില്ലാതിനാലെ
കുലമതു നിലനില്പ്പാനെന്നുറച്ചു വരിഷ്ഠൻ
അലഘുഗുണമെഴുന്നോൻ മൂർത്തിഭേദത്തിനാലേ
നലമൊടു തനയാകും സൃഷ്ടിവേധസ്സുപോലെ. 27

പടുമതി രഘു ചൌളാന്തത്തിലുള്ളോത്ത ചഞ്ചൽ-
ക്കുടുമയുടയ മന്ത്രീന്ദ്രാത്മജന്മാരൊടൊപ്പം
നെടുപുഴവഴിയേ പോയ് സിന്ധു ചേരുന്ന മട്ട-
ന്നൊടു ലിപി വഴിയേ പോയ് വാങ്മയത്തിൽ കടന്നു. 28

പരിചിലുപനയിച്ചോരാഗ്ഗുരു പ്രീതിമാനെ-
പ്പെരിയ ഗുരുവരന്മാർ വിദ്യയിൽ ശിക്ഷ ചെയ്തു
അരിയമഫലമായില്ലപ്പണിപ്പാടവങ്ങൾ-
ക്കുരിയെ വിലസുമല്ലോ വേല പാത്രത്തിലായാൽ. 29

ചതുരുദധികളൊക്കും വിദ്യ നാലും ക്രമത്തിൽ-
ച്ചതുരമതിഗുണത്താൽ ബുദ്ധിമാൻതാൻ കടന്നു
അതുലജവമതിൽക്കാറ്റേററമേറെയുള്ള പച്ച-
പ്പുതുകുതിരകളാലേ ദിക്കു സൂര്യൻകണക്കേ. 30

രുരുവിന്നുടയമേധ്യത്തോലുമിട്ടച്ഛനോട-
ന്നുരുബലനിഷുവെല്ലാം മന്ത്രപൂർവം ഗ്രഹിച്ചു
വിരുതെഴുമൊരു സമ്രാട്ടന്നതാലല്ലവൻതൻ-
ഗുരുഭുവി കിടയില്ലാധന്വിയും കൂടിയല്ലോ. 31

പെരിയ വൃഷതയേല്ക്കും കുട്ടിയാംകാളപോലെ
കരിവരനില കയ്ക്കൊള്ളുന്ന കൊച്ചാനപോലെ
അരിയ രഘു ശിശുത്വം വിട്ടു ഗാംഭീര്യമേററം
ചൊരിയുമൊരഴകേറും യൌവനത്തിൽക്കടന്നു. 32

ഗുരുവവനഥ ഗോദാനത്തെ നന്നായ്ക്കഴിപ്പി-
ട്ടുരുരസമൊടു ചെയ്തു പുണ്യവൈവാഹകർമ്മം
ഇരുൾകളയുമൊരസ്സന്നാഥനായ്ച്ചേർന്നു ചേലൊ-
ത്തൊരു നൃപസുതമാരോ ദക്ഷകന്യാഭ നേടി. 33

നുകമെതിർകൊണ്ടു കയ്യും വാതിലിന്നൊത്ത മാറും
തികവുടയ കഴുത്തും ചേർന്ന താരുണ്യശാലി
മികവിയലിന മെയ്യാലച്ഛനെത്താഴ്ത്തിയാലും
മകനഥ വിനയത്താൽത്താഴെയായ്ത്തന്നെ നിന്നു. 34

പെരിയൊരു ജനകക്ഷ്മാഭാരമൊട്ടേറനാളാ-
സ്സുചിരമൊടു വഹിച്ചീടുന്നതല്പം കുറപ്പാൻ
അറിവു ഗുണമിവറ്റാൽത്താഴ്മ കണ്ടാസ്സനാ-
യരിയൊരിളയരാജാവെന്ന പേർ നല്കി മന്നൻ. 35

ഉലകുടെ പെരുമാളാം മൂലഗോത്രത്തിൽനിന്നു-
ജ്ജ്വലഗുണരതി തേടും ശ്രീദയാരംഭത്തിനാലെ
നലമൊടിളമരയന്നാസ്ഥാനമെത്തി, ക്ഷീരനോ-
ല്ലുലമലരിലൊരബ്ജത്തിങ്കൽനിന്നെന്നപോലെ. 36

അനലനനിലയോഗം സൂതനാലെന്നപോലെ
ദിനമണി മുകിലെല്ലാം നീങ്ങാലെന്നപോലെ
ജനപതിയവനാലേ ദുർവ്വിഷഹ്യതാപമേന്തി
പുനരലംഘ്യമമ്പോടാലെ നല്ലാനപോലെ. 37

നരവരസുതൻ ചെന്നാ നല്ല വില്ലാളിതന്നെ-
ത്തുരഗമരണമേല്പിച്ചിട്ടു യാഗങ്ങൾ പിന്നെ
നരപതി ശതയജ്ഞന്നോർത്തവൻ വിഘ്നമെന്യേ
തരമൊടൊരു തൊണ്ണൂറ്റൊമ്പതമ്പോടു ചെയ്തു. 38

ത്തുരഗമതിനെ നൂറാമതാം യാഗത്തിലബ്ഭ്രു-
വരനഥ തടവെന്യേ വിട്ടയച്ചോരു നേരം
പരമതിനെ ഹരിച്ചു ഗൂഢമായിട്ടു ശക്രൻ
രണമതിലെഴും വില്ലാളിമാർ നോക്കിനിൽക്കെ. 39

പരവശതയൊടൊന്നും ചെയ്യുവാൻ തോന്നിടാതാ-
നരവരസുതസൈന്യം വിസ്മയം പൂണ്ടു നിന്നു
സരസിജഭവപുത്രൻ തന്റെ പേർ കേട്ട പയ്യും
സരസമെവിടെനിന്നോ ചെന്നിതത്തിക്കിലപ്പോൾ. 40

സുജനമണി ദിലീപക്ഷോണിപാലാത്മജൻ വാ-
രിജഭവസുതഗോവിന്റുള്ള ഗോമൂത്രതീർത്ഥം
നിജമിഴിയിലൊഴിച്ചാനപ്പൊഴേ മറ്റു മർത്ത്യ-
ർക്കജമിഴി വിഷയതാപം വിട്ടതൽക്കാഴ്ച കണ്ടു. 41

സുരവരരിപു തേരിൻ രശ്മിയാൽ കെട്ടിയിട്ടി-
ട്ടരമിടയിടെ മൂക്കും മുഷ്ടി സൂതൻ വിലക്കി
തുരഗമതിനെ മർത്ത്യേന്ദ്രാത്മജൻ കണ്ടു കുന്നിൻ-
ചിറകരിയൊരു ദേവൻ കൊണ്ടുപോകുന്നതായി 42

ഹരിഹയനിര കണ്ടും തെല്ലുമേ കൂട്ടിടാതു-
ള്ളരിയമിഴി സഹസ്രം കണ്ടുമങ്ങാളറിഞ്ഞു്
ഹരിയൊടു ചൊല്ലുവാനം ചേന്ന ധീരസ്വഭാവത്താൽ
ചരിതമഥ പറഞ്ഞു പിന്തിരിപ്പിച്ചുമാറായ്. 43

അരിയൊരു മഖഭാഗം വാങ്ങുവാക്കാര്യനാണെ-
ന്നറിവുടയവർ ചൊല്ലീടുന്ന ദേവേന്ദ്ര നിത്യം
ശരിയെ യജനമെന്നും ചെയ്യുമെന്നസ്പുനള്ളാ-
പ്പെരിയ പണിയിലെന്തിന്നങ്ങിടങ്കോലിടുന്നു? 44

യജനവിമതരെ ശ്രീ ദിവ്യചക്ഷുസ്സു ചേരും
ത്രിജഗദധിപനാം നീതാനടക്കേണ്ടതല്ലോ
നിജ നിലയതു വിട്ടങ്ങീവിധം നന്മ ചെയ്യും
സുജനരൊടു വെറുത്താൽ കർമ്മമെല്ലാം നശിച്ചു. 45

പെരിയ മഖമതിൻ നല്ലംഗമാമീഹയത്തെ-
ത്തിരിയെ വിടുകവേണം നീയതാത്മാനുജർകോമനേ.
അരിയ നിഗമമാർഗ്ഗം കാട്ടുവോരീശ്വരന്മാ-
രറിക മലിനമാർഗ്ഗം ഹന്ത! ചെയ്യുമാറുള്ളതില്ല. 46

വഴിയെ ചൊല്ലിവിവണ്ണം ചൊന്ന ഗംഭീരമാകു-
മൊഴിയെയമരനാഥൻ കേട്ടുടൻ തേർ തിരിച്ചു്
വഴിയുമൊരമിതാശ്ചര്യ്യത്തോടും വീര്യസാരം
പൊഴിയുമവനൊടേവം ചൊല്ലുവാനും തുടങ്ങി. 47

നരവരസുത! നേരാണിന്നു നീ ചൊന്നതെന്നാൽ-
പ്പുരഹരിഭവമമന്യേ കീർത്തിമാൻ കീർത്തി കാക്കും
സരസമുലകിൽ മിന്നും മദ്യശസ്സാകെ നീക്കാൻ
തരമിഹ യജനത്താൽ നിൻപിതാവോർത്തിടുന്നു. 48

പരമപ്പുരുഷനെന്നാൽകേവലം വിഷ്ണുവത്രെ
സ്മരവിമഥനനേകൻതന്നെയല്ലോ മഹേശൻ
വരശതമഖനെന്നാണെന്നെയും ചൊൽവു യോഗീ-
ശ്വരരിതരരിൽ ഞങ്ങൾക്കുള്ളൊരീ നാമമില്ല. 49

അറിയണമതിനാൽനിന്നച്ഛനുള്ളീഹയത്തെ-
പ്പെരിയ കപിലനെപ്പോലുള്ള ഞാൻ കൊണ്ടുപോന്നു
അരിയുമതിനു യത്നിക്കേണ്ട കാൽ വെച്ചിടൊല്ലേ
പരിചൊടു സഗരൻതൻമക്കൾ പോയോരു മാർഗ്ഗേ. 50

അതിനു ഹരിയൊടായിപ്പിന്നെയും പേടി വിട്ടും-
ദ്ധൃതിയൊടു ഹയപാലൻ താൻ ചിരിച്ചൊന്നുരച്ചു
മതിയതിലിതുറപ്പാണെങ്കിലോ വില്ലെടുക്കു
കൊതി തവ രഘു തോററീടാതെ സാധിയ്ക്കയില്ല. 51

ഉടനിതി മഘവാനോടോതിയാലീഢമാം പേ-
ടയനിലയിൽ മേല്പോട്ടെയ്യുക താൻ നോക്കിനിന്നു്
അടലിനിഷു ശരാസേ ചേർത്തു ശോഭിച്ചിതപ്പോ-
ഴുടൽമികവു മഹേശനൊടൊത്തോരാ രാജപുത്രൻ. 52

വിരവൊടു രഘുവിട്ടോരപ്പൊന്നണിഞ്ഞമ്പു ചെന്ന-
ത്തുജഗവസമൊടു തട്ടി ക്രുദ്ധനാം ഗോത്രഭിത്തും
ചെറുതിട പുതുകൊണ്ടൽച്ചിഹ്നമാകുന്ന വില്ലിൽ-
പ്പുരുഷമൊടു തൊടുത്തു ലാക്കു തെറ്റാത്ത ബാണം. 53

അന്നുവരെയസുരേന്ദ്രന്മാർ മാത്രം കുടിച്ചു-
ള്ളതു വിപുലദിലീപാപത്യവക്ഷസ്സിലേറി
പ്പുതുനരരുധിരത്തെപ്പണ്ടു കിട്ടാത്തതെന്നോ-
ർക്കുതുകമധികമാർന്നിട്ടെന്നപോലെ കുടിച്ചു. 54

ശചിയെഴുതിയ പത്രക്കീററരുളമരാവതത്ത-
സ്സുചിരമഴകൊടൊട്ടിപ്പാടുമുള്ളിന്ദ്രഹസ്തേ
ശ്ശുചിഭവസമവീര്യം ചേരുവോരാക്കുമാരൻ
രുചിരതര നിജപ്പേരുള്ളൊരമ്പൊട്ടു കേററീ. 55

അവനഥ ശിഖിപിഞ്ഛരം ചേർന്നോരമ്പാലമത്ത്യ-
പ്രവരനുടയിടിത്തീവൻകൊടിക്കോലറുത്തു
അവനിലവധിയില്ലാക്കോപമാർന്നു സുരശ്രീ
നവകബരിയരിഞ്ഞാലെന്നപോലിന്ദ്രനപ്പോൾ. 56

അമരമനുജസൈന്യം കണ്ടുകൊണ്ടന്തികം ചേ-
ന്നമരമളവിൽ മാനത്തേയ്ക്കുമിപ്പാരിലേയ്ക്കും
സമരവിജയലോഭാൽ പക്ഷമോടൊത്ത സപ്പോ-
പമശരമവർ തൂകി ഘോരമായ്പ്പോരടിച്ചു 57

ത്തുരഗ്ഗുരയുടനെയും ബാണവർഷത്തിനാലേ
വിരതതൊടു രഘുവിന്നുള്ളുഗ്രതേജസ്സടക്കാൻ
മരുദധിപതിയാളായീലതാൻ താൻ ജനിപ്പി-
ച്ചൊരു ദഹനനെ നീരാൽവാരിവാഹംകണക്കെ. 58

ഉടനഥ ഹരിതൻ ചെഞ്ചന്ദനാങ്കപ്രകോഷ്ഠേ
കടയുഗമൊരു കടൽക്കോളുൽക്കടാരാവമോടും
സ്ഫുടമലറിന വിൽ ഞാണർദ്ധചന്ദ്രാസ്ത്രമാമ-
മ്പടലിലടവിലൊന്നസ്ത്രന്നറുത്തു കുമാരൻ. 59

ഹരിയുമെരിയുമാംകോപത്തോടാവില്ലുപേക്ഷി-
ച്ചരിയൊരരിയെയൂക്കാലസ്ത്രമാക്കാനൊരുങ്ങി
പെരിയ ഗിരികുലയ്ക്കും ക്രൂരനാം പക്ഷമത്തി-
ശ്ശുരികയെയരിയുവോരാശ്രീ ചുഴന്നസ്ത്രമന്ധി. 60

ഉരസി പരമതേററാനെസ്സൈനികാശ്രുക്കളോടും
ധരണിയിലഥ വീണാനാ ദിലീപന്റെ പുത്രൻ
അരക്ഷണത്തൊടിയിടക്കൊണ്ടാപ്പീഡയും വിട്ടെണീററാൻ
കരളിന കുളിരോലും സൈനികാഘോഷമോടും. 61

ചിരമതുസമയത്തും ഘോരശസ്ത്രപ്രയോഗാ-
ലുരപെരുകിന മാററാർമട്ടിൽ നില്പോരവന്റെ
കരബലമഹിമാവൽ വൃത്രദ്വിട്ടും തെളിഞ്ഞു
വരഗുണഗണമെങ്ങും കാമ്യ വെച്ചീടുമല്ലോ. 62

ഗുരുഗിരികളിലും ചെന്നേറുമീയെന്റെ ശസ്ത്രം
പുരുഷവൃഷ! സഹിച്ചിട്ടില്ല നീ വിനാരതാൻ
കരുതിടുക തെളിഞ്ഞു ഞാൻ തുരംഗത്തെ വിട്ടെ-
ന്തൊരുവരമിഹ നീ കാംക്ഷിപ്പതെന്നാൻ സുരേന്ദ്രൻ. 63

വിരലുകൾ കമ്പും ഖശ്രീയമിഞ്ഞീടുമാറായ്
വരശരധിയിൽനിന്നൊട്ടു നീയോരസ്ത്രമപ്പോൾ
സരസമധുരവാക്യം കേട്ടടക്കാതടക്കി-
സ്സുരവരനൊടു ചൊന്നാനന്തരം രാജപുത്രൻ. 64

വിടുക വിഷമമാണശ്വത്തെയെന്നാൽ മഖം തീ-
ർന്നിടുകിലതിൽ ദീക്ഷാശുദ്ധനാമെന്റെ താതൻ
[illegible]ടുകളവ്യ വിടാതെ തൽഫലത്തെബ്ഭുജിച്ചു-
[illegible]മോട്ടു കണ്ടുകമിയന്നീടാൻ [illegible] ഗ്ഗമാക്കൂ. 65

ശതമഖ! മഖശാലയ്ക്കുള്ളിലെന്നല്പ്പനീശാം-
ശങ്ക കലശകപാലപ്രാപ്യനാസ്സാഗ്രമൂലം
ദ്ധൃതദയമവിടെയ്ക്കുഞ്ഞാളെയൊന്നിന്നയച്ച-
ത്ഭുതചരിത! ധരിപ്പിയ്ക്കേണമീ വൎത്തമാനം. 66

പരമവനൊടതാവാക്കമെന്നമെറ്റോതി വിണ്ണോ-
ക്കരവനഥ രഥസ്ഥൻ വന്നപാടെ ചിരിച്ചു
നരവരമഖശാലയ്ക്കായ്ത്തിരിച്ചപ്പുകഴിയേറെ-
ക്കളിന്നു തെളിവെന്ന്യേ മാറ്റധീസൂനുമാനം. 67

അവനിപതിവരിഷ്ഠൻ പാർത്ത മുൻകൂട്ടിയാവാ-
നവവരനുടെ ദൂതൻ ചൊൽകയാലുൾപ്രമോദാൽ
ജവമൊടു ജഡമാകും പാണിയാൽ, വജ്രമേറ്റു-
ള്ളവനുടെ മുറിവേറും മേനി മെല്ലെത്തലോടി. 68

ഇതുവിധമതുലാജ്ഞാശക്തിയുള്ളാനൃപൻ ചെ-
യ്തിതു മഖമൊരു തൊണ്ണൂറ്റൊമ്പതന്നമ്പർതുല്യൻ
കുതുകമൊടുടൽ വിട്ടാര സ്വർഗ്ഗമേറുന്ന കോണി-
പ്പുതുപടികൾ പരം തീർത്തിട്ടതോയെന്നപോലെ. 69

തദനു വിഷയവ്യാമോഹം വിട്ടവൻ നൃപചിഹ്നമാം
സിതതരമഹാച്ഛത്രം പുത്രന്നു നൽകി യഥാവിധി
സഹദയിതയോടുംകൂടിക്കാട്ടിൽത്തപസ്സിനുപോയി വൃ-
ദ്ധതയിലിതു താൻ ക്ഷമാപാലർക്കുള്ള കുലവ്രതം. 70

(൩ ാം സർഗ്ഗം കഴിഞ്ഞു)

# നാലാം സൎഗ്ഗം.

—:o:—

ധരാതലം താതനൊടേററു വാങ്ങി-
ച്ചൊരാമഹീഭൃത്തധികം വിളങ്ങി
ഖരാംശുവോടന്തിയണഞ്ഞനേരം
വരാഭ വാങ്ങീടിന വഹ്നിപോലെ. 1

ധരാധിപത്യം രഘുവിൽദ്ദിലീപൻ
നിരാകുലം ചേൎത്തതു കേൾക്കയാലെ
നരാധിപന്മാൎക്കകതാരിലഗ്നി
പുരാ പുകഞ്ഞുള്ളതെരിഞ്ഞമട്ടായ്. 2

ഹരിദ്ധ്വജത്തിന്റെ നിലയ്ക്കുവന്നു-
ള്ളൊരിന്നവാഭ്യുന്നതിയെജ്ജനങ്ങൾ
വിരിഞ്ഞകണ്ണാൽത്തലപൊക്കിനോക്കി-
ശ്ശരിയ്ക്കു നന്ദിച്ചിതു മക്കളോടും. 3

അമാനമാകുഞ്ജരഗാമിയൊപ്പം
സമാക്രമിച്ചാനിഹ രണ്ടുകൂട്ടം
ക്ഷമാധിപൻ, സൎവ്വവിരോധിനാട്ടും
സുമാന്യപിത്ര്യാസനവും തദാനീം. 4

നിറഞ്ഞ നൽച്ഛായയിതിന്നകത്തന്നു
പറഞ്ഞ പത്മക്കുടകൊണ്ടു താൻതാൻ
മുറയ്ക്കു മന്നോർവരനെബ്ഭജിച്ചു
മറഞ്ഞുനിന്നാമലർമങ്കപോലും. 5

അനല്പമാഹാത്മ്യഗുണങ്ങളാകെ വന്ദി-
ജനങ്ങളിൽസ്സന്നിധി ചെയ്തുകൊണ്ടു്
അനർഗ്ഘ്യനെബ്ഭാരതിതാനമർത്ഥം
കനത്ത നാനാസ്തുതിയാൽബ്ഭജിച്ചു. 6

അനന്തമുന്നം മനുതൊട്ട മന്ന്യ-
രനന്തമോടേറെ ഭുജിക്കിലും താൻ
മനംതെളിഞ്ഞാരവനിങ്കലന്യ
ജനത്തൊടാത്തുള്ളനമട്ടിലന്യ 7

കരത്തുക്കൂട്ടം ചെറ്റു വിട്ടുവീഴ്ച
വരത്തിടാതായതൊത്താര ശക്തിയാലെ
പൊരുത്ത ശീതോഷ്ണത വിട്ടൊരർക്കൻ-
മരുത്തുപോലുഗ്രപ്രതാപമാക്കി. 8

പിതാവിലുൾക്കണ്ടഗുണാതിരേകാൽ
പ്രതാപവാൻ തൽപ്രജകൾക്കു താഴ്ത്തീ
നിതാന്തമാമ്രത്തിലെഴും ഫലം പൂ-
വിതാനസൽക്കാന്തിയിലെന്നപോലെ. 9

നയജ്ഞത കാണിച്ചു ഗുണാഗുണങ്ങ-
ളിയന്നതൊപ്പം, നവഭൂപനപ്പോൾ
പ്രിയംഗുണം ചേർന്നതിലുത്ഭവിച്ചു
സ്വയം നൃപൻ മററതു സന്ത്യജിച്ചു. 10

ഗുണങ്ങളാ നല്ലൊരു പഞ്ചഭൂത-
ഗണങ്ങളിൽക്കൂടിയുടൻ വളർന്നു
ക്ഷണം നൃപനെന്നവിധം നവത്വ-
മിണങ്ങിയെല്ലാററിനുമെന്നതൊന്നും. 11

പ്രതാപമൂലം തപനന്നു ചന്ദ്ര-
നതാന്തമാഹ്ലാദകതാകകൊണ്ടും
അതായിതേപേർ, ജനരഞ്ജനാൽമ-
ട്ടതായി രാജാവവനും തദാനീം. 12

പെട്ടാ വലിപ്പത്തൊടെഴുന്ന കാര്യ-
ത്തൊട്ടുംപെടിയ്ക്കീക്ഷണയുഗ്മ, മെന്നാൽ
അടുത്തു കാര്യങ്ങൾ മുറയ്ക്കു കാട്ടി-
ക്കൊടുത്തിടും ശാസ്ത്രമവന്നു നേത്രം. 13

ഒരത്താലലന്ന്യ നിജ നാടകളി-
ക്കരസ്ഥമായോരവനെബ്‌ഭജിപ്പാൻ
തരത്തിലങ്ങെത്തി സരോരുഹാങ്ക-
ശരത്തു രണ്ടാം നൃപലക്ഷ്മിപോലെ. 14

പൊഴിഞ്ഞ നീരാൽക്കനമററ വെള്ളം
കഴിഞ്ഞ മേഘം വഴി വിട്ട വേഗം
ഒഴിഞ്ഞവാളം തപനന്നുമേറി
വഴിത്തിന്നൊപ്പം ദിശി വൻപ്രതാപം. 15

സുരാധിപൻ വാർഷികവില്ലു വെച്ചു
നരാധിപൻ ജൈത്രധനുസ്സെടുത്തു
ധരാസുഖത്തിന്നിവർ മാറി മാറി-
ശ്ശരാസനം കയ്യിലെടുക്കുമല്ലോ. 16

ശരത്തുപത്മം കുടയാക്കിവെഞ്ചാ-
മരത്തിനാപ്പൂത്തൊരു കാശമാക്കി
അരത്തിൽ നോക്കീട്ടുമവന്റെ ലക്ഷ്മി
കരസ്ഥമാക്കാൻ കഴിയാതെയായിന്നു. 17

പ്രസാദമുഗ്ദ്ധം നൃവരാസ്യമിപ്പോൾ
പ്രസാദിതാച്ഛപ്രഭനിന്ദുവെന്നായ്
രസാധിപേന്ദ്രങ്ങളിൽ നിന്നു തുല്യ-
രസാന്വിതപ്രീതി ജനാക്ഷി നേടി. 18

മരാളജാലങ്ങളുഡുക്കളാമ്പൽ-
സ്സരോജിതാംഭസ്സിവയെന്നിവയെല്ലാം
നരാധിനാഥന്റെ യശോവിഭൂതി
നിരാമയം ചിന്നിയപോലെ തോന്നും. 19

കരിമ്പുതൻഛായയിൽ നെല്ലു കാവൽ-
ക്കിരിക്കുമാരക്ഷകനാൽഗ്ഗുണങ്ങൾ
ശരിക്കു ബാല്യംമുതലൊക്കെയും വി-
സ്തരിച്ചു നല്ലാർനിരയങ്ങു പാടി. 20

ജലം തെളിഞ്ഞൂ ഘടജോരുതേജ-
സ്സലംവിളങ്ങുന്നതുകൊണ്ടുമൂലം
കലങ്ങി വല്ലാതരിഭൂതിശങ്കാ-
കലുഷമെന്നും രഘുവൈരിചിത്തം. 21

വളർന്നുമിന്നുന്ന കകുത്തൊടൊത്തു
കിളർന്നു കുത്തിപ്പുഴവക്കശേഷം
വിളർന്നു മദാതിക്രമമാർന്നുകാള-
ങ്ങളുന്നിടാതന്നഥ കേളിയാടി. 22

മദത്തിനൊത്താമണമൊത്ത സപ്ത-
ച്ഛദദ്രുമത്താരിലസൂയകൊണ്ടോ
മദത്തൊടത്താദ്ദ്വിരദോത്തമന്മാർ
മദത്തെയന്നേഴുവഴിക്കൊഴുക്കി. 23

നിരത്തുണർക്കിസ്സുഖമാംസരിത്തിൽ-
ത്തരത്തിൽ നീർ താഴ്ത്തി നൃപൻ പിന്നെ
കരത്തിനൊത്തുള്ള കരത്തിലേറെ-
ശ്ശുരത്തു യാത്രയ്ക്കു രസം വളർത്തി. 24

തുരംഗനീരാജനയിങ്കൽ ജ്വലനോദ്ധ-
ന്നരം ജയം നല്ല ഹുതാഗ്നിദേവൻ
പരം വലം ചുററി വളൎന്നനാള-
ക്കരങ്ങളെ [illegible] ക്കൊടുത്തു. 25

പുരത്തെയും കോട്ടകളെയുമപ്പിൻ-
പുറത്തെയും കാത്തഥ ദിഗ്ജയാർത്ഥം
പുരത്രയാരിപ്രതിമൻ ശുഭേന
പുറത്തു ഷഡ്വിധസൈന്യമോടെത്തിറങ്ങി. 26

വയസ്സു കൂട്ടും പുരനാരിമാരും-
പ്രിയത്തൊടൂട്ടും മലരന്നവങ്കൽ
പയഃകണം മന്ദരചാലിതോൎമ്മി-
ചയം സപദ്യം ദുഗ്ദ്ധാബ്ധിയിലെന്നപോലെ. 27

സുരാധിപന്നൊത്തവനാദ്യമിന്ദ്ര-
വരാശനോക്കിത്തരസാ തിരിച്ചു
അൎക്കിമാൎക്കംബ്ദയേമേററമേററു-
ന്നോരാവിധത്തിൽക്കൊടികാററിലാടി. 28

അനന്തരം സ്യന്ദനധൂളിയാലും
ഘനത്തൊഴും മത്തഗജങ്ങളാലും
അനന്തവാരിൻവിധമാക്കി പാരി-
നിതാന്തമാ വാനിനെപ്പോലെയാക്കി. 29

പ്രതാപമാദ്യം, ധ്വനി പിറന്നു, രേണു-
വിതാനമാൎന്നിന്നൊപ്പൊ,ട്ടുവാം രഥാദി,
ഇതാകുമോ നാലു വിഭാഗമെന്നു
നിതാന്തമോക്ഷംപടി സേന പോയി. 30

കരത്തിനാൽക്കരത്തി കുളം ക്ഷിതീശൻ
മരുസ്ഥലത്തിൽ,പ്പെരുതാം സരിത്തിൽ
പൊരുത്തു പാലം പണിയിച്ചു, വെട്ടി
വരുത്തിവേഗം വെളിവും വനത്തിൽ. 31

നടത്തിനാൻ വമ്പടയെക്കിഴക്കേ-
ക്കടൽക്കവൻ, പണ്ടു ഭഗീരഥാഖ്യൻ
ഇടയ്ക്കു നില്ക്കാതൊഴുകും ഹരന്റെ
ചിടയ്ക്കകത്താപ്പുഴയെക്കണക്കെ. 32

സ്ഫുരൽഫലംവിട്ടടിതെറ്റിയോരോ-
തരം തരം കെട്ട നരേന്ദ്രരാലെ
പരം തെളിഞ്ഞു രഘുവിന്റെ മാൎഗ്ഗം
മരങ്ങളാൽഭഗ്നിതരന്റെപോലെ. 33

ജിതാരിവീരൻ രഘു പൂൎവ്വദിക്കി-
ലതാതുദേശങ്ങളതിക്രമിച്ചു്
നിതാന്തനീലം പല താലജാല-
വിതാനമൊക്കും കടൽവക്ക ചേൎന്നു. 34

നമിച്ചിടാത്തോരുടെ വേർ പറിച്ച-
ക്രമിച്ചവൻ സിന്ധുരയം കണക്കേ
ഗമിച്ചതിൽസ്സംഹരസൂക്ഷം കാത്തു
ഭ്രമിച്ചുടൻ വേതസവൃത്തിയാലേ. 35

ചെറുത്ത കപ്പൽപ്പട ചേർന്ന ഗർവ്വു
കെടുത്തെഴും വംഗരെ വെന്നു പിന്നെ
കരുത്തനാ നായകനും ജയത്തൂൺ
തുരുത്തിലായ് ഗംഗയിൽ നീളെ നാട്ടി. 36

നിലം തൊടുംമാറു കുനിഞ്ഞു പാദ-
മലർക്കു കൂപ്പിക്കളമങ്ങൾപോലെ
ഫലങ്ങൾകൊണ്ടാരഘുവെബ്ഭജിച്ചാ-
രലം തദാ വംഗർ പറിച്ചുനട്ടോർ. 37

പരം സസൈന്യം കപിശയ്ക്കു തീർത്ത
കരിച്ചിറകെട്ടു കടന്നു പിന്നെ
വരോല്ക്കലന്മാർ വഴി കാട്ടിയബ്ഭൂ-
വരൻ കലിംഗോർവ്വിയിലേയ്ക്കു പോയി. 38

മഹേന്ദ്രമാടിൻമുടിതന്നിൽ മന്നിൻ-
മഹേന്ദ്രനേററി കൊടുതാം പ്രതാപം
സഹേലമാധോരണനങ്കുശത്തെ
മഹേഭലോകത്തലവന്റെ പോലെ. 39

ബലാൽക്കലിംഗൻ ഗജമേറിയബ്ഭൂ-
വലാരിയോടേററു ശരം പൊഴിച്ചു
വലാരിപക്ഷം കളവാൻ വരുമ്പോൾ
ശിലാചയത്താൽഗ്ഗിരിയെന്നപോലെ. 40

അരാതിവർഷം ശരദുർദ്ദിനം മാൽ-
വരാതെ കാകുൽസ്ഥനവൻ സഹിച്ചു്
നിരാമയം മംഗളമജ്ജനം ചെ-
യ്തോരാവിധത്തിൽ ജയലക്ഷ്മി നേടി. 41

പടജ്ജനം പാനനിലങ്ങൾ കുന്നിൻ-
തടത്തിലായ്ത്തീർത്തഥ കേരമദ്യം
ഉടൻ തദാ വെററിലയാൽക്കുടിച്ചു
പടന്ന ശത്രുപ്പുകഴന്നപോലെ. 42

പടുതപമേറും രഘുധർമ്മശീല-
നടത്തെടുത്താശു പിടിച്ചുവിട്ട്
കൊടുത്തു നാടന്നു മഹേന്ദ്രനാഥ-
ന്നൊടുത്തിങ്ങാത്തധനമൊന്നു മാത്രം. 43

കിഴക്കിവണ്ണം ജയമാർന്നു ഭൂപൻ
കുഴക്കമെന്യേ കടൽവക്കിലൂടെ
തഴയ്ക്കുമാക്കായ്ച്ച കഴുങ്ങു തിങ്ങും
വഴിയ്ക്കുപോയ് ദക്ഷിണദിക്കു നോക്കി. 44

നിലച്ചിടാതഗ്ഗജദാനഗന്ധം
പുലന്ന സേനാപതിഭോഗമൂലം
ഉലഞ്ഞ കാവേരിയെയാഴിശങ്ക
കലർന്നു നോക്കംപടിയാക്കി മന്നൻ. 45

ജയത്തിനേററം വഴിപോയ കീർത്തി-
പ്രിയന്റെ സൈന്യം കുറെയൊന്നിരുന്നു
വിയർപ്പടക്കാൻ, മരിചേ വിഹങ്ങ-
ചയം കളിയ്ക്കും മലയാദ്രിമൂലേ. 46

ചവിട്ടിയശ്വങ്ങൾ പൊടിച്ചു പൊങ്ങി-
ജ്ജവത്തൊടേലാഫലജാലചൂർണ്ണം
അവർണ്ണ്യമായ്ത്തുല്യസുഗന്ധമാന്നോ-
രവന്റെ മത്തേഭകടത്തിലെത്തി. 47

പുളച്ചുണിച്ചങ്ങലയും മുറിച്ചു-
കളഞ്ഞിടും ദന്തികൾ ചന്ദനത്തിൽ
വളഞ്ഞു ചുററീട്ടഹി ചേർത്ത പാടിൽ-
ത്തളച്ച കററക്കയറിന്മേൽ നിന്നു. 48

കരക്കരുത്തുററു കരന്നമാട്ടു
കുറയ്ക്കുമദ്ദക്ഷിണദിക്കിലും താൻ
മുറയ്ക്കു കാട്ടും രഘുവിൻപ്രതാപം
തിരക്കിടും പാണ്ഡ്യർ സഹിച്ചതില്ല. 49

വണങ്ങി വെൺമുത്തുകൾ താമ്രപർണ്ണീ-
യണഞ്ഞെഴും സിന്ധുവിലുള്ളതെല്ലാം
കണക്കുകൂടാതവനായ് സ്വകീർത്തി-
കണക്കുടൻ ചെന്നവർ കാഴ്ചവച്ചു. 50

അടച്ചുമാലേയമെഴും തടാശാ-
ഘടസ്ഥനദ്വന്ദ്വമിതെന്നമട്ടിൽ
കിടന്നിടും ചന്ദനദർദ്ദുരാദ്രി-
തടങ്ങൾ ചെന്നങ്ങു സുഖിച്ചു പിന്നെ. 51

നരാധിപൻ കാന്തതൻ ചേല നീങ്ങും-
ധരാനിതംബപ്പടി സിന്ധു നീങ്ങി
നിരാമയം കണ്ടാശു നല്ല സഹ്യ-
ധരാധരത്തെബ്ബലവാൻ കടന്നു. 52

തടുത്തുടൻ കൊങ്കണരാജ്യജയിപ്പാ-
നടുത്തിടും തൽപ്പട കടന്നുവെന്നാൽ
കടുത്ത രാമാസ്ത്രമകററുമബ്ധി-
യടുത്തു സഹ്യാദ്രിയൊടെന്ന തോന്നും. 53

ഭയത്തിനാൽക്കേരളിമാർ വിഭൂഷാ-
ചയത്തെ വിട്ടന്നളകത്തിൽ വീരൻ
ജയത്തെ നേടും പടയാളിമാര-
ങ്ങുയർത്തിയോരാപ്പൊടി ചൂർണ്ണമാക്കി. 54

സ്വയം ലസൽക്കേതകസൂനരേണു-
ചയത്തെയന്നാമലയാസമീരൻ
പ്രയത്നമെന്ന്യേ പടവാസമാക്കീ
പ്രിയത്തൊടന്നാബ്ഭടകഞ്ചുകത്തിൽ. 55

കടന്നശോകന്ന ഹയങ്ങൾ തന്മേ-
ലിടുന്ന ചാട്ടയ്ക്കുഴമാസ്സ്വനത്താൽ
കിടന്ന കാററത്തുലയും കഴങ്ങെ-
ററിട്ടുന്നോരാശ്ശബ്ദമറിഞ്ഞതില്ല. 56

നിരക്കെയീന്തൽത്തരുവിൽത്തളച്ചു-
ള്ളോരഗ്ഗജത്തിന്മദഗന്ധി ഗണ്ഡ
പരം പ്രസ്രമാലത്തൊട്ടു ച്യുതം പുന്ന-
മരങ്ങൾ വിട്ടാബ്ഭ്രമരങ്ങൾ ചേന്നു. 57

ഇരന്നരാമന്നവിടം കൊടുത്തു
പരന്ന വാരാശി, ദിലീപജന്നോ
കരന്നലത്തോടപരാന്തഭൂപാ-
ലരെന്ന നാട്യത്തൊട്ടുടൻ കൊടുത്തു. 58

കരക്കെത്തങ്ങു കരീന്ദ്രർ കത്തി-
പ്പുരം പിളർന്നുള്ള പതക്കിനാലേ
നിരന്ന ശാണം മൊട്ടതാം ത്രികൂട-
മരം ജയത്തൂണിന്ന തത്ര നിത്തി. 59

കരയ്ക്കുവൻ പോയഥ പാരസീക-
വരക്കു വല്ലാത്തൊരു കോലി ചേർപ്പാൻ
മറയ്ക്കു തത്വംവഴിയിന്ദ്രിയാരി-
നിരയ്ക്കു നേരമ്പററാത്ത യോഗിപോലെ. 60

ധരാധിനാഥൻ യവനീമുഖേന-
ല്ലൊരാസവച്ഛ്വാപ്പു സഹിച്ചതില്ല
വരാംബുജെ നല്ലിളവെയിലു, കാലം-
വരാതെഴും വാരിദമെന്നപോലെ. 61

ഹയങ്ങളേറും രിപുസേനയോടു
ഭയം വരുംമാറടലാടി ഭൂപൻ
ഉയൎന്നിടും ധൂളിയിൽ നല്ല ശാർങ്ഗ-
ചയപ്രണാദാലുടനാളറിഞ്ഞു്. 62

ശരത്തിനാൽ ബ്ഭൂപനറുത്ത മീശ-
പെരുത്തെഴും മ്ലേച്ഛശിരസ്സമൂഹം
നിരത്തി തേനീച്ച നിറഞ്ഞ കൂട്ട-
പരത്തിടുംമാതിരി പാരിടത്തിൽ. 63

അണഞ്ഞു ശേഷിച്ചവർ തൊപ്പിയൂരി
ക്ഷണം ക്ഷിതീശന്നഥ കീഴടങ്ങി
ഗുണങ്കലന്നോരുടെ കോപമാറാൻ
വണങ്ങലെന്ന്യേ വഴിയില്ലയല്ലോ. 64

നലത്തൊടാ മുന്തിരിവള്ളി ചൂഴം
ശിലത്തു മാന്തോലു വിരിച്ചിരുന്നു്
ചിലത്തിലന്ന്യം ജയമാന്ന ഭൂപ-
ബലത്തിലുള്ളോരഥ വിശ്രമിപ്പാൻ. 65

രസജ്ഞനിന്നൻ വിത്തപടികളിനാത്ത-
രസത്തോടും പോയിനാമെന്നപോലെ
രസം ശരത്താൽ,പ്പുരമംശുവാൽ പോ-
ലസംശയം നേക്ക ഹരിപ്പുകാറംവാൻ. 66

നടന്ന മാൽ പോംപടി സിന്ധുവക്കിൽ-
ക്കിടന്നുരുണ്ടാ നൃപവാജിവൃന്ദം
കടഞ്ഞു ചെങ്കുങ്കമരേണു പാരം
തടഞ്ഞു ചേതമെന്നോരു കേസരങ്ങൾ. 67

സപവിക്രമം കാന്തരിൽ നേക്ക കാട്ടി-
ക്കവിറംക ഹൂണാബലമാക്കശേഷം
അവിക്ഷതം ചോപ്പണിയിച്ചുവോന്നായ്-
വെളിച്ചിതങ്ങാ ഗല്ലുചേഷ്ടിതങ്ങൾ. 68

ളജങ്ങ വീഴ്വും പെട്ടമാനൃപാല-
ളജങ്ങൾ കാംബോജരെ വെന്നമൂലം
ഗജങ്ങളെച്ചേർത്ത് തളച്ച വൃക്ഷ-
വ്രജങ്ങളോടൊത്തവർ മൌലി താഴ്ത്തി. 69

വരാശ്മവൎഗ്ഗത്തൊടു വിത്തമററം-
വരാതെ കാഴ്ചയ്ക്കവർ വെച്ചതെല്ലാം
നിരാമയം ചേരവശത്താത്തു ഗവ്യാ-
നരാധിനാഥങ്കലണഞ്ഞതില്ല. 70

ഉമാഗുരുക്കുന്നതിലേറി പിമ്പാ-
ക്ഷമാമണാളൻ ഹയവാഹനാദ്ധ്യൻ
ഹിമാദ്രി, ധാതുപ്പൊടിയാലെ കൂടം
ക്രമാൽ വളൎന്നുള്ളൊരു മട്ടിലാക്കി. 71

ശരിയ്ക്കു സത്വം കലരും മൃഗേന്ദ്രർ
ഒരിയ്ക്കുകത്താല്പ്പടയൊന്നു കാണ്മാൻ
തിരിയ്ക്കുവോരാസ്യമ,മില്ലവർക്കി-
ത്തിരിയ്ക്കുമേ സംഭ്രമമെന്നു കാട്ടി. 72

തരത്തിലാബ് ഭൂർജ്ജമുലച്ചാരൊച്ച
പരത്തി നൽകീചകനാദമേകി
പെരുത്തു ഗംഗാജലവിന്ദു ചേന്ന
മരുത്തുമാ മന്നവസേവ ചെയ്തു. 73

പരന്ന മേരുത്തണലിൽസ്സുഗന്ധം
പരന്ന കസ്തൂരി കലന്ന കല്ലിൽ
നിരന്നു ചീളെപ്പടയാളിമാര-
ന്നിരുന്നു നന്നായഥ വിശ്രമിച്ചു. 74

തല്ലക്കമുക്കൻസരളദ്രുമത്തിൽ-
ത്തളയ്ക്കുമാച്ചങ്ങല ദന്തിവർഗ്ഗേ
വിളക്കവോരോഷധിയെണ്ണവിട്ട-
വിളക്കതാനായ് നൃപനങ്ങു രാവിൽ. 75

പരിക്ക കററക്കാർ കൊണ്ടു പാററി-
യിരിയ്ക്കുമങ്ങുള്ളൊരു ദേവതാരം
ശരിക്കു പിന്നസ്സുബരക്കവന്റെ
കരിയ്ക്കുഴം പൊക്കവുമാശു കാട്ടി. 76

മുറയ്ക്കുറിഞ്ഞശ്വമടച്ചുടൻ തീ-
പ്പുറക്കമെന്നപ്പതിമേലൊരദ്ധ്യാ
നരക്കുനാഥൻ ഗിരി ചേന്നു തത്ര-
നിരക്കവോരാഗ്ഗണമൊത്തു ചെയ്തു. 77

ശരങ്ങളാലുത്സവപൂർവ്വസങ്കേ-
തരെയ്യജ്ജവാലുത്സവഹീനരാക്കി
കരസ്ഥമായോരു ജയത്തിനെക്കി-
ന്നരർക്ക പാട്ടാക്കി നരർക്കനാഥൻ. 78

ഗുണങ്ങളുള്ളരും നൃപതികൾ കാഴ്ച
ഗണങ്ങളന്നേററമെടുത്തടുക്കെ-
ഇണങ്ങമസ്സാരമറിഞ്ഞു തമ്മിൽ
ക്ഷണം ധരാധീശധരാധരേശർ. 79

നൃപാലനന്നങ്ങിളകാതെത്താരാത്ത-
ന്നപാരവീര്യപ്പുകൾ ചേർത്തിറങ്ങി
ക്ഷപാചരാധീശനലച്ച കന്നിൽ
ത്രപാഭരം ചേർത്തിട്ടമാവിധത്തിൽ. 80

പരം കലർന്നു വിറകാമക്രമേ-
ശപരന്നലെയഷ്ഠിത്ര്യയവൻ കടക്കെ
നിരന്തരം തൽക്കരികളെത്തളച്ചു
നിരന്നകാളാഗരുദാരുവിന്നും. 81

ഇനൻ മറഞ്ഞാമഴയെന്നിയെ ദു-
ർദ്ദിനം വരും തദ്രഥധൂളിപോലും
നിനയ്ക്കിലോ ദുസ്സഹമായവന്നു
മനസ്സിനെന്തോ കഥ സേന ചെന്നാൽ. 82

അടങ്ങിടാതന്യരെ വെല്ലുവോര-
ക്കടങ്ങളും പൊട്ടും കരിവൃന്ദമോടും
ഉടൻ ശമിച്ചായവ, ജിന്ദ്രനേററ
മടങ്ങിയോരാരവലുളവബ്ഭജിച്ചു. 83

അണഞ്ഞു പൊൻപീഠമണിഞ്ഞ ചെൽക്കാ-
ലിണയ്യെഴും ഛായയെയന്നവൻതാൻ
വണങ്ങിയർച്ചിച്ചിതു രത്നപുഷ്പ-
ഗണങ്ങളാലങ്ങൊരു ലോഭമെന്യേ. 84

ഇവണ്ണമാദ്ദിഗ്ജയമാന്ന ജിഷ്ണു-
വവൻ രഥോത്ഥപ്പൊടി വിശ്രമാത്തം
നൃവംശമുത്താക്കുടവിട്ട പൃഥ്വീ-
ധവർക്കെഴും മൌലിയണച്ചുപോന്നു. 85

കൊടുത്തുള്ളതേ ദക്ഷിണവിശ്വജിത്താ-
യിടുംമഖം ചെയ്തഥ വിത്തമെല്ലാം
കൊടുത്തിടാൻ സജ്ജനമന്യവിത്ത-
മെടുത്തിടുന്നു, ജലമംബുദങ്ങൾ. 86

കാകുൽസ്ഥൻ സചിവരൊടൊത്തു പിന്നെ മാനി-
ച്ചാകുംപോലപജയമാൽ നൃപർക്കാഴിച്ച്
മാഴ്കും തൽപ്രിയകളകന്ന കൂട്ടർ നാട്ടിൽ-
പ്പോകുംമാറുടനൊരുമയ്ക്കനുജ്ഞ നൽകീ. 87

പോകുമ്പോൾ, കുട കൊടി വജ്രമെന്ന സമ്രാ-
ട്ടാകുന്നോർക്കെഴമടയാളമുള്ള കാലിൽ
ത്തൂകുംതേൻപൊടികൾ വിരൽക്കുടൻവിളപ്പാ-
ട്ടാകുംമാറവർ മലർചേർന്ന മൌലി ചേർത്തു. 88

(൪-ാം സർഗ്ഗം കഴിഞ്ഞു)

# അഞ്ചാം സൎഗ്ഗം.

കരസ്ഥകനകോച്ചയം വലിയ വിശ്വജിത്തായൊര-
ദ്ധ്വരത്തിലഖിലം കൊടുത്തൊരു ധരേശ്വരൻപുരേ
തരത്തിൽവരതന്തുവാം ഗുരുവിനേകിടേണ്ടും ധനോൽ-
കരത്തിനഥ ചെന്നു വിദ്യകൾ പഠിച്ച കൌത്സൻമുനി. 1

സ്ഫുരൽ കനകപാത്രമററിട്ടകാരണം മൺപാത്രവും
ധരയ്ക്കധിപനർഘ്യമാത്തഴകൊടൊന്നു കയ്യാണ്ടുടൻ
മറയ്ക്കുകരകണ്ടൊരാമുനിയെ നേക്ക് പൂജിക്കുവാൻ
മുറയ്ക്കു വിളികൊണ്ടിട്ടും വിമലശീലനെത്തീടിനാൻ. 2

തനിക്കു മുതൽമാനമായവരിൽ മുമ്പനന്നച്ഛനാം
മുനിയ്ക്കു മുറകണ്ടവൻ മുറപിടിച്ചു ചെയ്തങ്ങിനെ
ജനിയ്ക്കുമുരുഭക്തിയോടുടനിരുന്നതിന്നന്ത്യാഖിലാ-
വനിയ്ക്കുവരനോതിനാൻ തൊഴുതു കൃത്യവിത്തിത്തരം. 3

നിരങ്കുശമിനാങ്കനിഞ്ഞുലകിനെന്നപോലെബ്ഭവാ-
നരങ്കുശമുനയ്ക്കു നേർമതിയെഴും മുനേ! മാനസേ
പരങ്കുശലമേകിടും വെളിവുതന്നൊരാമന്ത്രകൃ-
ദ്വരൻ കുശലിയല്ലയോ മുനിവരൻ ഭവദ്ദേശികൻ? 4

ശരിയ്ക്കുടൽ മനസ്സുവാക്കിവകളാൽ തപം മൂന്നുമാ-
തിരിയ്ക്കിടവിടാതെ ചെയ്തഥ വളക്കുമക്കാരണാൽ
ഹരിയ്ക്കു ഭയമേകുമാമുനിവരന്നു വിഘ്നവ്യയം
തരിയ്ക്കുമണയാതതിന്നയി നടന്നിടുന്നല്ലയോ? 5

ശ്രമങ്ങളൂതിയാൎത്തടം പണികൾതൊട്ടു ചെയ്യേററമാ-
ശ്രമങ്ങളിൽ മകൻെറ മട്ടിഹ വളൎത്തി വേണ്ടുംവിധം
ശ്രമങ്കളുയുമാറെഴും വരതരുക്കൾ വാതാദിയാ-
ലമംഗളമണഞ്ഞിടാതയി വിളങ്ങിടുന്നില്ലയോ? 6

ക്രിയയ്ക്കുടയ ദൎഭയും പ്രിയമിയന്നു തിന്നീടുവാ-
നയ്ക്കുമൃഷിമാൎക്കെഴും മടിയതായ ശയ്യാതലം
മയങ്ങിയഥ പൊക്കിളിൻകൊടിയതിൽ പൊഴിച്ചുംതടം
മയങ്ങി വിലസും മൃഗീശിശുവിനും സുഖംതന്നെയോ? 7

ജലത്തെനിയമം പിതൃക്രിയയിവയ്ക്കുതന്നാവന-
സ്ഥലത്തുവരിയാറിലൊന്നിടുമവാരാമണൽത്തിട്ടോടും
നലത്തൊടു നിരന്തരം വിലസിടുന്ന തീൎത്ഥങ്ങൾ നി-
ൎമ്മലതപമൊട്ടുമില്ലയോ മുനികുലേശപാന്നാശ്രമേ? 8

പഴുത്തവരിനെല്ലുകൊട്ടതിഥിപൂജ നിങ്ങൾക്കെഴും
മുഴുത്തൊരു വിശപ്പടക്കുകയിവയ്ക്കെഴും സാധനം
തൊഴുത്തിലുമിതിന്നു നാട്ടുകളിലുള്ള മാടൊന്നുമി-
പ്പൊഴുത്തമമുനേ! തൊടാതവിടെ നിന്നിടുന്നില്ലയോ? 9

നിരന്തരമകത്തളിത്തറിവു തന്നൊരാമാമുനി-
ശപരന്തരമൊടങ്ങു വേൾപ്പതിന്നനുജ്ഞയേകുന്നുവോ?
ദുരന്തരസമേകവാകാവനമാലിനീയാശ്രമം
തരന്തരമതിൽ കടപ്പതിന്നു കാലമല്ലോ തവ. 10

ഇനിയ്ക്കു വേദാജ്ഞ ചെയ്യതിന്നു മോഹമേററം മുനേ!
ജഠിയ്ക്കുവതിനാൽ വരുംപെരവു തൃപ്തി തന്നീല മേ
മുനിയ്ക്കുടയ കാട്ടിൽ നിന്നിഹ തദാജ്ഞയാലോ തെളി-
ഞ്ഞിനിക്കുപകൎവാടൊതന്നൊപരവിങ്ങിപ്പൊഴല്ലാതയോ? 11

കൊട്ടത്തുമന്തലൊക്കെയെന്നാഴകൊടർഗ്ഘ്യപാത്രം വെളി-
പ്പെട്ടുത്തുമൊരുകൊട്ടേഴും രഘുവൃദ്ധാമവാക്കിങ്ങനെ
അടുത്തവരുളിനപ്പൊഴും കൊതി ഫലിയ്ക്കയില്ലെന്നറ-
പ്പൊടുത്തരമുരച്ചിതാ മുനിവരന്റെ ശിഷ്യൻ തദാ. 12

അനന്തസുഖമെങ്ങുമെന്നറിയുകിങ്ങു രാജൻ ഭവാ-
നനന്തയിത്തു കാക്കിലെങ്ങശ്ശുഭമോർക്കിലുണ്ടാസ്സുഖം
ഇനന്തരമൊടിക്കെഴും പൊഴുതിരുട്ടു ലോകർക്കകം-
ണ്ണിനന്തരമണയ്ക്കുമോ പറക കാഴ്ചയിൽ തെല്ലുമോ? 13

പരക്കെയിഹ നിങ്കലെ പതിവു പൂജ്യരിൽ ഭക്തി ഭോ
ധരയ്ക്കധിപ! കേളതിൽ തവ വിശേഷമുണ്ടെങ്കിലും
ഇരക്കവതിനെത്തുമിസ്സമയമത്ര പറഞ്ഞു നേ-
രയ്ക്കവനെനിക്ക ചേതസി വിഷാദമുണ്ടിന്നെടോ. 14

കതിരുകളുകളൊത്തൊട്ടും മുതലശേഷവും നല്കി നാ-
ല്ലൊരുത്തമജനത്തിനീയുടലുമാത്രമാക്കീന്ന നീ
പെരുത്ത കതിരറ്റയും മുനികൾ കൊയ്തു നീവാരമ-
കരുത്തുടയ തണ്ടൊടും വിലസിടുന്നമട്ടായിതേ. 15

സമർത്ഥനൃപനാഥ! നീ ക്രതുവിലററമററാദ്ധനം
സമസ്തമിഹ കൈവെടിഞ്ഞതു നിനയ്ക്കിലത്യത്ഭുതം
അമർത്ത്യർകലയേകുടിച്ചുനശിനാം ശശിയ്ക്കായത്രം
ക്രമത്തിലിഹ ഭോവതാണറിക വൃദ്ധിയേക്കാൾക്കുണം. 16

കരണ്യനൊടു ചൊന്ന ഞാൻ ഗുരുവിനർത്ഥമാർജ്ജിക്കവാൻ
തരമല്ലമൊടന്യചിന്തകളകന്ന നോക്കീടുവൻ
പരം ഫലം വരും ശുഭം തവ നിജാംബു തീർന്നമേഘാരാ-
ശ്ശരന്നവമലത്തൊടുത്തന വിടുന്ന ചെഴാമ്പലും. 17

മറയ്ക്കിയുമരപ്പൂരപാവകനിലൊരങ്ങമെക്കൌത്സനാ-
ധരയ്ക്കധിപനെന്നു ചൊന്നഥ തുടന്നുചൊല്ലീടിനാൻ
മറയ്ക്കുരുക്കു നൽകിടാനുടയവിത്തമെന്തത്രയ-
ന്നരയ്ക്കുമുരുദക്ഷിണയ്ക്കരിയവിദ്വത്തംസമേ! 18

പൊഴിയ്ക്കുമൊരു കൈവളുകാൽ ക്രമ്മുകഴിച്ചുവണ്ണാശ്രമം-
വഴിക്കു പരിരക്ഷചെയ്തവനികാത്തുഗവ്യാക്കെയും
കഴിക്കുമവനീശ്വരൻ വിനയമോടുമോതീടുമീ-
മൊഴിയ്ക്കുപടുവണ്ണിതാൻ തദനുകാര്യമോതീടിനാൻ. 19

വഴിഞ്ഞരസമോടു ദേശികനൊടപ്പഠിപ്പൊക്കെയും
കഴിഞ്ഞുരുദക്ഷിണയ്ക്കുടനനുജ്ഞ ചോദിച്ചു ഞാൻ
അഴിഞ്ഞമനമോടുമെൻ കുറകളഞ്ഞ സൽഭക്തിയാ-
ന്നൊഴിഞ്ഞതതിനു വേണ്ട മറ്റൊരു പദാത്ഥമെന്നാനവൻ. 20

അനന്തരമലട്ടുമെന്നൊടു കലന്ന കോപാൽ തപോ-
ധനന്തപരിതമെൻദരിദ്രതയെയെണ്ണമോരാതഹോ!
മനക്കുന്തളിവറ്റിനുമേ കലകളാപ്പതിന്നാലിനും
ധനാന്തരങ്ങളമാന്നിനൊന്നിനൊരു കോടിയെന്നോതി-
[നാൻ. 21

തപദിജ്യയിൽമുടിച്ചുനീ പ്രഭുതയാമന്നൊഴിഞ്ഞതൊക്കെയേ
ന്നടിച്ചുരസമോടറിഞ്ഞിതിന്നു തവാർഗ്ഘ്യപാത്രത്തിനാൽ
മടിപ്പു തരുവാനലട്ടിടുവതില്ലിനിദ്ദേശികൻ
വദിച്ച പരവിത്തതൻ വില ചെറുതല്ലായ്കയാൽ. 22

ദ്വിജേന്ദ്രനവനീവിധം ബത പറഞ്ഞനേരത്തില-
ദ്വിജേന്ദ്രനൊടു തുല്യമാമരിയകാന്തിയേന്തുന്നവൻ
നിജേന്ദ്രിയമഘങ്ങളാം വിട്ടാഴിയുമുത്തമൻ മാനവ-
വ്രജേന്ദ്രനഥ വേദവിദ്വരനൊടോതിനാൻ പിന്നെയും. 23

മറുകര കടന്നവൻ ഗുരുവിനേകുവാൻ വിത്തമൊ-
ട്ടിരിക്കവസ്തു നൽകുവാൻ രഘുവിനാവതല്ലായ്കയാൽ
മുറയ്ക്കതിന്നിരന്നു മറെറാരുവദാന്യനോടെന്നിതേ-
വരയ്ക്കുമറിയാത്തതായെഴുമകീർത്തി പെററാല്ലമേ. 24

ഗൃഹത്തിൽ മമ മൂന്നിനും പുറമെയുള്ളതീപോലെയാ-
മഹത്താമെഴുമഗ്നിശാലകളിലയേ സുഖംപോലിനി
മഹത്താമിയലും മുനേ! മത്സ്വർണം ദിനം രണ്ടുമൂ-
ന്നിഹത്താമതിനുള്ളിൽനിന്ധനമതിന്നിവൻ നോക്കുവൻ. 25

ഇളക്കമിയലാത്ത വാക്കിടയ ഭൂപനേവം രസം
വളർക്കുമൊരു മട്ടിലോതിയതു സമ്മതിച്ചു മുനി
ഇളയ്ക്കു മുതലില്ലയെന്നറികയാലുറച്ചാൻ നൃപൻ
കിളക്കുമശിരാൽ ധനം ധനദനോടു വാങ്ങീടുവാൻ. 26

ക്ഷിതിയ്ക്കധിപനാത്മഭൂസുതസമന്ത്രതീർത്ഥാംബുവേ-
ററതില്ലുളളതാമാ മഹാ മഹിമയാലഹോ! തദ്രഥം
ഗതിയ്ക്കടയറവപോം ഗിരിയിലും സഖിത്വം സദാ-
ഗതിയ്ക്കടയകാറപോലുദധിതന്നിലും വിണ്ണിലും 27

കണക്കകലുമാറു നൽക്കണ നിറച്ചുടൻ ശുദ്ധനാ-
യിണക്കിയരഥത്തിലാരഘു കരേറി സന്ധ്യാഗമേ
കണക്കിലുരുധൈര്യമോട്ടടനിടത്തു സാമന്തനെ-
ക്കണക്കഥ കുബേരനെപ്പടയിൽ വെന്നുപോന്നീടുവാൻ. 28

ഉദിച്ചുളവ യാത്രയായവനൊടത്ഭുതം കേമമാ-
യുദിച്ചു ഖജനാവുകാത്തമരുമാരണത്തനഹോ!
വദിച്ചു ഖജനാവതിൽ കനകവൃഷ്ടിയുണ്ടായ്പ്പുരം
തുടിച്ചു വിലുമേറിട്ടംപടി നഭസ്സിൽനിന്നന്നുടൻ. 29

പടയ്ക്കഥ പുറപ്പെട്ടുപൊഴുതു നിർഭരം ഗുഹ്യക-
പ്പടയ്ക്കധിപനേകമക്കനകരാശി രാജേശ്വരൻ
കിടയ്ക്കുമളവേ മുനിയ്ക്കഖിലമേകി, വജ്രംബലാ-
ലുടയ്ക്കുമൊരു മേരുതൻശിഖരമെന്നപോലെ തദാ. 30

പല രസ,മൊരുരസമാം നി-
ർമ്മലദിവ്യപയസ്സണഞ്ഞിടുംപോലെ
പലതിലി ഗുണമയനായ്പല-
നിലയിലെഴും നീ വികാരമില്ലാത്തോൻ. 17

മിതലോകനാ,ണമേയൻ
ഹിതനൻ പ്രാൎത്ഥിപ്പവൎക്കി,രക്കാത്തോൻ,
ജിതനല്ല, ജിഷ്ണു,വവ്യ-
ക്തതയാൎന്നോൻ, വ്യക്തഹേതുഭൂതൻ നീ. 18

ഹൃദയസ്ഥനനാകലെയായോൻ
ഹൃദയേ കാമംപെടാത്ത മാമുനി നീ
സദയൻ നിരാമയൻ ശുഭ-
സദനി ജരാരഹിതനായ വൃദ്ധൻ നീ. 19

സൎവ്വജ്ഞനവിദിതൻ നീ
സൎവ്വനിദാനൻ ഭവാനജൻ നൂനം
സൎവ്വജനേശനനീശൻ
സൎവ്വവപുസ്സും വഹിയ്ക്കുമങ്ങേകൻ. 20

സപ്താൎണ്ണവജലനിലയൻ
സപ്താമലസാമവേദവിഷയൻ നീ
സപ്താൎച്ചിസ്സാനനമാം
സപ്താബ്ധിതലോകശരണനല്ലോ നീ. 21

നാലുയുഗം, ഋഷിവൎഗ്ഗം
നാലുതരംജ്ഞാന,മരിയവൎണ്ണങ്ങൾ
നാലുള്ള ലോക,മിവ തവ
നാലുമുഖത്തിങ്കൽനിന്നുദിയ്ക്കുന്നു. 22

ആട്ടുംകരളഭ്യാസാൽ
കൂട്ടുംധൃതിയൊടടക്കി മോക്ഷാൎത്ഥം
തേടുന്ന മുനികളുള്ളിൽ-
കൂട്ടും തേജോമയാംഗനാം നിന്നെ. 23

[illegible]ങ്ങ-ജനിക്കുമജൻ നീ-
യെങ്ങുമൊരുൾക്കൊതിപ്പെടാത്ത ഹതവിമതൻ
അങ്ങു വിനിദ്രൻ മങ്ങിയ-
രങ്ങകിലും, നിന്റെ തത്ത്വമാരറിയും? 24

നാനാദി വിവിധവിഷയ-
സ്വാദാസ്സുട്ടതപമിണങ്ങിടും നിങ്കൽ,
മോദാൽ കാക്കും പ്രജകളെ-
യൌദാസീന്യത്തെയും വഹിയ്ക്കും നീ. 25

ചിന്നി ശ്രുതികളിൽ വളരെ-
ബ്ഭിന്നിയ്ക്കും സിദ്ധിഹേതുമാർഗ്ഗങ്ങൾ
നിന്നിൽത്താനെത്തും കടൽ-
തന്നിൽഗ്ഗംഗാപ്രവാഹനിരപോലെ. 26

നിന്നിൽ ചിത്തമണച്ചും
നിന്നിൽ കർമ്മങ്ങളെസ്സമർപ്പിച്ചും
ഒന്നിലുമാശപ്പെടാതെയി-
രുന്നിടുവോർക്കങ്ങു മോക്ഷമേകനൂ 27

ധരമുതലായ്ക്കാണും തവ
വരമഹിമാവും ധരിയ്ക്കുവാൻ വിഷമം
പറയുന്നതെന്തിന്നൂഹം
മറയിവയാൽ സാദ്ധ്യനായ നിന്റെ കഥ. 28

കരളിന്നു ശുദ്ധി വരും ത്വൽ-
സ്മരണത്താൽത്തന്നെ, ദർശനാദികളാൽ
പ്പരമുളവാം ഫലമാർക്കും
പറയാതിതിൽനിന്നറിഞ്ഞിടാമല്ലോ. 26

കടലിലെ രത്നങ്ങളുമിന-
നടെ രശ്മികളും കണക്കു നിൻ ചരിതം
തടവില്ലനന്തമെന്നതി-
നടെ കഥയൊക്കെ സ്തുതിയ്ക്കുവയ്യാർക്കും. 30

കിട്ടാത്തില്ലൊന്നുംതവ
കിട്ടാനോക്കേണ്ടതായുമില്ലൊന്നും
മുട്ടാതുലകിന്നു നന്മകൾ
കൂട്ടാൻതാൻ നിന്റെ ജന്മകർമ്മങ്ങൾ. 31

താവക മഹിമയുരപ്പോർ
ദേവി കലാശിച്ചിടാതെ നിർത്തുന്നു,
നാവു കുഴച്ചോ പറവാ-
നാവുകയില്ലെന്നു തീർച്ചവന്നിട്ടോ. 32

സുരരിത്തരം പുകഴ്ത്തി-
പ്പുരമുരംതെളിവന്നധോക്ഷജനോക്കി
പരമാർത്ഥം ,സ്തുതിയല്ലാ-
പ്പരമേഷ്ഠിയ്ക്കിപ്പറഞ്ഞ കാര്യങ്ങൾ 33

തെളിവാക്കുശലപ്രശ്നം
വെളിവാക്കും ഹരിയൊടോതി വിബുധന്മാർ
പ്രളയംവരാതെയതിർവി-
ട്ടിളകുന്നോരു നൈരൃതാബ്ധിഘോരഭയം. 34

കരയിൽഗ്ഗിരിയുടെ ദരിയിൽ
തരസാ മാറ്റൊലി വളർത്തനാദത്താൽ
പെരികെക്കടലൊച്ചയ്ക്കും
പരിഭവമേകിപ്പറഞ്ഞിതഥ ഭഗവാൻ. 35

വർണ്ണസ്ഥാനമിണങ്ങും-
വർണ്ണം ശ്രുത്വാ പുരാണകവിർഭഗവാൻ
കർണ്ണനരക്കൊരു ഭാരതി
തീർണ്ണം വളരെക്കൃതാർത്ഥയായ് തീർന്നു. 36

രദനപ്രഭയൊട്ടു ഭഗവ-
ദ്വദനോൽഗതയായ് വിളങ്ങിയാവാണി
പദവഴിപോയ് ശേഷം സുര-
നദിമേല്പോട്ടൊഴുകിവന്നിട്ടുംപോലെ. 37

'ഭഗസുതനാൽ പോയ് നിങ്ങൾ-
ക്കനഘാവപരാക്രമങ്ങളറിവൂ ഞാൻ
തണവുടയോക്കതമസ്സാൽ
തന്നതാദൃശ്യഗുണങ്ങൾ രണ്ടുമെന്നവിധം 38

ഞാനറിവൂ, ത്രിഭുവനമാ-
ട്ടാണവനാലേററവും തപിയ്ക്കുന്നു
താനറിയാതുളവായിട്ടു-
മെന്നസ്സാൽസ്സ്വാധ്യമാനസംപോലെ 39

ഭൂമതലകാര്യങ്ങളിലിഹ
സമ, സമമർത്ഥിക്കേണ്ടവശ്രീയെന്നൊടിതിൽ
സപമനസ്സാൽ സാരഥിയായ്
ചമയുന്നു ചിത്രഭാനുവിന്നനിലൻ. 40

അരിയവനപ്പത്താം തല-
യരിയൊരുനിജവാളിനാലറുക്കാതെ
അരിയാലെനിയ്ക്കു ശരിയാ-
യരിയാനായിട്ടു വെച്ചിരിയ്ക്കുന്നു. 41

പരക്ഷ വിധിവാക്യമോർത്താ-
രക്ഷസ്സിൻ ദുർന്നയങ്ങൾ കാണും ഞാൻ
ഇക്ഷമ കാട്ടീ, ചന്ദന-
വൃക്ഷമതിൽ ചേർന്ന പാമ്പിലെന്നവിധം. 42

നരരെ വകവെച്ചിടാത-
സ്സുരരാൽ മരണം വരാതിരിപ്പാൻതാൻ
വരമർത്ഥിച്ചു, തപസ്സാൽ
പരമം തെളിവാർന്ന പത്മഭവനോടവൻ 43

ഒന്നതിനാൽ ഞാൻ ദശരഥ-
നന്ദനനായ് ക്രുദ്ധ മൂർത്ത ശരനിരയാൽ
ചെന്നടൽനിലമതിനായ് തൽ-
ഛിന്നശിരഃസാരസൌഘബലി നൽകാം. 44

ഒട്ടു മായാവികളാ-
യിട്ടുള്ളോരരക്കർ തൊട്ടിടാതചിരാൽ
കിട്ടും നിങ്ങൾക്കാപ്പ-
ണ്ടിട്ട മഖത്തിൽത്താനും ഹവിർഭാഗം 45

സൽപരിവൃഢർ വൈമാനികർ
പുഷ്പകമതുകണ്ടു വായുമാർഗ്ഗത്തിൽ
ഉൾബ്ഭയമൊടു മേഘത്തിലൊ-
ളിപ്പതു ബത നിർത്തിയാലുമിനിമേലിൽ. 46

പൌലസ്ത്യനുള്ള ശാപ-
ത്താലദ്ധൃത്തൻ ബലാൽ പിടിക്കാതെ
ചേലൊത്താസ്സുപർവ്വബന്ദി-
ജാലത്തിൻമുടിയഴിയ്ക്കുകിനി നിങ്ങൾ. 47

രാവണനാം കടുവേനലിൽ
വേർവരെ വാട്ടുന്ന വാനവച്ചെടിയിൽ
ത്വദ്വചനാമൃതിനാൽ നന-
വേവമണച്ചഥ മറഞ്ഞു കൃഷ്ണഘനം. 48

സുരകാര്യത്തിന്നു പോകെ,-
സ്സുരർ, വിഷ്ണുവെ, വാസവാദ്യരംശത്താൽ
പരമനുഗമിച്ചു തൂമലർ-
നിരയാലെ മരങ്ങൾ വായുവെപ്പോലെ. 49

ഉരുവിസ്മയമൃതുപികകൾ
കരുതിടുമാറഥ നൃപാദ്ധ്യപരാന്തത്തിൽ
പുരുശോഭം ശിഖി വിട്ടൊരു-
പുരുഷപ്പുരുമാറ്റം തദാ പുറപ്പെട്ടു. 50

അവന്നു ദുർഘമാം പടി-
ഭുവനേശാംശകപട്ടം പയശ്ചരുവെ
നവകനകത്തളികയിലാ-
ന്നവരനായ് കൈക്കൊളാലെടുത്തുള്ളോം. 51

ആരാൽ പ്രാജാപത്യനൊ-
ടാരുചിരാന്നം തദാ നൃപൻ വാങ്ങി
നീരധിയോടുപയസ്സിൻ-
സാരം സുരലോകനായകൻപോലെ. 52

ആ ത്രൈലോക്യജനകനും ഭൂ-
പാലോത്തമനാമവന്റെ മകനാവാൻ
ആലോചിച്ചതിലറിയാം-
ഭൂലോകപ്രഥിതമാം നൃപന്റെ ഗുണം. 53

പായസമാം ഹരിതേജ-
സ്സായവനിരുകാന്തമാൎക്ക് പങ്കിട്ടു
ക്ഷ്മായാപതി വെയിലത്തു ശരി-
യായവനിസ്സും വിയത്തിനുംപോലെ. 54

കൌസല്യ മാന്യയബ്ദ്ര-
വാസവനല്ലാത്ത കാന്ത കൈകേയി
ആസദപസ്ഥ സുമിത്ര-
യ്ക്കാസതിമാർ നൽകവാൻ കൊതിച്ചു നൃപൻ. 55

അറിവേറും നൃപവരമതി-
യറിവോരവർ പായസത്തെ രണ്ടാളും
ശരിയായ്പ്പാതികൊടുത്താർ
പെരിയോരിഷ്ടത്തോടസ്സുമിത്രയ്ക്കും. 56

പെരുകും സാപത്ന്യംപെട്ട-
മിരുപേരിലുമിഷ്ടമസ്സുമിത്ര സദാ
കരുതുന്നിതളിനിയാന-
യ്ക്കിരുവഴിയൊഴുകും മദാംബുവിൽപോലെ. 57

ദേവാംശജമാംഗർഭം
മൂവരുമാർന്നു പ്രജാവിഭൂത്യർത്ഥം
കൈവരുമമ്മയ,മമൃതെ-
ന്നാവരലിവസേശപരാംശുനിരപോലെ. 58

ഒപ്പം ഗർഭമിയന്ന വി-
ളപ്പാൻറ വിളങ്ങി പാരമവരപ്പോൾ
സൽഫലമുള്ളിലിണങ്ങിന-
നല്ലപ്രഭപൂണ്ട സസ്യനിരപോലെ. 59

ശ്രീവാരിജ,മരി, ശാൎങ്ഗം,
കൈവാൾ, ഗദ,യിവകൾചേൎന്ന മൂൎത്തിയോടും
ആവാമനരെപ്പലരെ-
ക്കാവലിനവർ പാൎത്തിതന്നൊറക്കത്തിൽ. 60

ആകാശേ പൊങ്ങിറകൊളി-
യാകപ്പൂശിപ്പറക്കുമാഗ്ഗരുഡൻ
വേഗത്താൽ മേഘങ്ങളെ-
യാകൎഷിപ്പോൻ വഹിച്ചിതന്നവരെ. 61

ശ്രീമൽകൌസ്തുഭമണിനിജ-
കോമളമൂലകൾക്കു നടുവിലായ് ചാൎത്തി
താമരവിശറികരം ചേ-
ൎത്താമലർമാതും ഭജിച്ചിതന്നവരെ. 62

സുരനദിയിൽ സ്നാനം ചെ-
യ്തുരമഥസപ്തൎഷിമാരുമന്നേരം
മറയിലെ മൊഴികളുമോതി-
ത്തരമൊടണഞ്ഞാർ തദീയസവിധത്തിൽ. 63

അവരീസ്വപ്നംകണ്ടതു-
വിവരിച്ചുപറഞ്ഞു കേട്ടു പരിതുഷ്ടാ
ന്നവരൻ ജഗതീഗുരുവാ-
മവനം ഗുരുവായ തന്നെ മാനിച്ചു. 64

സതിമാരാമവരിൽശ്രീ-
പതിയാവിർഭവിന്നനെന്നുവിധമേകൻ
അതിവിമലനീരനിരയിൽ-
പ്രതിമാമതിമാതിരിയ്ക്കു പോലാണു. 65

പ്രാപിച്ചു നൃവരാഗ്ര്യ-
പ്രിയപേർകാപേതമോഹരാത്മജനെ,
പ്രചുരപ്രഭയെപ്പരമ-
പ്രതിമൌഷധി രാത്രിയിങ്കലെന്നവിധം. 66

രാമനിതി ഗുരുവുമന്നഭി-
രാമശരീര പ്രഭാവിശേഷത്താൽ
ആ മംഗളമയമാമൊരു-
നാമം ഗുണവാരിരാശിയവനേകി. 67

ശ്രീരഘുവംശവിളക്കായ്-
നേരകലുംപ്രഭ കലർന്നൊരാരായവനാൽ
ആരക്ഷാഗൃഹമതിലു-
ള്ളോരദ്ദീപങ്ങളൊക്കെയും മങ്ങി. 68

പെരികെ വിളങ്ങി ശാതോ-
ദരിയമ്മഹിതക്കതേന്ന മകനാലെ,
ശരദതികൃശ, വെണ്മണലണി-
സരസിജബലിസാലമത്ത്യനദിപോലെ. 69

തനയൻ കൈകേയിയ്ക്കൂട-
നനഘൻ ഭരതാഖ്യയോടുമുണ്ടായി
ജനയിത്രിയ്ക്കത്തനയൻ-
വിനയം ശ്രീയ്ക്കെന്നപോലെയഴകേററി. 70

ശത്രുഘ്നലക്ഷ്മണന്മാ-
രൊത്തുപിറന്നു സുമിത്രയിൽപ്പിന്നെ
നിർദ്ദോഷയായ വിദ്യയിൽ
നൽത്താഴ്മയുമാപ്രബോധവുംപോലെ. 71

ഒരുദോഷമില്ല ഗുണമോ
പെരുകിജ്ജഗത്തിങ്കലന്നു സുരലോകം
പുരുഷോത്തമനാമവനോ-
ടൊരുമിച്ചിഹവന്നുവെന്നുതോന്നീടും. 72

നാലംഗമൊടവനണയെ-
പ്പൌലസ്ത്യത്രസ്തനാഥമാർഗ്ഗിശകം
മാലററുനിശംപ്രസിദ്ധ്യം-
പോലഥപൊടിയൊക്കെവിട്ടുകാററൂതീ. 73

പുകപോയ്ത്തീയും, തെളിവിൻ-
തികവാർന്നിനനും, നിശാടകൃതതാപം
അകലെക്കളഞ്ഞുപോകയ-
ന്നകമലരിൽ ബുധന്മാരു ശോഭിച്ചു. 74

രാവണനമകുടംവിട്ടാ-
ശ്രീ വളരും മണികളെന്ന കള്ളവാലെ
ഭ്രുവിൽത്തടാ നിശാട-
ശ്രീവിഴ്ത്തീ കണ്ണുനീക്കണം പാരം. 75

സൈന്യപരം സുതനുളവാകും-
നേരം ഭ്രപന്നവേണുവാദ്യങ്ങൾ
ആരംഭിച്ചാർ ദുന്ദുഭി
പാരമടിച്ചമരരാശു നാകത്തിൽ. 76

സുരദാരുപ്പൂത്തുമലര-
പ്പുരമതിലൊക്കെപ്പതിച്ചിതത്തുനേരം
വരമംഗളോപചാരോൽ-
ക്കരമതിന്നതുതാൻ തുടക്കമായ്ത്തീർന്നു. 77

കൃതസംസ്കാരന്മാരായ്-
ഷ്ഠിതമാം ധാത്രീസ്തനം കുടിച്ചവിടെ
സുതർ, പൂൎവ്വജനിലതോന്നും
പിതൃമോദത്തോടുമേ വളൎന്നു തദാ. 78

ജനനത്തിൽകിട്ടിയൊരാ-
വിനയമവൎക്കേറെവേണ്ടശിക്ഷകളാൽ
ഘനതാഭയാഹവിസ്സാ-
ലനലന്മാൎക്കെന്നപോലെ വൎദ്ധിച്ചു. 79

പരമവർ തമ്മിൽചേൎന്നാ-
വരരഘുവംശത്തിലാഭചേൎത്തു തദാ
സുരവരസുരുചിരവിപിനേ
തരുമൊട്ടുമിടചേൎന്നൃതുക്കളെന്നവിധം 80

നേരായ് സൌഭ്രാത്രമെഴു-
ന്നോരാകിലുമൊട്ടുചേൎന്നിതൊരുപോലെ
ശ്രീരാമലക്ഷ്മണരുമ-
ങ്ങാരാൽ ശത്രുഘ്നഭരതരും സ്നേഹാൽ. 81

ഐക്യമവൎക്കുള്ളു പാൎക്കിലൊ-
രിഷ്ഷലുമൊട്ടും വിടാത്തമട്ടായി
ശ്ലാഘ്യശ്വസനജ്വലന-
ന്മാൎക്കും ചന്ദ്രാബ്ധികൾക്കുമെന്നവിധം. 82

താഴ്മതേജസ്സുകളാ-
ലാമാനവവരർ കവൎന്നു ജനഹൃദയം
ശ്യാമളമുകിലൊട്ട, വേനലു-
ഷോമളവൎണ്ണയും ദിനങ്ങളെന്നവിധം. 83

നാലായ്ഭവിച്ചിതബ്ഭൂ-
പാലാധിപനുള്ള നല്ല സന്താനം
നാലു പുരുഷാൎത്ഥമുടൽപൂണ്ടെ-
ന്നാലസ്യം വിട്ടു വന്നിടുംപോലെ. 84

ഉരുമകതി കൂട്ടമവരാ-
ഗ്ഗുരുഭൂപചക്രേന്ദ്രനെഗ്ഗുണൌഘത്താൽ
ഉരുരസമണിമണിനിരയാൽ-
പെരുകും ജലനിധികൾപോലെ പൂജിച്ചു. 85

സുരകരിയസുരാസിയ്ക്കുളക്കരും കൊമ്പുനാലാൽ,
തരമൊട്ടു നയമെന്നും നല്ലുപായങ്ങൾനാലാൽ,
ഹരിനുകവടിവൊക്കും കയ്യു നാലാലെയാമാ-
ത്തിരി നൃപതിതദംശം നാലിനാലേ വിളങ്ങീ. 86

(പത്താംസൎഗ്ഗം കഴിഞ്ഞു)

# പതിനൊന്നാം സൎഗ്ഗം

നിജയാഗരക്ഷയതിനാശു കൌശികൻ
പ്രജകൾക്കുനാഥനൊടു ബാലരാമനെ
സുജനേന്ദ്രനന്നു ബത ചെന്നിരന്നുപോൽ
ഭുജവീൎയ്യശാലിയിൽ വയസ്സുനോക്കുമോ? 1

നൃവരൻ മുനിയ്ക്കു ബത കൃച്ഛ്റലബ്ധനാ-
മവനെക്കൊടുത്തിതു തദാ സലക്ഷ്മണം
ജവമോടു നല്ല രഘുവംശ്യരേകമി-
ങ്ങവനന്തദിഷ്ടമസുതന്നെയാകിലും. 2

പുരമാർഗ്ഗസൽക്രിയ കഴിയ്ക്കു പോക്കിനെ-
ന്നരമാനുപേന്ദ്രവരുളുന്നനേരമേ
തരസാനടത്തി ജലപുഷ്പവൃഷ്ടിയാൽ
പരമാപ്രവൃത്തികൾ മരുത്സഖാംബുദം. 3

അവരാജ്ഞകേൾപ്പതിന്നടുത്തുധന്വിമാർ,
ജവമോടു താതനുടെ കാല്ക്കൽ വീണതെ
അവനമ്രഗാത്രമൊടു യാത്ര ചൊല്ലവേ
ന്നവരാശ്രുധാരകളവർക്കുമീതെയും. 4

നിലവിട്ടു വീണ ജനകാശ്രുവാൽ ശിഖ-
യ്ക്കുലവല്ലമാന്റരിയ ധന്വിമാരവർ
ജലമോടു പൌരമിഴിയായ തോരണം
വിലസുംവഴിയ്ക്കു മുനിയൊത്തു പോയിതെ. 5

യതിലക്ഷ്മണാനുചരനായ രാഘവൻ
മതിയെന്നു ചൊല്ലിയതിനാൽ സുതക്കടൻ
മതിമാൻകൊടുത്തു പടയല്പനുഗ്രഹം
മതി മാൽവരാതതവർക്കെരബ്ഭരിക്കുവാൻ. 6

ഉടനമ്മമാരുടെ പദങ്ങൾ കൂപ്പി വ-
ന്നുടയോരൃഷീന്ദ്രവഴിചേർന്നു മിന്നിനാർ,
തടവററ മാധവമധുക്കൾ ഭാസ്കരൻ
നടകൊണ്ടിടുംവഴിയിലെന്നപോല,വർ. 7

അലപോലെ ലോലഭുജമാന്റ ബാലചാ-
പലമേറിയാലുമവരേറെ മിന്നിനാർ
നലമോടുഭിദ്യയൊടുമുദ്യപേരിനൊ-
അലസാതെ വർഷമതിലെന്നമാതിരി. 8

വിലയാൎന്ന നല്ലതിബലാഖ്യവിദ്യയാ-
ബലയൊട്ടു മാമുനി കൊടുത്തകുട്ടികൾ
തരളാതെ മാതൃസവിധത്തിലാമണി-
ത്തളമാൎന്നെഴുംപടി തദാ നടന്നതേ. 9

പരമപ്പുരാണമറിയും പിതൃപ്രിയൻ
പറയുന്ന നല്ല കഥ കേട്ടു രാഘവൻ
വരവാൎദ്ധനോചിതനെടുത്തപോലെ പോയ്
സരസം നടപ്പതറിയാതെ, സാനുജൻ. 10

തൃണമാൎന്നനീരമതിനാൽ സരസ്സുകാ-
തിണകൾക്കചേൎന്ന നിനദാൽ പതത്രിയു-
മണമാൎന്ന പൂപ്പൊടികളാലെ വായുവും
തണലാലെ കാൎമ്മമവരെബ്‌ജിച്ചുതേ. 11

അരുണാബ്‌ജരമ്യജല,മാടലാററിടും-
തരു'വെന്നിവററിൽ മുനികൾക്കെഴും രസം
ചെറുതായി പാരമരികത്തു ചേരുമാ-
യിരുപേരിലേറുമുരുമോദമോൎക്കുകിൽ. 12

ഖരദൂഷണാദ്യരുടെയത്തപോവനേ
കരതാരിൽ വില്ലൊട്ടുമണഞ്ഞു, രാഘവൻ
പരമാസ്സുരപ്രതിനിധിതമാൎന്ന സു-
ന്ദരമെയ്യിനാലെ, തൊഴിലാലെയില്ല,വൻ. 13

ഒരു ശാപമുള്ളതറിവാൻ മുനീന്ദ്രന-
ന്നരുളും സുകേതുസുതചേൎന്ന കാരണം
മരുഭൂമിയാം വഴിയിൽ വില്ലുകുത്തി ഞാ-
ണിരുപേരുമന്ന കളിയായിണക്കിനാർ 14

കൊടുതായ ജ്യാരണൊലികൾ കേട്ടടുത്തിതു-
ക്കൊടു കൃഷ്ണപക്ഷരജനീനിറത്തൊടും
നെടുകാതിലെല്ലുകളണിഞ്ഞു വെള്ളിലും-
പ്പെട്ടുമാക്കറുത്ത മുകിൽമാലയൊത്തവൾ. 15

ഉടലിൽ ശവത്തുകിൽ, കടുസ്വനം മര-
ക്കടയെപ്പറിയ്ക്കുമതിവേഗമീവിധം
അടലിന്നു രാമനൊടണഞ്ഞു കാട്ടിലെ-
ച്ചുടലയ്ക്കടുത്ത കൊടുവാത്യയൊത്തവൾ. 16

സ്ഫുടമാഞ്ഞിന്നുള്ളകുടൽ കാഞ്ചിയായ് ഭുജ-
ത്തടിയൊന്നു പൊക്കിയണവോളിലന്നവൻ
തടവറ്റൊരമ്പുമബലാവധേ പരം-
തടവുന്നൊരയ്പുമൊരുമിച്ചു വിട്ടുതേ. 17

കടുതാടകോരസി കടന്ന ബാണമു-
ക്കൊടുതീർത്തൊരത്തുള തദാ കൃതാന്തനോ
നെടുമാർഗ്ഗമായിതു കടന്നിടാതൊഴി-
ഞ്ഞിടുമാണിശാടവിഷയത്തിലേയ്ക്കഹോ! 18

ശരഭിന്നവക്ഷത്തൊടവൾ വീണു ചേർത്തുതേ
വിറ, തന്റെ കാട്ടിലതിൽ മാത്രമല്ലഹോ!
തരസാ ത്രിലോകമഖിലം ജയിയ്ക്കയാൽ
സ്ഥിരയാം ദശാസ്യജയലക്ഷ്മിയിങ്കലും. 19

ഹൃദിരാമമന്മഥസുദുസ്സഹാസ്ത്രമേ-
റ്റതിനാൽ വലഞ്ഞരിയരക്തചന്ദനം
അതിയായ് നിശാചരിയണിഞ്ഞണഞ്ഞുപോ-
യഥ ജീവിതേശനമരുന്നൊരാലയേ. 20

ചൊടിയാൽ തെളിഞ്ഞ മുനിയോട,ക്കർവ-
ന്നിടിയും സമന്ത്രശരമേററു രാഘവൻ
തടി കത്തുമഗ്നി രവിയോടു കേടറും-
പടി സൂര്യ്യകാന്തമണിയെന്നമാതിരി. 21

ശ്രമമററു പിന്നെ മുനി ചൊന്ന വാമനാ-
ശ്രമമന്നണഞ്ഞളവു രാഘവന്നഹോ!
സ്വമനസ്സിനൌത്സുകത ചേർന്നു മുമ്പിറ-
പ്പുമലന്നതെല്ലുമറിവില്ലയെങ്കിലും. 22

കരതാരിലർഘ്യമൊടു ശിഷ്യരും,തളിർ-
ക്കരമാശു ചേർത്തു തൊഴുമദ്രുമങ്ങളും,
വരവങ്ങു നോക്കി മൃഗവും പെടുന്ന തൽ
സരസാശ്രമത്തിലഥ ചേർന്നുമാമുനി. 23

കണയാലെ രാജസുതർ കാത്തു വിഘ്നമ-
ങ്ങണയാതെ ദീക്ഷിതമുനീന്ദ്രനെ ക്രമാൽ
ഘൃണിയാലെ ചന്ദ്രരവിമാരുദിച്ചിരു-
ട്ടണയാതെയിങ്ങുലകിനെക്കണക്കിനെ. 24

അഥ ശംബരത്തിമലരൊത്തു വേദിമേൽ
പ്പൃഥുരക്തബിന്ദു ബത വീഴ്കെ കാൺകയാൽ
ക്രതു ചെയ്യുവോർ ക്രിയകളൊക്കെയും വിക-
ങ്കതസ്രുസ്രുവത്തൊടു വെടിഞ്ഞുഴന്നുതേ. 25

ശരമൂരി നോക്കുമളവംബരത്തിലാ-
ശരവീരരേറുമലിനോരു സേനയെ
തരമായ്ക്കുഴച്ചിറകലച്ചു കേളുവൊ-
ത്തരമമ്പു പാർത്തിതഥ ലക്ഷ്മണാഗ്രജൻ. 26

ശരമന്നവൻ ക്രതുമുടക്കിടുന്നൊരാ-
ശരരിൽപ്രമാണികം മാത്രമെയ്തുതേ
പരമാമഹോരഗമൊടേററിടും ഖഗേ-
ശ്വരനിങ്ങു രാജിലകുലത്തൊടേൽക്കുമോ? 27

വിരുതസ്ത്രവിദ്യയിൽ വളന്നരാമനാ-
ന്നുരുവേഗമാന്ന മരുദസ്ത്രമെയ്തതിൽ
ഒരു പാണ്ഡുപത്രമതുപോലെ വീണിതാ-
ഗ്ഗുരു ഭൂധരേന്ദ്രനിഭതാടകാസുതൻ. 28

നിജമായ കാട്ടി വിലസും സുബാഹുവാം-
രജനീചരൻെറയുടലെയ്തുരത്തുടൻ
ഭുജവീര്യശാലി വിഹഗത്തിനാവരോ-
ടജമൊട്ടു വിട്ട ദിശി തീനിന്നിട്ടുതേ. 29

ക്രതുവിഘ്നമിങ്ങനെയൊഴിച്ച ബാലരെ-
ക്കതുകാൽ പുകഴ്ത്തി മഖവേലനോക്കുവോർ
അഥമെതനിയാം കുലപതിയ്ക്കു ചെയ്തു വേ-
ണ്ടതുപോലെയാക്രിയകളൊക്കെയും സുഖാൽ. 30

കടുമയ്ക്കുലച്ചിൽ വരുമാറു ബാഷ്പർ ക്രു-
പ്പിട്ടുമപ്പൊഴന്നവഭൃഥാപ്ലുതൻമുനി
കടുദർഭകൊണ്ടുമുറിവേററ കയ്യു മെ-
യ്യൊട്ടു ചേർത്തനുഗ്രഹമവക്കു നൽകിനാൻ. 31

മതിമാൻ മഖത്തിനഥ മൈഥിലൻ ക്ഷണി-
ച്ചതിനാലെ നല്ല മിഥിലയ്ക്കു പോകവേ
മതിചൂഡവില്ലിൽ മതിചേരുവോരു ഭൂ-
പതിപുത്രർതന്നെ വഴി കൊണ്ടുപോയിതേ. 32

പഥി ഗൌതമപ്രിയ സുരേന്ദ്രനെ ക്ഷണം
പതിയാക്കി വാണൊരു വരാശ്രമസ്ഥലെ
പതിയും മനസ്സോടവരന്നു ചെന്നു പാ-
ൎപ്പതിനായ്മരച്ചുവടണഞ്ഞു സന്ധ്യയിൽ 33

തിരിയേ സ്വചാരുതനു ചേൎന്നു പാറമാ-
തിരിയായ്‌ ചിരം മരുവിയോരഹല്യതാൻ
ദുരിതൗഘനാശനപദപത്മരേണുവി-
ത്തിരി തക്കമോടണികമൂലമന്നുപോൽ. 34

സ്ഫുടമൎത്ഥകാമമൊടുമൊത്തു ധൎമ്മമ-
ന്നുടലാൎന്നു ചെന്നപടി രാഘവാനുചിതം
തടവററണഞ്ഞു മുനിയെന്നു കേട്ടു ചെ-
ന്നുടനൎഗ്ഘ്യമോടുമെതിരേററു മൈഥിലൻ. 35

ധരചേൎന്നിടുന്നൊരു പുനർവസുദ്വയംപോ-
ലരമന്നു രാഘവരണഞ്ഞിടും വിധൌ
തരമാൎന്നു നോക്കിയൊരു പൌരരീക്ഷണം
മറയുന്നിമേഷമഴലായ്‌ നിനച്ചുതേ 36

സരസം കൃതക്രിയകഴിഞ്ഞൊരാ നരേ-
ശ്വരനോടു കാൎയ്യമറിയുന്ന കൌശികൻ
ഹരവില്ലു കാണ്മതിനു രാമനാഗ്രഹം
പരമുള്ളിലുള്ളതു തദാ പറഞ്ഞുതേ. 37

കലകീൎത്തി ചീൎത്ത ശിശുവിൻ സുഗാത്രവും
കലയേററുവാൻ വിഷമമാം സ്വചാപവും
അലമന്നു പാൎത്തു നൃപനല്ലൽ ചീൎത്തു ഹൃ-
ന്മലരിൽപ്പരം ദൂഷിതുള്ളൽ [illegible]മോക്കയാൾ. 38

അങ്ങുകൊണ്ടു പ്രപന്നഥ മാമുനേ! പരം
പൊരുതാം ഗജേന്ദ്രനുതാനത്തിന്നഹോ!
വെറുതേ വരുന്ന ചെറുദന്തി, സമ്മതി-
യ്ക്കുരുതി നമുക്ക കരുതീടിലിപ്പണി. 39

വളരെഘനൻഘരധരാധിപക്കമി-
ങ്ങളവാക്കി വില്ലിതയി ന ാണ,മജ്ജനം
അളവററഞാൺകലകലന്നകയ്യിലാ-
യള്ളവൊട്ടു നിദ്രയുമിയന്നാകന്നതേ. 40

മുനിയോതിനാനതിന കേളിവൻെറ വ-
ഷിശി,യല്ലയെങ്കിലശ്ശൂവേണ, തൽബലം
ജനിതപ്രമോദമിഹ കാട്ടുമൽക്കടാ-
ശനികുന്നിലെന്നപടിവില്ലിലീയിവൻ. 41

എരിയുന്ന ശകടി പുഴവൊത്ത കൊച്ചതീ-
പ്പൊരിതന്നിലുള്ള പടി നല്ല പൌരുഷം
ചെറിയോരു രാമനിലുമുള്ളതായ് നൃപ-
ന്നറിയായിതക്കൌശികജാപ്പുവാക്കിനാൽ 42

ഘരവില്ലു കൊണ്ടുവരുവാൻ സപട്ടന്ത്യരെ-
ഷ്പുരമന്നയച്ചിതഥ മൈഥിലൻ തദാ
വരകാന്തി ചേന്ന മഴവില്ലിനായ് സുരേ-
ശപരനേറെ മേലെനിരയക്കണക്കിനെ. 43

കൃഷ്ണമാനിലമ്പു ശിവനെയ്തു ഘോരവി-
ല്ലുഴ സുപ്തഭോഗിവരനെന്നമാതിരി
കുളുകം കലന്നു ബത! കണ്ടെടുത്തിത-
ന്നളുലപ്രതാപനിധി ലക്ഷ്മണാഗ്രജൻ. 44

പരമത്ഭുതത്തൊടും ജനങ്ങൾ നോക്കവേ
ഹരവില്ലതന്നു ബലസാരമെങ്കിലും
സ്മരനാശ്രു തന്റെ മലർവില്ലുപോലെയാ-
നരനാഥസൂനു കുലയേററിനാൻ ക്ഷണം. 45

അതിയായ്വലിച്ചതു മുറിഞ്ഞു വജ്രമാ-
ത്തതിഘോരശബ്ദമതുനേരമാൻറതേ
ക്ഷിതിപാലരോടൊഴിയാത്ത വൈരമാ-
മതിചേർത്ത ഭാർഗ്ഗവനൊടോതിടുംവിധം. 46

ഹരവില്ലിൽ വീര്യമറിയിച്ച രാമനായ്
ധര പെററ തന്റെ മകളായ സീതയെ
തരസാംഗമൊത്ത രമയെക്കണക്കിനെ-
സ്സുരസം കൊടുക്കുവതിനേററു മൈഥിലൻ. 47

ഉടനഗ്നിസാക്ഷികമിലയ്ക്കുതന്നെയാ-
സ്ഫുടകാന്തിയുള്ള മുനിതന്റെ സന്നിധൌ
തടവററ രാഘവനു നൽകി സത്യവാ-
ക്കുടയോനയോനിജയെയന്നു മൈഥിലൻ. 48

മതിമാൻ സപദേശികവഴിക്കു കോസലാ-
പതിയോടുടൻ തനയതൻപരിഗ്രഹാൽ
അതിയായ്മുദാ നിമികുലം സഭൃത്യമ-
ട്ടതിലാക്കുകെന്നുമറിയിച്ചു സാദരം. 49

ഗുണമൊത്തരസ്സഷദ്ധ്വയോത്ഥിരിയ്ക്കുമ-
ക്ഷണമെത്തി വേണ്ടതുപറഞ്ഞു ഭൂസുരൻ
ഗുണവാന കല്പതരുതന്റെ കായ്കളോ-
ടിണയായുടൻകൊതികൾ പാകമായ്വരും. 50

എതിരേററച്ചെയ്യുമൊരുപൂജയേററാരാ-
മതിമാൻ പറഞ്ഞ മൊഴികേട്ടുടൻ പതി
ക്ഷിതിരേണുവാൽപ്പടമറച്ചുവെയിലിലാ-
ക്ഷിതിപൻ സുരേന്ദ്രസഖനന്നു യാത്രയായ്. 51

പടുസേനയാലുപവനദ്രുമങ്ങളിൽ-
ക്കടുപീഡ ചേർന്ന മിഥിലാപുരം തദാ
പെടുമിഷ്ടമോർത്തു സഹിച്ചു,നാഥനാൽ
നെടുഭോഗപീഡയൊരുനാരിമാതിരി. 52

വരുണാമരേന്ദ്രസമരായ ഭൂപർ വേ-
ണ്ടൊരുനല്ലൃതാവസമയത്തൊടൊത്തവർ
ജ്ജരുപേക്ഷമുള്ള മഹിമസ്സുചേർന്നതാ-
ണ്ടൊരുമട്ടുചെയ്തിതഥ കൌതുകക്രിയ. 53

വിരവോടു സീതയെ വരിച്ചു രാമനാ-
വരവാണിയൂർമ്മിളയെ വേട്ടു ലക്ഷ്മണൻ
അരമോടു തത്സഹജരും വരിച്ചുതേ
തരസാ കുശധ്വജനൃപൻെറ മക്കളേ. 54

നൃവരേന്ദ്രനുള്ള സുതർ നാൽവരീവിധം
നവമായി വേളികൾ കഴിച്ചകാരണം
അവർ,സാമദാനവിധിഭേദദണ്ഡമെ-
ന്നിവസിദ്ധിയൊത്തവിധമായ് നൃപന്നഹോ! 55

ക്ഷിതിപൻെറ പുത്രരവർ, പുത്രിമാരുമേ
കൊതിയാന്നു തമ്മിലണയെക്കൃതാർത്ഥരായ്
മതിചേരുമാവരവധൂസമാഗമാ-
സ്ഥിതിപ്രത്യയപ്രകൃതിയോഗമൊത്തുതേ. 56

തനുജൎക്കു വേളിയിതു ചെയ്തു, മൂന്നുനാ-
ളനുയാത്രചെയ്തു മിഥിലാധിനാഥനെ
മനുജേന്ദ്രനന്നഥ തിരിച്ചു തൽപുര-
ത്തിനുവിട്ടു,പോയ് നിജപുരത്തിലേയ്ക്കുതാൻ. 57

പടയെ,ദ്ധ്വജത്തരുവൊടിച്ചുഴുത്ത വ-
ന്നുടയോരുകാററിടയിലന്നലട്ടിപോൽ
തടവും കവിഞ്ഞു നദി നീർനിലത്തിനെ-
ത്തടവും രസത്തൊടുടനെന്നമാതിരി. 58

പെരുതായൊരുഗ്രപരിവേഷമോടുമേ-
വരുമെന്നുപൊന്തിതരുണാൎക്കമണ്ഡലം
ഗരുഡൻ വധിച്ച ഫണിതൻെറ മൈ ചുഴ-
ന്നൊരുവീണ ശോണമണിയെന്നമാതിരി. 59

പരമന്തിമേഘരുധിരാൎദ്രചേല,ധൂ-
സരമാപ്പരുന്തുചിറകൊത്ത കുന്തളം,
വരുമാരജസ്വലകൾപോലെ കാണുവാ-
നരുതാതെ,യീനിലയിലായി ദിക്കുകൾ. 60

ഭയമാംപടിയ്ക്കു രവി ചേൎന്ന ദിക്കതിൽ
സ്വയമെത്തിയശ്ശിവകളോരിയിട്ടതേ
ദയവിട്ടു പണ്ടു നൃപശോണിതേ പിതൃ-
ക്രിയ ചെയ്തു രാമനെ വിളിച്ചിടുംവിധം. 61

പല ദുൎന്നിമിത്തമിവകണ്ടുചെയ്തിനി-
ച്ചിലശാന്തിയെന്നു നൃപനോടു ദേശികൻ,
നലമോടൊടുക്കമിഹ കിട്ടുമിഷ്ടമാം
നിലയെന്നുമോതിയവനല്ലലാററിനാൻ. 62

അതിയായ് ധൂളീപടലമൊന്നു പിന്നെയ-
ന്നെതിരിട്ടു സേനയുടെ മുമ്പിൽ വന്നപോൾ
അതിനെച്ചിരം മിഴി തുടച്ചു നോക്കിനി-
ന്നതിലേവനും പുരുഷനെന്നറിഞ്ഞുതേ. 63

ജനകന്റെ പങ്കിനൊരു പൂണനൂലുമാ-
ർജ്ജനനിയ്ക്കു ചേർന്ന പടവില്ലുമാർന്നവൻ
ദിനനാഥനിന്ദുവൊടു ചേർന്നപോലെ, ച-
ന്ദനമരം പാമ്പിനൊടു ചേർന്നപോലെയും. 64

നിലവിട്ട രുഷ്ടപിതൃവാക്കു കേട്ടവൻ
തലകൊയ്തു തന്നുടെ വിറയ്ക്കുമമ്മയെ
കൊലചെയ്തുമുമ്പുദയയെജ്ജയിച്ചിതാ-
ച്ചലനാലി പിമ്പു നിഖിലോർവ്വിയേയുമേ. 65

അരിരാജലോകനിധനംകഴിച്ചതി-
ങ്ങിരുപത്തിയൊന്നു കുറിയെന്നു കാണികൾ
അറിവാനിതെന്നപടി ചേർത്തിതായവൻ
ശരിയായ്വലഞ്ചെവിയിലക്ഷമാലയെ. 66

പിതൃനിഗ്രഹത്തിലതിരോഷമാർന്നു ഭൂ-
പതിനാശദീക്ഷയെ വഹിച്ച രാമനെ
എതിരിട്ടുകണ്ടു സുതബാല്യവും നിജ-
സ്ഥിതിയും നിനച്ചു നൃപനല്ലൽ തേടിനാൻ. 67

സുതദാരുണാഹിതരിലൊപ്പമല്ല വി-
ശ്രുതരാമനാമമവനീന്ദ്രനന്ദനേ
ഹിതവും ഭയങ്കരവുമായി രത്നമ-
ഞ്ചിതഹാരഭോഗികളിലെന്നമാതിരി. 68

പരമർഗ്ഘ്യമർഗ്ഘ്യമിതി ചൊല്ലുമദ്ധരാ-
വരവര്യവാക്കു വകവെച്ചിടാതവൻ
രഘുതാഗ്രജങ്കൽ സ്വപരോഷവഹ്നി നി-
ർഭരമാളുമുഗ്രതരദൃഷ്ടി ചേർത്തുതേ. 69

പടുവില്ലുറപ്പൊടു പിടിച്ചുടൻ വിരൽ-
ക്കിടയിൽ ശരത്തെയുമണച്ചുകൊണ്ടവൻ:
അടലിന്നു മോഹമൊടു പേടിയൊട്ടുമേ
തടവാതരാമനൊടടുത്തു ചൊല്ലിനാൻ. 70

അപരാധമോർത്തു പലവട്ടമിങ്ങുടൻ
നൃപഹിംസചെയ്തു ശമമറ്റിതെങ്കിലും
നൃപപുത്ര! നിന്റെ ചൊടി കേട്ടതല്ലിനാൽ
കൃപവിട്ട സർപ്പഫണിപോലെയായി ഞാൻ. 71

ഒരുനാളുമന്യനൃവരൻ കുലച്ചിടാ-
ത്തൊരു ശൈവചാപമന്നു നീയൊടിച്ചപോൾ
കരുതുന്നിതുള്ളി,ലതുകേൾക്കയെന്നയാൽ-
പ്പുരുവീര്യശൃംഗമിഹ ഭഗ്നമെന്നു ഞാൻ. 72

ഇതുനാൾവരെജ്ജഗതി രാമനെന്ന പേ-
രതുകൊണ്ടറിഞ്ഞിടുവതെന്നെ മാത്രമാം
അതുമാററിയിന്നു പുകൾ പൊങ്ങിടുന്ന നീ-
യതുകൊണ്ടു നാണമണയുന്നിതുള്ളിൽ മേ. 73

ഇരുപേർ, ഗിരിസ്സുമിഷുവെന്നതൊക്കവാ-
ലരുതാതെഴും മമ സമാപരാധികൾ
ഒരു വൈഷ്ണവീടാവിനെ ഹരിച്ച ഹൈഹയൻ
പുരുകീർത്തികക്കവശിരോക്രമങ്ങുമേ. 74

അതിനാൽ നൃപാന്തകരവിക്രമത്തിനാൽ
മതിമോദമില്ല /ജിതനെങ്ങിരിയ്യുമേ
അതിയായ് തൃണാബ്ധികളിലൊപ്പമായ് ജ്വലി-
പ്പതിനാലെ വഹ്നിയുടെ മുമ്പു കാൺമു നാം. 75

കരുതേണമാഹരിഹരിച്ചു നീയൊടി-
ച്ചൊരുശൈവവില്ലിനതിയായെഴുംബലം
ചെറുകാറ്റുമേ പുഴയൊഴുക്കിനാലെ വേ-
രറുമാക്കയ്യുലെ മരംമറിയ്ക്കുമേ. 76

അതിനാലെയീമമധനുസ്സിൽ ഞാനുചേ-
ത്തതിയായ് വലിച്ചൊരു ശരം തൊടുക്ക നീ
ക്ഷിതിപാലപുത്ര! പടവേണ്ട തോറുവെ-
ന്നിതിനാലെതന്നെയിഹ സമ്മതിയ്ക്കുവൻ. 77

അരുണ്ണജ്വലൽപരശുധാരയിൽ ഭയം
പെരുതാകുലമതിനെങ്കിലിന്നിനി
വെറുതേവിരൽക്കരിയഞാൺതഴമ്പെഴ-
ന്നൊരുകൈകംചേർത്തഭയമിങ്ങിരക്ക നീ. 78

കൊടിയോരു ഭാർഗ്ഗവനിവണ്ണമോതവേ
ചൊടിയൊട്ടു പുഞ്ചിരികലർന്നിളക്കവോൻ
ചൊടിക്രൂട്ടമത്തരമിതെന്നു കണ്ടുടൻ
മടിവിട്ടു ചാപമതു വാങ്ങി രാഘവൻ. 79

ഒരുപൂർവ്വജന്മമതിലാർന്ന വില്ലിനാൽ
പുരുശോഭ കൂടി വിലസീ രഘൂത്തമൻ
പെരുകുന്ന കാന്തി പുതുകാറിനി,ന്ദ്രനു-
ളെളാരുവില്ലുതേന്തിടുകിലെന്തഹോ കഥ. 80

തലയൊന്നു പോരിലുലയാതെകുത്തിയാ-
ള്ളലശാലി വില്ലു കലയേററി തൽക്ഷണം
അലമാഭയേററു, പുകമാത്രമായെഴും
ജ്വലനൻകണക്കു നിലയായ് നൃപാരിയും. 81

പെരുകുന്ന കാന്തിയൊരുവന്നിറക്കമൊ-
ണൊരുവന്നിവണ്ണമിരുപേരെയും ജനം
പുരുകൌതുകത്തൊടഥ പാർത്തു സന്ധ്യചേ-
ന്നൊരുപാർശ്വേന്ദുരവിമാരെമാതിരി. 82

വിരുതില്ല ഭാർഗ്ഗവനു തന്നോടേല്ക്കുവാ-
നൊരുതെല്ലുമെന്നു,മിഷു പിൻവലിയ്ക്കുവാൻ
അരുതെന്നുമീശസുതനോർത്ത രാഘവൻ
കരുതിപ്പറഞ്ഞു കനിവോടുമിങ്ങിനെ. 83

അതിവൈരമേകുകിലുമിങ്ങു നിർദ്ദയം
ക്ഷിതിദേവ! നിന്നിലിഷുവെയ്ക്കുവല്ലമേ
ഇതിനാൽക്കഥിയ്ക്കു തടയേണ്ടതെന്തു,നിൻ-
ഗതിയോ, മഖാർജ്ജിതമഹേന്ദ്രലോകമോ? 84

അരുൾചെയ്തു മാമുനിയുമത്തരം,പരം-
പുരുഷൻ ഭവാനതറിയായ്കയല്ല ഞാൻ
പുരുകോപമേകി ധരയിൽ പിറന്ന നിൻ-
പെരുതായ വൈഷ്ണവമഹസ്സു കാണുവാൻ. 85

അടൽചെയ്തൊടുക്കി പിതൃവൈരിമാരെ ഞാൻ
കടൽചേരുമൂഴിയിതു ദാനമേകിനേൻ
ഇടരില്ലെനിയ്ക്കു പരമേഷ്ഠിനീയെതി-
ർത്തുടനൊന്നുതോൽക്കിലതുമിങ്ങു കീർത്തിതാൻ. 86

ഗതി പുണ്യതീർത്ഥഗമനാർത്ഥമാകയാൽ
മതിമൻ! തടസ്ഥമണയാതെയാക്കണം
കൊതിയില്ല ഭോഗമതിലിങ്ങു മാഴ്കിടാ
മതി, വാനിനുള്ള വഴി നീയടയ്ക്കുകിൽ. 87

'ശരി, യാകട്ടെ'യെന്നുടനുരച്ചു രാഘവൻ
ശരവും കിഴക്കുദിശനോക്കി വിട്ടുതേ
പുരുപുണ്യവാൻമുനി കടന്നിടാത്തവൻ
പരിഘം സുരേശപുരിക്കുതായിതേപോൽ. 88

തലതാഴ്ത്തി'യെൻപിഴ പൊറുക്കുകെ'ന്നു കാൽ-
മലർ കൂപ്പി മാമുനിയൊടോതി രാഘവൻ
ബലശാലികൾക്കജിതനായ ശത്രുവിൽ-
കലരും വണക്കമിഹ കീർത്തിവർദ്ധനം. 89

ജനകന്റെ ശാന്തതയെ, രാജസതമാം-
ജനനീഗുണം പാരമൊഴിച്ചു, താത നീ
അനഘം നിനയ്ക്കിലിതുകൊണ്ടെഴും ഫലം
ജനനാഥ! ശിക്ഷയിതു രക്ഷയായിതേ. 90

തടവും സുരേശ സുരകാര്യമൊക്കെ നീ
തടവും വെടിഞ്ഞു ഭുവി ചെയ്ക, പോട്ടെ ഞാൻ,
സ്ഫുടമേവമസ്സുരജനൊത്ത രാമനോ-
ടുടനോതി മാമുനിവരൻ മറഞ്ഞുതേ. 91

ഘോരാരി പോയ്ജയി രാമനെ വീണ്ടുമുണ്മാ-
യോടാവിധം തെളിവിയന്ന നൃപൻ പുണർന്നു
ആ രാജവത്സനഴലാറിടുമാസ്സുഖം തി-
യ്യാരാൽപെടും തരുവിൽ വന്മഴപോലെയായി. 92

നരവരനഥ നന്നായ്ത്തീർത്ത കൂടാരമുൾപ്പു-
ക്കിരവു ചിലതു മാർഗ്ഗേ പോക്കിയബ്ഭ്രത്തുല്യൻ
ധരണിമകളെ നോക്കും മാനിനീലോചനേന്ദീ-
വരമഞ്ജരീജനാൽച്ചേരുമന്നാരയോദ്ധ്യയ്ക്കണഞ്ഞു. 93

(പതിനൊന്നാം സർഗ്ഗം കഴിഞ്ഞു)

---

## പന്ത്രണ്ടാം സർഗ്ഗം.

ആഹരിച്ചു വിഷയത്തിലണങ്ങും
സ്നേഹമാപ്രഭുദശാന്തമണഞ്ഞോൻ
ദേഹനാശവുമടുത്തിരവറ്റാ-
സ്നേഹദീപശിഖമാതിരിയായീ. 1

നാടിനീശനുടെ കാതിനടുക്കൽ
കൂടി, രാമനിള നൽകുകയെന്നായ്
പേടി കൈകയിയിലാർന്നപടിയ്ക്കോ-
തീടിനാൻ ജരനരച്ചലമോടേ. 2

രാമനഭ്യുദയമാം കഥ രാമ-
പ്രേമമേറിയൊരു പൌരരിൽ നീളെ
ക്ഷേമമായ് രസമണച്ചിതതോടാ-
രാമവൃക്ഷമതിലെന്നകണക്കേ. 3

സാരമാം തദഭിഷേകപദാർത്ഥം
ക്രൂരചിത്തമൊടു കേകയപുത്രി
പാരമന്നു വഷളാക്കി നൃപൻതൻ-
ഘോരമാലൊടൊഴുകും മിഴിനീരാൽ. 4

കാന്തനന്നനുനയിച്ചൊരു കോപാ-
ക്രാന്തതദധരയുഗത്തെ വമിച്ചു
ഹന്ത രണ്ടർത്ഥിയെ വാസവസിക്താ-
നന്തതന്നളയിൽനിന്നു കണക്കേ. 5

ഒന്നിനാലൊരു ചതുർദ്ദശവർഷം
തന്വി രാഘവനെ നാടുകടത്തി
ഒന്നിനാൽ വരവിനാശഫലം താൻ
വന്നിടും മഹി മകന്നുമിരന്നു. 6

താതനേകമളവാദ്ധ്യമെടുത്തു
ഭൂതധാത്രിയിതു മാലൊടു രാമൻ
പ്രീതനായി വിപിനത്തിനു പോവാൻ
ചെയ്തു തീർച്ചയുമവൻ പുനരേററു. 7

പട്ടുടത്തളവുമായതവൻ കൈ-
വിട്ടു വൽക്കലമതേന്തിയപോഴും
ഒട്ടുമാസ്യരുചി മാറിയതില്ലാ-
മട്ടു കണ്ടു ജനമത്ഭുതമാണ്ടു. 8

സീതയോടുമഥ ലക്ഷ്മണനോടും
താതസത്യപരിരക്ഷണകാംക്ഷി
പ്രീതനായ്യൂടിയ ദണ്ഡകയിൽപ്പോയ്-
പൂതസജ്ജനമനസ്സിലുമൊപ്പം. 9

മന്നവൻ മകനകന്നഴൽമൂത്താൻ
മുന്നമാർന്ന മുനിശാപമതോർത്തു
ഖിന്നനായുടൽ വിട്ടാനതു മോചി-
ക്കുന്നതല്ല ദൃഢമെന്നുമുറച്ചു. 10

ശൂരരായൊരു കുമാരകരന്ന-
ന്നേരമസ്ത്രമയമീശ്വരനാർന്നും
പാരതാപ്പുഴന്നു പാർപ്പതിൽ വമ്പു-
ള്ളോരരാതികളിലാമിഷമായി. 11

മാതൃബന്ധുനിലയത്തിൽ വസിക്കും
പൂതനാം ഭരതനെസ്സചിവന്മാർ,
വീതനാഥർ പുരവാസികളോതി-
ട്ടപ്പിച്ചു ബാഷ്പവുമടക്കി വരുത്തി. 12

ആയിളാരമണനഗ്നിവർണ്ണം
പോയിയെന്ന കഥ കേട്ടൊരുനേരം
സ്ഥായിയമ്മയിലെമാതിരിതാൻ സ്വ-
ശ്രീയിലും ഭരതനൊപ്പമകന്നു. 13

ആശ്രമസ്ഥർ, പഥി തമ്പിയൊടൊത്താൻ
വിശ്രമിച്ച തരു കാട്ടിയതൊക്കെ
അശ്രുവാർത്തനുശമിച്ചു സസൈന്യം
വിശ്രുതൻ ഭരതനഗ്രജനെത്താൻ. 14

ഗോത്ര വിട്ടു ഗുരുവെന്നറിയിച്ചാ-
ച്ചിത്രകൂടവനവാസിയെ മാന്യൻ
തത്ര താൻ മുതൽ തൊടാതെഴമാത്രീ-
യത്രയും കഴലിൽ വെച്ചുവിളിച്ചു. 15

ശ്രീയിലഗ്രജനു മുമ്പു തനിക്കു-
ണ്ടായിട്ടും കൊതിയൊട്ടൂഴി ഭുജിച്ചാൽ
പോയി കാര്യമഖിലം പരി,വേത്താ-
വായിയെന്നു കരുതീ ഭരതൻതാൻ. 16

നാകമാണ്ട ജനകന്റെ നിദേശം
സ്വീകരിച്ചുമുവിട്ടാഞ്ഞ,വനപ്പോൾ
'നൽക നാട്ടിനധിദേവതയാകാൻ
നീ കനിഞ്ഞരുളിയ പാദുക'യെന്നാൻ. 17

രാമനങ്ങിനെയതേകിയയച്ചോ-
രാഗഹാമതിപുരിക്കണയാതെ
രാമരാജ്യനിലയിൽപ്പര നന്ദി-
ഗ്രാമമാം ദിശി വസിച്ചു ഭരിച്ചു. 18

നാട്ടിനില്ല കൊതിയഗ്രജനിഷ്ഠ താൻ
കൂട്ടി ഭക്തിയവനിങ്ങനെയായി
വാടിയമ്മയുടെ പാപമൊഴിപ്പാൻ
തേടിയോ വഴിയിതെന്നിഹ തോന്നും. 19

കാട്ടകം തിന്നനുജനൊത്തൊരു രാമൻ
സ്ത്രീകരംമൈഥിലിയൊട്ടുമാവിപിനത്തിൽ
ശോകമററു ശമമാർന്നിതിവ്വിക്ഷ്വാ-
ക്ഷ്വാകർമാതിരി യുവാവു നടന്നു. 20

ഛായ,തൻമഹിമയാലിളകീടാ-
തായ വന്മരമണഞ്ഞൊരുനാളിൽ
ജായതൻമടിയിലൊട്ടു കിടന്നാ-
നായവൻ ശ്രമമിയന്നവിധത്തിൽ. 21

കാകനെന്റെ ബത! കീറി നഖത്താൽ
കോകരമ്യമവളാം തന്റെ കുചംപോൽ
രാഗമാൎന്ന രമണൻ പരമേകം
ഭോഗചിഹ്നമമാക്കെതിപ്പോരു മട്ടിൽ. 22

അന്നിഷീകശരമെയ്തിതവങ്കൽ
തന്നധികാൎയ്യമറിയിച്ചൊരു രാമൻ
ചെന്നിടുന്നൊരതിൽനിന്നവനും ക-
ണ്ണൊന്നിനെബ്ബത! കൊടുത്തുടൽകാത്തു. 23

നാട്ടതെല്ലരികിലാണിനിയും വ-
ന്നീടുമമ്പ് ഭരതനെന്ന ഭയത്താൽ
കൂട്ടമുൽസുകത മാനിനി ചേൎത്താ-
ക്കാട്ടു വിട്ടു നടകൊണ്ടിതു രാമൻ. 24

സൽക്കരിച്ചൃഷികുലാലകരം ചേൎന്നാ-
ശാക്കമുദിക്കിന്ന തിരിച്ചിതു രാമൻ
നോക്കിയും ചില വാൎഷികരാവെ
പാൎക്കുമക്ഷരകരൻ രവിപോലെ. 25

ൎക്കകയാത്മജ തടുക്കുകിലും സ-
ല്ലോകമാൎന്നുണരമാൎത്ഥ ലക്ഷ്മി
പോകയോ പിറകെയെന്നവിധം പോയ്
കോകരമ്യകുചഭൂമിജകൂടെ. 26

അംഗരാഗമനസൂയയണിഞ്ഞു-
ള്ളംഗമേന്തുമതിപുണ്യമണത്താൽ
അംഗനാമണിവനേ മധുരങ്ങാം
ഭൃംഗമാലവെടിയുംപടിയാക്കി. 27

ഭീമനന്തിമുകിലിൻപടി കമ്പി-
ച്ചാമഹാരം വിരാധനിശാടൻ
രാമനെപ്പഥി തടുത്തു വശായീ
സോമനെക്കൊടിയ രാഹുവിനാകേ. 28

ധൂർത്തിനാൽഖ് ഭുവനശോഷണനാബ് ഭ്രു-
പുത്രിയേയവരിൽനിന്നു ഹരിച്ചു.
എത്തി വൃഷ്ടിയെ നഭസ്യ നഭോമ-
ദ്ധ്യത്തിൽ നീക്കിടുമവഗ്രഹമൊരുത്തൻ. 29

ചീർത്ത കോപമൊടു രാഘവർ കൊന്നാ-
ഴൂത്തനെക്കുഴിയിലിട്ടഥ മൂടീ
ആ സ്ഥലത്തെ വഷളാക്കിടുമാറായ്-
ച്ചീർത്തനാറ്റമണയാതെയിരിപ്പാൻ. 30

ചെന്നു പഞ്ചവടിയിൽ സുഖമാണ്ടി-
ങ്ങെന്നു രാമനഗസ്ത്യനിദേശാൽ
ചേർന്നു തൽസ്ഥിതി വിടാതഥ വിന്ധ്യ-
ക്കുന്നുപോലെ കുള്ളുകരത്തൊട്ടു വാണു. 31

രാവണാവരജ രാമനെയപ്പോ-
ഴാവനേ മദനമാലയൊടണഞ്ഞു
ശ്രീവളർന്ന മലയദ്രുമവേ വേനൽ-
ത്തീവലസ്സുമൊരു പാമ്പുകണക്കേ. 32

സീതതന്നരികിലേയവനെപ്പോയ്
ജാതരാഗമവളന്നു വരിച്ചു.
കാതരാക്ഷികളിലേറെ വളർന്നാ-
ച്ചൂതബാണനതിനാ സമയത്തേ. 33

'വാമനേത്രയിവളെൻറ കളത്രം
നീ മമാനുജനെയിന്നു വരിക്കൂ'
കാമമൊട്ടുമിലവിട്ടവളോടാ-
രാമനിങ്ങിനെ ബലാദഭ്യധത്ത. 34

കണ്ടു ക്ഷണം കൊതിയണ്ണനിലാദ്യം
പൂണ്ടുവെന്നവനമാദരിയാത്താൾ
വീണ്ടുമെത്തി രഘുനാഥസമീപേ
രണ്ടുവക്കമണയും പുഴപോലെ. 35

ഏററവും ക്ഷുഭിതയായ്, മൃദുഭാവം
ചെററണഞ്ഞൊരവൾ, സീത ചിരിക്കെ
കാററകന്നിളകിടാക്കടൽതൻ വ-
ക്കോററചന്ദ്രികയിലെന്ന വിധത്തിൽ. 36

നോക്ക നിൻെറ പരിഹാസമിതിന്നി-
ന്നാക്കമപ്ഫലമുടൻ തരുവൻ ഞാൻ
നോക്ക പെൺപുലിയെ മാൻപിട കോപി-
പ്പിക്കുമാറു തൊഴിലു നീ തുടരുന്നു. 37

ചീർത്ത കോപടിമയോടു മേനിവരാങ്കേ
ചേർത്ത ജാനകിയൊടിങ്ങിനെയോതി
അത്ര ശൂർപ്പണഖ, തന്നുടെ പേരി-
ന്നൊത്തരൂപമുടനേ വെളിവാക്കി. 38

ഒട്ടു മുമ്പു കയിലൊച്ചയൊടാത്താ-
മട്ടു പോകയുമൊടിയാരോരികണക്കെ
കേട്ടു നാളമിതു രാക്ഷസിയെന്നാ-
യിട്ടു ലക്ഷ്മണനമപ്പൊഴറിഞ്ഞു. 39

ആത്തവേഗമുറയ്യൂരിയ വാളോ-
ടൊത്തടുത്തരിയ ശാഖയിലെത്തി
അത്തലഗ്രജനവിന്നഥ വൈരൂ-
പ്യത്തെയപ്പൊഴവനൊന്നു വളർത്തി. 40

നീട്ടി വക്രനഖരം, മുള്ളുപോലെ-
ക്കൂട്ടിപല്ലു്,മിത്ഥമാതിരിയായി
തോട്ടിയൊത്ത വിര,ലംബരമേറി-
ക്കാട്ടിനോക്കിടുവിനെന്നവളോതി. 41

എത്തി വേഗമവളന്നു ജനസ്ഥാ-
നത്തിലക്ഖരമുഖാശരരോടായ്
പുത്തനാപ്പരിഭവം ദിതിജൌഘ
ചേത്തരാമകൃതമുന്നയമോതി. 42

പോക്കരാമനൊടെതിർത്തുടനെല്ലാം
മുഷ്കചിത്തദിതിജക്കഥ മുമ്പിൽ
മൂക്കപോയൊരവളം ചേന്നു താനെ-
ല്ലാക്കമന്നു ശകുനപ്പിഴയായീ. 43

ശസ്ത്രമൂററമാട്ടയത്തിയടുത്താ-
ശ്ശാത്രവപ്പടകൾ കണ്ടൊരു രാമൻ.
ചേത്തു വില്ലിൽ വിജയാശയെയാസ്സൌ-
മിത്രിയിൽ ജ്ജനകനന്ദിനിയെയും. 44

ഒററരാമ,നെതിരിട്ടൊരരക്ക-
ക്കൂററമില്ലടലിലപ്പൊഴതെന്നാൽ
എററരാമനെയുമന്നൊരുപാടായ്
മാററലർപ്പടയിലുള്ളവർ കണ്ടു. 45

ദോഷഹീനനഥതന്നൊട്ടരയ്ക്കും
ദൂഷണോക്തികളിലെന്നകണക്കേ
ദൂഷണന്നമമന ഇജ്ജനവ്രതസ-
സന്തോഷമേകിയണയെ ക്ഷമവിട്ടു. 46

അയ്മ്പുവിട്ടവനൊടും ത്രിശിരസ്സാ-
വമ്പുയന്ന ഖരനെന്നിവരോടും
മുമ്പുപിമ്പറിയുവാൻ പണിയാമെ-
ട്ടമ്പുവിട്ടടലിനേററിത്തു രാമൻ. 47

വീതകമ്പമവർ മൂവരിലും താ-
നെയ്ത്തപൂതനിശിതക്കണെ മൂന്നാൽ
പീതമായവരിലുള്ളൊരു ജീവൻ
പെട്ടുഘോരപലപക്ഷികളാലും. 48

ഏററഘോഷവശത്തിൽ മുഴിഞ്ഞൊ-
രററമെററഴൽരക്തജലത്തിൽ
ഏററതില്ലടലതിങ്കൽ പുനരാരും
കൂററനാം പലകബന്ധമൊഴിഞ്ഞാൽ. 49

അസ്ത്രമെയ്യുമൊരുരാമനൊടേററി-
ട്ടെത്രയും വലിയ രാക്ഷസസൈന്യം
തത്ര വേഗമുണരാതെതിരേററക്കം
ഗൃധ്രപക്ഷനിഴൽ മേൽത്തുടർന്നു. 50

പ്രാണനാശകരരാമശരത്താൽ
വീണരാത്രിചരർതൻചരിതത്തെ
കെവണംപേശനൊട്ടു ചൊൽവതിനേറെ-
ക്കേണ ശൂർപ്പണഖ മാത്രവുമായി. 51

കാലനാപ്തരെയയച്ചുനജസ്സും
മാലനല്പമുടനേകിയ രാമൻ
കാലണച്ചുതലപത്തിലുമെന്ന--
ക്കാലമഞ്ചാനദസോദരനോർത്തു. 52

ഹേമമാൻവടിവിയന്നൊരരക്കൻ
രാമലക്ഷ്മണരെയാശ്രമപതിയ്യും
ഭീമഗൃദ്ധ്റകൃതവിഘ്നമൊഴിച്ചാ-
രാമപത്നിയെ ഹരിച്ചു ദശാസ്യൻ. 53

വീണരും ചിറകുമായ്ഗളവർത്തി-
പ്രാണനാൽ പിതൃഹിതക്കടമാററി
വാണഗൃദ്ധ്റനെയടുത്തവർ കണ്ടാ-
രേണശാബമിഴിയെത്തിരയുമ്പോൾ. 54

കട്ടുമൈഥിലിയെ രാവണനെന്നാ-
യിട്ടനേക്കമൊഴിയാലവനോതി
ഒട്ടുതമ്പണികളേററപരിക്കാൽ
നട്ടമല്ലലൊടുകാട്ടിമരിച്ചു. 55

താതനാശകൃതമാലിന പാരം
നൂതനതാപമുളവായവർ പിന്നെ
താതനെന്നവിധമായ് ശവദാഹം-
ചെയ്തഹോ! ക്രിയകളൊക്കെ നടത്തി. 56

കൊന്നശാപമൊഴിവായ കബന്ധൻ
താനുചൊല്ലുമുപദേശവചസ്സാൽ
അന്നമാലുസമമാം കപിയായി-
ച്ചെന്നു ദാശരഥി ചെയ്തിതു സഖ്യം. 57

കീശനാഥനെ വധിച്ചവിടെത്താ-
ന്നാശപോലെ രവിപുത്രനെയാക്കീ
ക്ലേശമററരിയധാത്രുവിൽ നല്ലാ-
ദേശമെന്നവിധമാണ്ടു ചശാഖി. 58

എങ്ങുഭൂമിമകളെന്നു തിരഞ്ഞാ-
ട്ടങ്ങുമിങ്ങുമഥ ഭർത്തൃനിദേശാൽ
ത്തിങ്ങുമക്കപികൾ ചെന്നിതു രാമ-
ന്നങ്ങുമിച്ചപല ചിന്തകൾപോലെ. 59

ഖ്യാതിയേറുമവർതൻകഥയാസ്സ-
മ്പാതിദർശനവശാലറിവായി
വാതസൂനു കടലങ്ങുകടന്നു
വീതരാഗനിധമായ കണക്കെ. 60

ദൃഷ്ടയായ് ക്ഷിതിജയങ്ങവനാലാ-
ദുഷ്ടരാക്ഷസികൾ ചുററുമിരിപ്പോൾ
വാട്ടമാർന്ന വിഷവല്ലികൾ ചുററും-
പെട്ട നല്ലൊരു മഹൗഷധിപോലെ. 61

ത്തുംഗമോദമതിരറ്റല്ലൊരുമട്ടിൽ
പൊങ്ങുമാക്കുളിർസുധാശ്രു വളർത്തി
ങ്ങവൾക്കു കണവന്റെയഭിജ്ഞാ-
നാംഗുലീയമുടനാക്കപി നൽകീ. 62

ക്ലേശമാററി കപി രാഘവസൽസ-
ന്ദേശമോതി,മൃതിയക്ഷനരചേർത്തു,
ലേശമൊന്നഥ മടങ്ങി,തനിച്ചാ-
ദ്ദൂതമൊരൊന്നഥ വൃത്തമുടിച്ചു. 63

രാമനേകികൃതിസീതകൊട്ടത്താ-
രാമനോജ്ഞമണിയാമടയാളം
രാമമാരിൽ മണി തന്നുടെ നല്ലോ-
രാമനസ്സിന്നടയോരുടൽപോലെ. 64

തങ്കലാമണിയണച്ചവനന്നാ-
തങ്കമാററമിഴി തെല്ലഥ ചിമ്മി
കൊങ്കമൊട്ടൊടണയാതണിയായ്ത്തൻ-
മങ്കയെപ്പുണരുമസ്സുഖമാർന്നു. 65

സല്പഗാത്രിയുടെ വാർത്തകൾ കേട്ട-
ന്നിപ്പസംഗമസുഖത്തിൽ വല്ലന്നോൻ
തുല്യമാം ചെറുകിടങ്ങിഹ ലങ്ക-
യുച്ചലജ്ജലധിയെന്നവനോർത്തു. 66

പോരിലാരിപ്പുവിനെക്കൊലചെയ്യാൻ
ഭൂരിവേഗമൊടവൻ നടകൊണ്ടാൻ
പാരിലല്ല ഗഗനത്തിലുമേറെ-
ക്കേറിടുന്ന കപിസേനയുമായി. 67

കാക്കയെന്ന കടൽവക്കിലവൻതൻ-
കാക്കൽ വീണിതു വിഭീഷണനപ്പോൾ
തൽക്കമറ്ററിവു പുണ്യജയശ്രീ-
തൃക്കമോർത്തരുളിവിട്ടതുപോലെ. 68

പ്രീതിയോടവനെ പുണ്യജനോദ്യൽ-
ഭൂതിയേകുവതിനേററിതു രാമൻ
നീതി നല്ലതരയല്ലതു തുടർന്നാൽ
ചെയ്തിടുന്നു ദൃഢമിഷ്ടഫലത്തെ. 69

അങ്ങിരുന്നവന്നമുപ്പുകടൽക്കാ-
ത്തിങ്ങിടും കപിവഴിയ്ക്കണകെട്ടി
പൊങ്ങി നാഗപുരവാസിയനന്തൻ
ശാർങ്ഗിയേറുവതിനെത്തിയപോലെ. 70

ശങ്കവിട്ടതുവഴിയ്ക്കുകടന്നാ-
പ്പിംഗളോൽക്കടകപിപ്പടപിന്നെ
ലങ്കയെബ്ബത! വളഞ്ഞിതു രണ്ടാം-
തങ്കരമ്യമതിലെന്നുപോലെ. 71

ഭീമരാക്ഷസകപീശ്വരർതമ്മിൽ
പോർ മുഴത്തൊട്ടുടനങ്ങുതുടങ്ങീ
കേമമായ്ദ്ദിശിമുഴങ്ങിവളന്നാ-
രാമരാവണജയധ്വനിയോടേ, 72

മൃത്യുദാരുപരിഘത്തെയൊടിച്ചും
മുൾത്തടിയ്ക്കുശിലനാശമണച്ചും
അസ്ത്രമൊത്തനഖരങ്ങൾതറച്ചും
മത്തഹസ്തിമലയേറുമലച്ചും, 73

ഭർത്തൃമസ്തകമറുത്തതുപിന്നെ-
പ്പാർത്തു സീത മതി മങ്ങിവിഴുമ്പോൾ
മാർത്ഥമായദ്ദൃഢമെന്നുടനോതി-
തീർത്തിതേ ത്രിജട ചിത്താരുതാപം. 74

ജീവനോടെ മരുവുന്നു ദൃഢം മൽ-
ജീവനാഥനിതിമാലവൾവിട്ടു
ജീവനററവിധമോർത്തതിൽ നാശം
കൈവരാഞ്ഞു ബഹുലജ്ജകലർന്നോൾ. 75

ഇന്ദ്രജിദ്വിശിഖബന്ധനമപ്പ-
ക്ഷീന്ദ്രനെത്തിയൊഴിയുന്നതിനുള്ളിൽ
ച്ചേൎന്നതല്പഴൽ കിനാവിലെമട്ടായ്-
തീൎന്നു ദാശരഥിമാൎക്കു തദാനീം. 76

കീറിമാറ് സുരമൌലിപിടുംവേൽ
കേറിലക്ഷ്മണനു,രാമനുമപ്പോൾ
ഏറിടുന്നൊരഴലാലശ്രു മാറിൽ
കേറിടാതെ നിജ ഹൃത്തു പിളൎന്നു. 77

കൊണ്ടുവന്നൊരു മഹൌഷധിവീൎയ്യാ-
ക്കൊണ്ടു മാരുതിയവന്നഴലാററി
വീണ്ടുമാശരികളങ്ങു തദസ്ത്രാ-
ക്കൊണ്ടു രോദനവിധങ്ങൾ പഠിച്ചു. 78

മേഘനാദനനിനാദവുമിന്ദ്രാ-
മോഘവില്ലൊലി കലൎന്ന ധനുസ്സും
മേഘമാന്നിര ശരത്തുകണക്കേ
ലാഘവത്തൊടവനൊക്കെ മുടിച്ചു. 79

കുംഭകൎണ്ണനഥ മിത്രജനാലേ
തൽപ്രിയസ്വസൃസമസ്ഥിതിയാണ്ടോൻ
വമ്പനാക്ഷതമനശ്ശിലനദ്രി-
ക്കൊമ്പതെന്നപടി രാമനൊടേററു. 80

ഇഷ്ടനിദ്രയിൽ വൃഥാതപമകാലേ
ജ്യേഷ്ഠനിങ്ങനെയുണൎത്തിയുണൎന്ന
കഷ്ടമെന്നപടി രാമശരൌഘാ
ദ്ദുഷ്ടനേകിയുണരാത്തൊരുറക്കം. 81

അന്യരാക്ഷസരുമററമകന്നീ-
ട്ടുന്ന വാനരരിലാശു പതിച്ചു
അന്നുതദുദധിവന്നളിനൌഘം
ചെന്നുപോരിലുയരുംപൊടിപോലെ. 82

ഭീമവിക്രമിദശാസ്യനടുത്തക്കളം-
ക്കാമമാന്റ പുരിവിട്ടഥചെന്നു
പോർമദത്തൊടടുത്തുനാളംബ്ലവിതാനോ
രാമനോ വിഴണമെന്നുമുറച്ചോൻ. 83

തേരിലാശരവരൻ, രഘുനാഥൻ
പാരിലെന്നമഥപാർത്തൊരുനേരം
പോരിനായ് ഹരിഹയാഢ്യരഥം പാ-
കാരി രാഘവനു വേഗമയച്ചൂ. 84

സ്പന്ദിത്തിരയണിക്കുളിർകാറേ-
റവുന്നതക്കൊടിയുമാടിയടുക്കെ
ഇന്ദ്രസൂതനുടെ കയ്യുപിടിച്ചി-
ട്ടന്നവൻ കയറി ജൈത്രരഥത്തിൽ. 85

ആസുരാസ്ത്രമലരിൻപടിയാക്കും
ഭാസുരേന്ദ്രകവചത്തെയുമപ്പോൾ
ആസുരേന്ദ്രനുടെ സാരഥി ചേർത്താൻ
ഭൂസുതാപ്രിയതമത്തിരുമെയ്യിൽ. 86

പോർമദപ്രകടനത്തിനു തമ്മിൽ-
ക്കാണമതാമിടചിരാലുളവായി
രാമരാവണർ നടത്തിയ യുദ്ധം
സീമയററ ചരിതാർത്ഥതയാർന്നു. 87

കൈകകരം മൌലിങ്ങുടയെയിവയെല്ലാ-
മേകമെന്നങ്കിലുമനേകമിണങ്ങി
പാകമായ് സ്വജനമൊത്ത പടിയ്യൂം-
ലോകർകണ്ടു ദശകണ്ഠനെയപ്പോൾ. 88

വെന്നു ദിക്പതികളെ, സ്വമുഖത്താ-
ലിന്ദുശേഖരപദാർച്ചനചെയ്തു,
ചെന്നു വെള്ളിമലപൊക്കി, യിത്താത്ത-
ന്നാൻ രാമനരിയിൽ ബഹുമാനം. 89

ചേരുമൂഴിജയൊടന്നിളകിക്കാ-
ണ്മൊരു രാമനൊടെ ദക്ഷിണഹസ്തേ
കേറുമാറുകടുരോഷമൊടന്നു-
ക്കേറുവോരു ശരമെന്തു ദശാസ്യൻ. 90

വമ്പുകൂട്ടുമൊരു രാമനയച്ചോ-
രമ്പുമാശരവരോരസി കേറി
പാമ്പുകൾക്ക ഹിതമങ്ങറിയിപ്പാൻ
ചെമ്പുമപ്പടി കടന്നിതു ഭൂവിൽ. 91

വാക്കവാക്കിനിഷു ചമ്പിനിവണ്ണം
ചീക്കപോരു ജയവാഞ്ഛരയൊടപ്പോൾ
നേർക്കുമപ്പട കടുത്തിതു വാദി-
പ്പോക്കുവാക്കലഹമെന്ന വിധത്തിൽ. 92

തത്രകിട്ടീയിടവിട്ടു ജയശ്രീ
ചീർത്തവിക്രമവശാലിരുപേർക്കും
യുദ്ധഭൂമിയിൽ നടുത്താ, നേർക്കാ
മത്തവാരണയുഗത്തിനുപോലെ. 93

ചെയ്തതിന്നു ശരിയായെതിർചെയ്തു
പ്രീതരായവരിലാസ്സുരദൈത്യർ
പെയ്തപൂമഴയെയങ്ങു സഹിച്ചീ-
ലെയ്തുടക്കുമവർതാൻ വിശിഖങ്ങൾ. 94

വാടിടാതരിയിലാണികളങ്ങാ
മോടിയേററിയ ശതഘ്നി ദശാസ്യൻ
തേമിയുകൊണ്ടു ഹരിച്ചു യമൻതൻ-
കൂടശാല്മലികണക്കെയെറിഞ്ഞു. 95

തേരണഞ്ഞതിനു മുമ്പതു രാമൻ
തീരെയാശരകപാശമയൊടൊപ്പം
സാരപുംഖശരമെയ്തു മുറിച്ചാൻ
സ്വൈരമാക്കദളിവാഴ കണക്കേ. 96

പോർക്കുചെല്ലുമവനായ്പടുവില്ലാ-
ളാക്ക മുമ്പനഥ തന്നുടെ വില്ലിൽ
നേർക്ക ചേർത്തു ദയിതാമണതുല്യം
തീക്കുമൌഷധമമോഘമഹാസ്ത്രം. 97

ദീപ്തിചിതറിയ പത്തു മുഖത്തോ-
ടൊത്തു കൊണ്ടതു വിയത്തിൽ വിളങ്ങി;
പത്തു പത്തികൾ പരന്നിയ പാമ്പിൻ-
മൂർത്തിപോലധികഭീഷണമായി. 98

അർദ്ധമാത്രയിലരുത്തു, സമന്ത്രം
തത്ര വിട്ടൊരതിനാലഥ രാമൻ
പത്തുവക്ത്രനുടെ ഭീഷണവക്ത്രം
പത്തുമൊത്തു മുറിനോവറിയാതെ. 99

ദാരുണാശരകലേശപരികായം
ചേരുമത്തലകളററുവിഴുമ്പോൾ
നീരുചേർന്നലകളാൽ മുറിവും ബാ-
ലാരുണപ്രതിമപോലെ വിളങ്ങീ. 100

അന്നവന്റെ തലയററുപതിച്ചീ-
ട്ടുന്നതങ്ങമരർ കാങ്കിലുമപ്പോൾ
വന്നതില്ലതിലുറപ്പു,ള്ള കൂടാ-
വുന്നതെന്തു വഴ്ടി ശങ്ക നിമിത്തം. 101

കേറാൻ ദിക്പാലരാജക്കരികളുടെ കവിൾ-
ത്തട്ടു കൈവിട്ടു ദാന-
ച്ചാറാലേറെക്കനക്കം ചിറകിളകിയുള്ളി
ക്കൂട്ടമെത്തുംവിധത്തിൽ
ചേരാനാരാൽ കിരീടം തിരുവൊരുവന്തന്മൌ-
ലസ്ഥ്യമൂർദ്ധാവിലപ്പോൾ
സാമോദം പരത്തിസ്സുരനിര പൊഴിയും
പുഷ്പവർഷം പതിച്ചു. 102

ശ്രീരാമനോടു സുരവേല കഴിച്ചു വിൽത്തൊ-
ണാരാലഴിയെയ്യുയറിയിപ്പു സുരേന്ദ്രസൂതൻ
പോരാർന്ന രാവണശരം കൊടിമേൽത്തറച്ചു
തേരായിരം ഘരി നടത്തുവതൊത്തുയർന്നു. 103

ശ്രീരാമൻ ശിഖിശുദ്ധയാം ദയിതയെ
ക്കയ്യേല്ക്കൊണ്ടു സൌഹാർദ്ദമാ-
ർന്നോരാസ്സാധു വിഭീഷണന്നുടനരി-
ശ്രീയും കൊടുത്തങ്ങിനെ
സുരാപത്യമൊടൊത്തുകൂടെയവനും
സൌമിത്രിയും ചേർന്നു വ-
ന്നോരാൽക്കിട്ടിയ പുഷ്പകത്തിൽ നിജ നാ-
ട്ടിന്നായ്പുറപ്പെട്ടു തേ. 104

(പന്ത്രണ്ടാംസർഗ്ഗം കഴിഞ്ഞു.)

—:*:—

# പതിമൂന്നാം സർഗ്ഗം.

—೦—

തേരാൽഗുണജ്ഞൻ ഹരിരാമനന്നഹോ!
നേരായ തൻശബ്ദഗുണംപെടും പഥം
പാരാതെ ചേർന്നേവമുരച്ചു കാന്തയോ-
ടാരാൽ പതുക്കെക്കടൽനോക്കിയിങ്ങനെ:— 1

ജായേ! സഫേനം മലയാദ്രിയോളമി-
ന്നീയാഴിമത്സേതു പകുത്തു കാണ്കെടോ
ശ്രീയാർന്ന നക്ഷത്രമൊടും ശരത്തിലാ-
ഛായാപഥം ചേർന്ന നഭസ്സുമാതിരി. 2

പാതാളലോകേ കപിലൻ മറച്ചത-
ത്താതാധ്വരാശ്വത്തിനെയും തിരഞ്ഞുടൻ
വീതാമയം നമ്മുടെ പൂർവ്വരാഴിയെ-
ബ്ഭ്ര താഴ്ത്തിയേവം വലുതാക്കി പണ്ടുപോൽ. 3

സൂരാംശുവഗ്ഗഭ്മിതിൽദ്ധരിച്ചിട്ടും
പാരാതെ രത്നം പെരുതാമിതിൽപരം
നീരാൽ ജ്വലിയ്ക്കും ശിഖിയുണ്ടിതിൽ, സുധാ-
സാരാംശുവും സ്വൈരമിതിൽ പിറന്നതേ. 4

ഓരോരുമട്ടാന്നിഹ പത്തു ദിക്കിലും
വേരോടിയെന്തിത്രയിതെന്നൊരുത്തനും
നേരോട്ടു കാണ്മാൻ കഴിയാത്തൊരാരമാ-
ദാരോരുമാഹാത്മ്യമിതിന്നെഴുന്നതേ. 5

ഹാ! കാന്തനാഭീകമലസ്ഥനായ് സ്തുതി-
ച്ചേകാന്തഭക്ത്യാ വിധി വാണിടുംവിധം
ലോകാന്തവും ചേർത്തിഹ യോഗനിദ്രയിൽ
ശ്രീകാന്തനേന്തും രസമോടെഴുന്നതേ. 6

പക്ഷങ്ങൾ ഗോത്രാരിയരിഞ്ഞ ഭൂമിഭൃ-
ല്ലക്ഷങ്ങളാലാശ്രിതനിശ്ശരണ്യനോ
രുക്ഷാരി തോല്പിച്ച നൃപാലരാൽ പരം
രക്ഷയ്ക്കു ധമ്മോത്തരമദ്ധ്യമൻവിധം. 7

കല്പാന്തകാലത്തു രസാതലസ്ഥനാ-
യ്യെല്ലാണ്ടു പണ്ടാദിപുമാനയത്തവെ
നൽപ്പാരിനേകീക്ഷണമിപ്പയോധിതാൻ
തല്പാവനാംശസ്സുകളാൽ മുഖപ്പടം. 8

ഏററന്തരംഗാധരമാറിനേകിയും
തെററന്നതേകുന്ന മുഖത്തെ വാങ്ങിയും
തെററാതെ കാട്ടുന്നിതു നിത്യമീയിവൻ
മററാക്കുമില്ലാത്ത കളത്രവൃത്തിയെ. 9

ആറിൽമുഖാംഭസ്സസസതപമായ്ത്തുറ-
ന്നോരിത്തിമിയ്ക്കുള്ള മുഖേ നിറഞ്ഞുടൻ
കേറീ നഭസ്സിൽ തലതന്നിലോട്ടയോ-
ട്ടേറീടുമവക്ത്രമടച്ചിടുംവിധൌ. 10

ആതങ്കമററൂക്കൊടു പൊങ്ങിടുന്നൊരീ-
മാതംഗനക്രം നരയെപ്പിളന്നിതാ
ഹാ! തങ്കവിറക്കൊച്ചെവി ചേന്ന താമര-
ശ്രീതങ്കിടുംപോലഴകേകി കാൽക്ഷണം. 11

പാരങ്കരക്കാററുകളേററിടാൻ കടൽ-
ത്തീരങ്കരേറും തിരയൊത്ത പാമ്പിനെ
സൂരങ്കരത്താൽ മണിരാഗമേററിയി-
ന്നേരങ്കുരംഗാക്ഷി! തിരിച്ചുകാണ്ക നീ. 12

നിങ്കമ്രമാമോഷ്ഠമിടഞ്ഞ വിദ്രുമ-
ത്തിങ്കൽക്ഷണത്തിൽത്തിരയാലണഞ്ഞതഹോ!
തങ്കാമ്യവക്ത്രത്തെയണച്ചു പാരമാ-
തങ്കാൽത്തിരിയ്ക്കുന്നിതു ശംഖസംഘവും. 13

പോയപ്പയസ്സാശു കുടിച്ച മാത്രയിൽ
സ്സായൽപ്പയോധിച്ചുഴിയിൽത്തിരിഞ്ഞതഹോ!
ഈയഭ്രമേററുന്നകടഞ്ഞകാലമു-
ണ്ടായപ്രകാരം പ്രഭവീണ്ടുമിന്നിതിൽ. 14

ദൂരത്തയശ്ചക്രനിഭാബ്ധിതൻറയി-
ത്തീരത്തെയേറെച്ചെറുരേഖപോലവേ
ചാരത്തുനീലച്ഛതമാലതാലമാ-
ന്നേറത്തുരുമ്പേറിയമട്ടു കാണ്ക നീ. 15

ലോലാക്ഷി! ചെഞ്ചുണ്ടുകൊതിയ്ക്കുമയിങ്ങിനി-
ക്കാലക്ഷയം തെല്ലുണ്ണിവാനെഴുന്നതിൽ
മാലാകുമെന്നോർത്തുപോലെ ചേർത്തിതീ-
വേലാനിലൻ കേതകരേണു നിന്മുഖേ. 16

മുത്തേറവുമാറപ്ഫലനമ്രപൂഗവും
മൂത്തേറമശ്ശ്രുക്തിയുടഞ്ഞടിഞ്ഞതും
ഒത്തേറവും കാന്തിയെഴുംപയോധിതീ-
രത്തേയ്ക്കിതാ വന്നു വിമാനവും ജവാൽ. 17

പിന്നാക്കമെന്നാൽ കരഭോരു നോക്കു നാം
വന്നാവഴിയ്ക്കുണവിലോലലോചനേ!
മന്നാവനംചേർന്നകലുന്നൊരാഴിവി-
ട്ടിന്നാശു പൊങ്ങുന്നതുപോലെയായിതാ. 18

വാനോർഘനം പക്ഷിയിവക്കു സഞ്ചരി-
പ്പാനൊത്തമാർഗ്ഗങ്ങളിലൊക്കെയങ്ങിനെ
ഞാനോർത്തിടുംപോലിഹ മാറിമാറിയീ-
യാനോത്തമൻതന്നുടെ പോക്കു നോക്കു നീ. 19

ഐരാവതോദ്യന്മദഗന്ധിയായ്ത്തണു-
ത്തോരാവിയൽഗ്ഗംഗയിൽ മുങ്ങി മാരുതൻ
ഘോരാതപംചേർത്ത വിയർപ്പു നിന്മുഖ-
ത്താരാലണഞ്ഞിന്നു നകന്നിടുന്നതേ. 20

നിയ്യിത്തൊടാനായ്ജനലൂടെ നീട്ടിടും
കയ്യിന്നു വേറെ വളയൊന്നിടുംപടി
തിയ്യിന്നുനേർമിന്നൽ വെളിപ്പെട്ടുത്തുമി-
ക്കയ്യിന്നു പൂന്തേൻമൊഴി! കാങ്കു കാറതിൽ. 21

തെല്ലിജ്ജനസ്ഥാനമതിങ്കൽവിഘ്നമൊ–
ന്നില്ലിന്നിയെന്നായ്ത്തരുവല്ക്കമാർന്നവർ
ചൊല്ലിത്തദീയസ്ഥലവും തിരഞ്ഞിതാ
കില്ലില്ല കെട്ടുന്നിതു പർണ്ണശാലകൾ. 22

ഞാനത്തലാൽനിന്നെ വിരഞ്ഞിട്ടുമ്പൊഴി–
സ്ഥാനത്തുതാ,നൂഴിയിൽ വീണൊരാത്തള
മൌനത്തൊടിക്കാൽമലർവിട്ടകാരണം
ദീനത്വമേറുംപടി കണ്ടതൂഴിജേ! 23

അക്കാലമീ നിന്നെ ഹരിച്ചു രാക്ഷസൻ
മുഷ്ക്കാലെപോയാവഴിഭീരു! കാട്ടിനാർ
വാക്കാലെവയ്യാഞ്ഞിലതാഴ്ന്നശാഖയാ–
ലുൾക്കാളുമയ്മ്പാലിവനീലതാകുലം. 24

നീയെങ്ങുപോയെന്നറിയിച്ചിതന്നിനി–
യ്യോയേണിമാരും തുണവാഞ്ഛവിട്ടുടൻ
ജായേ! തദാ ദക്ഷിണദിക്കിൽ നോക്കിട്ടും
ശ്രീയേറുമൽപക്ഷ്മവിലോചനങ്ങളാൽ. 25

നീകാണുകീമാല്യവദദ്രിശൃംഗമി–
ന്നാകാശവും മുട്ടിയുരുമ്മി മുമ്പിലായ്
നീർകാളമേഘങ്ങളുമിങ്ങുനിന്നുപോയ്
ശോകാശ്രുഞാനും സമമായ്പൊഴിച്ചതേ. 26

നല്ലല്പലേമാരിയിലാർന്നഗന്ധവും
സ്വല്പം വിടർന്നുള്ള കദംബപുഷ്പവും
ഇപ്പർവ്വതത്തിൽശ്ശിഖിനാദവുംവിയോ–
ഗോല്പന്നമാലാലെയസഹ്യമായിമേ. 27

ഇക്കുന്നിൽ നീ ഭീരു! വിറച്ചചാരുമൈ-
ചേക്കും സുഖം പണ്ടിഹ കണ്ടിരിയ്ക്കയാൽ
വായ്ക്കും ശുചാ,മാററാലിഗഹ്വരങ്ങളിൽ
കായ്ക്കുന്നൊരശ്രുക്കളുള്ളിടിയും സഹിച്ചുഞാൻ: 28

വേമാരിപെയ്യേക്ഷിതിബാഷ്പമേററതിൽ
സാമാന്യമാമൊട്ടു വിരിഞ്ഞുകൊണ്ടഹോ!
മാമാത്തനാക്കീ തവ വേളിനാളിലെ-
ധൂമാരുണാക്ഷിപ്രഭചേർന്നകന്ദളം. 29

ചാരത്തെഴും ചൂരൽവനങ്ങളോടുമി-
ന്നേരത്തനേകം പടുസാരസത്തോടും
ദൂരത്തുകാണുന്നൊരു പമ്പതന്റെയാ-
നീരത്തെമാലാൽ നുകരുന്നു കണ്ണുകൾ. 30

ഒന്നിച്ചിരുന്നല്പലകേസരത്തെയ-
ന്യോന്യം രഥാംഗങ്ങൾ കൊടുത്തിടുന്നതും
അന്നിങ്ങുനീപാരമകന്നഞാൻപ്രിയേ!
കുന്നിയ്ക്കുമുൽക്കണ്ഠ കലർന്നുകണ്ടതേ. 31

പൂവിൻകുചാഭക്കുലചായ്ച്ചിതിൻതടേ
മേവുന്നൊരിത്തന്വിയശോകവല്ലിയേ,
കൈവന്നുനീയെന്നണവാൻകൊതിയ്ക്കയെൻ-
കൈവന്നുകേണന്നു തടുത്തു ലക്ഷ്മണൻ. 32

യാനത്തിലെപ്പൊന്മണിയാടിയേറിടും
ധ്വാനത്തിനാൽക്കണ്ടെതിരേററിടുംവിധം
മാനത്തുഗോദാവരിവിട്ടു സാരസം
മാനൊത്തമുഗ്ദ്ധാക്ഷി! നിറഞ്ഞുകാണ്കനീ. 33

ക്ഷാമാവലഗ്നേ! സതി! നീ നനച്ചൊരാ-
ത്തൈമാവുമീയുന്മുഖകൃഷ്ണസാരവും
ക്ഷേമാലെഴും പഞ്ചവടീവനം ചിരാൽ
സാമാന്യമല്ലാ സസുഖം തരുന്നുമേ. 34

വേട്ടയ്ക്കുപോയ്പോന്നതരംഗവായുവാൽ
വാട്ടംവിടുംമാറ് ഹ ഗോദതൻതടേ
ചട്ടററവാനീരഗൃഹേരഹസ്സിൽമാൽ
വിട്ടന്നുനിന്നങ്കമണഞ്ഞുറങ്ങിനേൻ. 3

ദേവേന്ദ്രപട്ടം നഹുഷന്നു, തെല്ലുതൻ
ഭ്രൂവെച്ചുളിയ്ക്കുന്നതിനാലെപോക്കിയോൻ
നീർവേണ്ടപോലെത്തെളിയിച്ചുപോരുവോ-
രാവേദവിത്തുഴിയിലിങ്ങു പാർപ്പുതേ. 36

പേർത്താണിടാത്തോന്റെ ഹവിസ്സുഗന്ധിയാം
ത്രേതാഗ്നിധൂമത്തല തെല്ലുതട്ടവേ
വീതാഘമാത്മാവു രജോവിമുക്തനായ്
ജാതാദരം മേലഘിമാവണഞ്ഞുതേ. 37

മാഞ്ഞോരുനേത്രേ! മുനിശാതകർണ്ണിതൻ
പഞ്ചാപ്സരസ്സെന്നവിഹാരനീരിതാ
തഞ്ചത്തിലിക്കാട്ടുചുഴന്നു, ദൂരെയായ്,
തഞ്ചാരവേ കാറെഴമിന്ദുമാതിരി. 38

മൌനത്തൊടും തീന്നിന്ദർഭയായ്പുരാ
മാനൊത്തുവാണോരവനെച്ചതിച്ചുപോൽ
ധ്യാനത്തിനാൽ പേടിയെഴും പുരന്ദരൻ
താനന്നുവിട്ടഞ്ചുവരാപ്സരസ്സുകൾ. 39

കാണാത്തസൌധത്തിലവൻ ത്തുടങ്ങയാ-
ലാണാർദ്രസംഗീതമൃദംഗജാരവം
ചേണാർന്നൊരിപ്പുഷ്പകചന്ദ്രശാലചേ-
ർന്നേണാക്ഷി! യീമാറ്റൊലികൊണ്ടിടുന്നതും. 40

ഘോരാഗ്നി നാലിന്റെ നടുക്കുനെറ്റിയും
സൂരാംശുവാൽച്ചുട്ട പരൻ മുനീശ്വരൻ
ആരാൽതപംചെയ്തരുളുന്നിതിങ്ങി,വൻ
പേരാൽസുതീക്ഷ്ണൻ തൊഴിലാലെദാന്തനും. 41

നോക്കീചിരിച്ചൊ,ട്ടരഞ്ഞാണുകാണുമാ-
റാക്കീ, പലേപിട്ടുകളപ്സരസ്സുകൾ
നോക്കീട്ടുമീശ്ശങ്കമഹേന്ദ്രനേറ്റമു-
ണ്ടാക്കീടുവോനോടവർ തോറ്റൊഴിച്ചുതേ. 42

മാനെച്ചൊരിഞ്ഞക്ഷമണിഞ്ഞുദർഭയെ-
ത്താനേറെനുള്ളും തൊഴിലാംവലങ്കരം,
ഞാനെന്നറിഞ്ഞീവഴിയൂർദ്ധ്വബാഹുബ-
ദ്ധാനന്ദമിന്നൊന്നിത പൊക്കിടുന്നു തേ. 43

മൌനം നിമിത്തം തലയൊന്നിളക്കിയീ-
ഞാനാശുചെയ്യും നമനത്തെയേറ്റുടൻ
യാനംവരുത്തും മറവറ്റ സൂര്യനിൽ
താനക്ഷി ചേർക്കുന്നിതു വീണ്ടുമീമുനി. 44

പൂതം ശരണ്യം ശരഭംനനാഗ്നിമാൻ
ചെയ്താത്തപസ്സാലതിശാന്തമീവനം
തീതാൻചിരംകാത്തതിൽ മന്ത്രശുദ്ധമാം
മൈതന്നെഹോമിച്ചിതൊടുക്കമിങ്ങവൻ. 45

നൽക്കായ്ക്കളും തിങ്ങിനടന്നുവന്നമാൽ-
നീക്കാൻകുളിക്കും നിഴലാർന്നശാധികൾ
നേക്കാത്മജക്കൊത്തതിഥിയ്ക്കുവേണ്ടൊരാ-
സ്സൽക്കാരമിപ്പോഴിഹ ചെയ്തിടുന്നതേ. 46

ധാരാരവം ചീർത്തഗുഹാമുഖൻ കളി
ച്ചേറായ കാർചേർന്നൊരു ശൃംഗമാർന്നവൻ
നേരററക്കൂറാൻപടി ചിത്രകൂടമി-
ന്നേരത്തുകാന്തേ കവരുന്നു കണ്ണുകൾ. 47

ദൂരംനിമിത്തം ചെറുതായ ഗംഗതൻ-
നീരംപ്രസന്നസ്തിമിതത്വമാർന്നിതാ
പാരംവിളങ്ങുന്നിതു പാരണിഞ്ഞൊരാ-
ഹാരംകണക്കിങ്ങു മഹീധരാന്തികേ. 48

ഞാനസ്സുഗന്ധിത്തളിരാൽ, യവാങ്കുര-
ശ്രീനിൻവിളക്കും കവിളിന്നെഴുംപടി
മാനിച്ചു കണ്ണാഭരണത്തെ നൽകിയോ-
രാനൽത്തമാലംഗിരിയോടടുത്തിതാ. 49

പൂവിട്ടകായ്ക്കും മരവും സ്വതേ ഭയം
കൈവിട്ടിണങ്ങും മൃഗവും കലർന്നിതാ
ഭ്രുവിൽപ്രഭാവം വെളിവാക്കിയത്രിതാൻ
മേവീടുമത്യുത്തമമാം തപോവനം. 50

സപ്തർഷിമാർ പൊന്മലർ പോയ്പറിച്ചുമാ-
മൃത്യുഞ്ജയൻതൻമുടിമാലയാക്കിയും
വർത്തിയ്ക്കുമാറിങ്ങു വരുത്തി താപസ-
ക്കെത്തികളി[illegible]നസൂയപണ്ടുപോൽ. 51

വീരാസനം ചേൎന്നു സമാധിയാൎന്നിരി-
പ്പോരാമുനീന്ദ്രക്കുടയോരുവേദിമേൽ
പേരാൎന്നെഴും വൃക്ഷവുമിങ്ങുയോഗി പോ-
ലാരാൽ മരുത്തററിളകാതെഴുന്നതേ. 52

ക്ഷേമാൎത്ഥമായ് പ്രാൎത്ഥന നീ കഴിച്ചൊരാ-
ശ്യാമാഖ്യമാമാലിതകായ്ച്ചുനില്പുതേ,
ശ്യാമാഭഗാരുത്മതരത്നരാശിനി-
സ്സീമാഭമാം ചോപ്പിടചേൎന്നമാതിരി. 53

മുത്താലെ മുഗ്ദ്ധാഭ പരത്തി നീലവും
ചേൎത്താശ്രുതീൎത്താപ്പൂത്തുമാലപോലെയും
ആത്താഭനീലോല്പലമൊട്ടിടയ്ക്കിടെ-
ച്ചേൎത്താസ്സിതത്താമരമാലപോലെയും, 54

കേമിച്ചകാദംബമിണങ്ങിമാനസം
കാമിയ്ക്കുമന്നപ്പൂത്തുപങ്ക്തിപൊലെയും,
വ്യാമിശ്രകാളാഗരുപത്രരമ്യമി-
ബ്ഭൂമിയ്ക്കണിച്ചന്ദനമെന്നപോലെയും, 55

പോകാത്തതണൽക്കൂരിരുളൊട്ടിടയ്ക്കെഴും
രാകാനിശാനാഥനിലാവുപോലെയും,
ആകാശദേശം പഴുതാലെകാട്ടുമാ-
ശ്രീകായ്ഘവെള്ളശ്ശരദഭ്രമട്ടിലും. 56

കാലാഹിഭസ്മക്കുറിയൊത്തു ചാൎത്തിടും
കാലാഹിതൻ തൻതിരുമേനിപോലെയും,
ലോലാക്ഷി! കാണ്കെ യമുനാതരംഗവും
ചേലാൎന്നിണങ്ങിസ്സുരഗംഗയെശ്ശുഭേ! 57

അബ്ധിപ്രിയാംഭസ്സുകൾ ചേരുമിസ്ഥല-
ത്തെത്തിക്കുളിച്ചിട്ടുഫലമററവർക്കുടൻ
ചത്തീടിലാത്മതത്വമറിഞ്ഞിടാതെതാ-
നൊത്തീടുമല്ലോ ഭവബന്ധമോചനം. 58

ശ്രീമൽഗുഹാവാസമിതാക്കിരീടമ-
ററീമന്ദിരേ ഞാൻ ചിടകെട്ടിടുംവിധൌ
ആ മന്ത്രിമാർ മൌലിസുമന്ത്രർകേണു"നിൻ-
കാമങ്ങൾ കൈകേയി! ഫലിച്ചിതെ"ന്നു താൻ. 59

പേർത്തും മുലയ്ക്കാപ്പൊടിയക്ഷിമാരിടും
പൊൽത്താരെഴും ബ്രഹ്മസരസ്സിലുത്ഭവം,
ബുദ്ധിയ്ക്കുവന്മായയിലെന്നപോലെ,യ-
സ്സത്തുക്കൾ കല്പിച്ചുവരുന്നതായുമേ, 60

നല്ലശ്വമേധക്കുളിയാൽ വിശുദ്ധിതെ-
ല്ലില്ലാതെയൈക്ഷ്വാകർ വളർത്തവാരിയെ
ചൊല്ലാർന്നയൂപങ്ങൾ കരയ്ക്കലാർന്നുതാൻ
മെല്ലന്നയോദ്ധ്യയ്ക്കരികേ നടത്തിയും, 61

തത്സൈകതോത്സംഗമണച്ചുനൽപ്പയ-
സ്സുത്സാഹമോടേകി വളർത്തകാരണം
വാത്സല്യവായ്പാർന്നൊരു ധാത്രികോസല-
ക്കിസ്സാധുവെന്നായ് നിനവിങ്ങുനൽകിയും. 62

മിന്നുന്നൊരീനൽസരയൂസരിത്തുസ-
മ്മാന്യൻനൃപൻ പോയകലത്തെഴുന്നമാം
എന്നമ്മപോലെത്തഴുകീടുവാൻ തിര-
ത്തെന്നൽക്കുളിർക്കൈകളെ നീട്ടിടുന്നുവോ? 63

അന്തിച്ചുവപ്പൊന്നിഹമുമ്പിലായ് രജ-
സ്സെന്തിന്നുകാൎയ്യം ഹനുമാൻ കഥിക്കയാൽ
ചിന്തിച്ചുടൻ മാമെതിരേല്പതിന്നുമ-
ത്തേന്തിസ്സസൈന്യം ഭരതൻ വരുന്നതോ? 64

സത്യത്തെ രക്ഷിച്ചോരെനിയ്ക്കു ലക്ഷ്മിയെ
പ്രത്യൎപ്പണംചെയ്യുമന്തുനമുത്തമൻ
കാത്താശ്രുനിന്നെ,ക്‌ഖരഹിംസചെയ്തുഞാ-
നെത്തുമ്പൊഴീ ലക്ഷ്മണനെന്നമാതിരി. 65

ഊക്കൊണ്ടസൈന്യം പിറകായ്‌വസിഷ്ഠർമു-
മ്പായ്ക്കൊണ്ടുചീരാംബരനായ് നടന്നുടൻ
ചൊല്ക്കൊണ്ട മന്ത്രീശ്വരരോടുമൎഘ്യവും
കയ്ക്കൊണ്ടുനേരേ ഭരതൻ വരുന്നുതേൻ. 66

താതൻകൊടുത്തിട്ടു, ചെറുപ്പമെങ്കിലും,
ശ്രീതന്നൊടൊത്തായവളെത്തൊടാതെ താൻ
പൂതാസിധാരവ്രതമാന്മൽപ്രിയം
ചെയ്താണ്ടിതെല്ലാമഴലാണ്ടിരുന്നവൻ. 67

ശ്രീരാമനിത്രയുമുരച്ചളവേ വിമാനം
നേരായ്തദിച്ഛയധിദേവതയാലറിഞ്ഞോൻ
പാരാതിറങ്ങി, ഭരതാനഗരം ജനങ്ങ-
ളാരാൽ സവിസ്മയമുടൻ തലപൊക്കിനോക്കെ. 68

രക്ഷസ്സകൾക്കപതിമുമ്പിൽ നടന്നു, സേവാ-
ദക്ഷതപമാന്ന കപിമൌലികരം കൊടുപ്പോൻ
അക്ഷത്രപൻസ്ഫടികമാംപടിപാരണഞ്ഞ
യക്ഷപ്രമാണിയുടെ [illegible]രതിൽനിന്നിറങ്ങി; 69

കൂപ്പിസ്വവംശഗുരുവെപ്പുനരർഘ്യമേററി-
ട്ടാഭ്രാതൃമൈതഴകിലോചനവാരിത്തൂകി
തൽബ്ഭക്തികൊണ്ടു പിതൃരാജ്യമഹാഭിഷേകം
പൊയ്പ്പോയൊരാനെറുകതന്നിൽ മുകർന്നുവീണ്ടും. 70

വേടേറുമിത്തികൾക്കണക്കുമുഖത്തുമീശ-
ക്കാടേറിമട്ടുപകരും കുലമന്ത്രിമാരെ
ഈടേറുമിഷ്ടമൊടു നൽക്കുശലാനുയോഗ-
ത്തോടേരസത്തൊടഥ നോക്കിയനുഗ്രഹിച്ചു. 71

പൌലസ്ത്യനെമ്പടയിൽ മുമ്പിടുവോനിതാ,പൽ-
ക്കാലത്തുബന്ധുകപിമൌലിയിതെ,ന്നുരാമൻ
ചാലെത്തദാപറകെയബ്ഭരതൻ പ്രമോദ-
ത്താലെത്തിലക്ഷ്മണനെവിട്ടവരേവണങ്ങീ. 72

പിന്നീടണഞ്ഞരിയലക്ഷ്മണനേയുമന്നു
താന്നോരുമൌലിയെയുയർത്തിയവൻ പുണർന്നു
ചേർന്നോരുമാറിനഴൽമേഘനിനാദനമ്പെയ്-
താന്നോരുവങ്കലകളാൽ കലരുംപ്രകാരം. 73

രാമാജ്ഞയാൽ കപിചമൂപതിമാർ തദാനീ-
മാമാനുഷാകൃതി കലർന്നു ഗജങ്ങളേറി
പേമാരിപോലെ മദമാർന്നവശൈലമേറു-
മാമാതിരിയ്ക്കു സുഖമപ്പൊഴവർക്കു നൽകി. 74

ശ്രീരാമനോതിയതിനാൽ നിജകൂട്ടരോടൊ-
ത്താരാവണാവരജനന്നുരഥങ്ങളേറി
പേരാണ്ടരാത്രിചരർമായയെടുത്തുതീർത്ത
തേരായിടഞ്ഞിതവനന്മയിലന്നുപാരം. 75

രാമൻ നിജാനുജരൊട്ടും കരുതുന്നപോലെ
പോമാലസൽക്കൊടിയെഴും രഥമേറിവീണ്ടും
സോമൻസുഖാൽ ബുധബൃഹസ്പതിമാരൊടും രാ-
വാമഞ്ജുമിന്നലിളകും മുകിലിൽകണക്കേ. 76

പാരച്യുതൻ പ്രളയസിന്ധുവിൽനിന്നു, വേനൽ
കാറിങ്കൽനിന്നണിനിലാവിനെയും കണക്കേ
ശ്രീരാമനാശരരിൽനിന്നഴലാററിരക്ഷി-
ച്ചോരദ്ധരാതനയയെബ്ഭരതൻ വണങ്ങി. 77

ദുഷ്ടാശരേശനമനം വിഫലീഭവിയ്ക്കും-
മട്ടായസീതയുടെ വന്ദ്യപദദ്വയത്തെ
ജ്യേഷ്ഠാനുവൃത്തിജടിലംഭരതോത്തമാംഗം
തൊട്ടാശ്രുതമ്മിലവശുദ്ധിപരംവളത്തി. 78

വാടാതാവിപുലവിമാനമേറിവേഗം
കൂടാതപ്രജകളെ മുമ്പിലാക്കിയെത്തി
നാടായ്ചേന്നൊരുദിശിലക്ഷ്മണാനുജൻതാൻ
കൂടാരക്കുടിയിൽ നൃപൻ കടന്നുകൂടി. 79

(പതിമൂന്നാം സർഗ്ഗം കഴിഞ്ഞു)

# പതിന്നാലാം സർഗ്ഗം.

പെരുകുന്നൊരുഭർത്തൃനാശമാലേൽ-
പ്പൊരുമാതാക്കളെ രാമലക്ഷ്മണന്മാർ
പുരുമാലൊടു പാർത്തിതാശ്രയിക്കും
തരുപോംവല്ലികളെക്കണക്കുപിന്നെ. 1

ഹതവൈരികൾ പുത്രർ വിക്രമശ്രീ-
യുതർകൂപ്പുംതൊഴുതമ്മമാരുമപ്പോൾ
സുതരാ മിഴിയശ്രുവാൽമറഞ്ഞാ-
സ്സുതരെസ്പൃശ്സുഖത്തിനാലറിഞ്ഞു. 2

സരസക്കുളിർകണ്ണുനീരവർക്കാ-
വിരഹോഷ്ണാംബുവിനെക്കവിഞ്ഞുവീണു
തരസാ ഹിമശൈലവാരിഗംഗാ-
സരയൂഷ്ണച്ചൂടുനീരിനെക്കണക്കേ. 3

സുതരേററശരപ്പരിക്കുണങ്ങാ-
ത്തളുപോലോർത്തുകനിഞ്ഞുതൊട്ടുനോക്കി
ക്ഷിതിപാലകുലാംഗനയ്ക്കുചേരും
കൊതിവിട്ടാരവർ വീരസൂപദത്തിൽ. 4

നിതരാം ധവനാർത്തി ചേർത്തിടുന്നോ-
ളിതിഞാൻ ലക്ഷണമററസീതയെന്നായ്
മൃതനാം ഗുരുവിൻെറ പത്നിമാരെ-
ദ്ധൃത!ക്കൂപ്പീവധൂതുല്യഭക്തിയോടേ. 5

എഴന്നേൽക്കസസോദരൻ വരൻവ-
മ്പെഴുമാപത്തുകടപ്പതിന്നുവത്സേ!
വഴിനിൻശുചിവൃത്തമെന്നുപഥ്യം
വഴിയുംമട്ടവർ നേരുതന്നെചൊന്നാർ. 6

ജനനീനയനാശ്രുവാൽത്തുടങ്ങീ-
ടിനനല്ലോരഭിഷേകമന്നുപിന്നെ
ജനനാഥനുചെയ്തുമന്ത്രിമാർകാ-
ഞ്ചനകുംഭാഹൃതതീർത്ഥവാരിയാലെ. 7

സരിദബ്ധിസരോജലങ്ങൾനന്നായ്
ഹരിരക്ഷോവരർകൊണ്ടുവന്നുപിന്നെ
ത്വരിതം രഘുവീരനിൽപ്പൊഴിച്ചാർ
പെരികെക്കാറുകൾ വിന്ധ്യനിൽക്കണക്കേ. 8

മുനിവേഷവുമന്നു കാന്തിയേറ്റം
മനുവംശ്യപ്രവരന്നു നൽകയാലെ
മനുജേശ്വരവേഷഭംഗിയാരാ-
മനുപാത്താൽ പുനരുക്തദോഷമാർന്നു. 9

ബലമൗലനിശാടകീശരോടും
പലതൂര്യാരവതുഷ്ടപൗരർ ചേർന്നോൻ
മലർവർഷമിയന്നു തോരണശ്രീ
വിലസും തൻകുലരാജധാനി ചേർന്നാൻ. 10

ഭരതൻ കുടയും പിടിച്ചു വെഞ്ചാ-
മരസൗമിത്രികൾ വീശി മന്ദമന്ദം
നരമൗലിശരീരമാന്നുപായോൽ-
ക്കരമൊക്കുംപടി തേരിൽ മിന്നി മാന്യൻ. 11

ശരിയായയകിലിൻെറ ധൂമമന്നാ-
പ്പുരിയിൽക്കാററിലുലഞ്ഞു ചിന്നിമിന്നി
പുരിക്രന്തലഴിയ്ക്കുയോ വനവി-
ട്ടരികത്തെത്തിയ രാമനെന്നപോലേ. 12

വരമാതൃജനം വിഭ്രഷചേത്താ-
നരനാഥപ്രിയ തേരിലെത്തിടുമ്പോൾ,
പുരനാരികൾ മേടയിൽത്തൊഴും നൽ-
കരമോടും ജനൽചേർന്നുടൻ വിളങ്ങി. 13

അനസൂയ കൊടുത്ത കേടറും ച-
ന്ദനമേററും പ്രഭചൂഴവോൾ വിളങ്ങീ
അനഘലതാമതാപ്പുരിയ്ക്കു കാട്ടാ-
നനലേവീണ്ടുമിറങ്ങിനിന്നപോലെ. 14

ഹിതമൊത്ത പുരം സുഹൃത്തുകൾക്കായ്
ബത! സൌഹാർദ്ദസമുദ്രനേറെ നൽകി
സതതാച്ചിതചിത്രശേഷതാതാ-
ഞ്ചിതഗേഹേ മിഴിനീരൊടും കടന്നു. 15

നരകം ഫലമാമസത്യമമ്മേ!
പരമെന്നപ്പുനകന്നു നിൻഗുണത്താൽ,
കരതാരിണകൂപ്പിയേവമോതി-
ബ്ഭരതാംബയ്ക്കു കളഞ്ഞു ലജ്ജ രാമൻ. 16

കരുതുന്നതുടൻ കരസ്ഥമാക്കാൻ
വിരുതുള്ളാശരകശ്വശ്യരേയും
പെരുതായെഴുമത്ഭുതംവരുംമാ-
റുരുതോഷത്തൊടു സല്ക്കരിച്ചു രാമൻ. 17

സഭയിൽ സ്വസഭാജനത്തിനെന്നും
ശുഭദിവ്യർഷികളെപ്പുരസ്കരിച്ചോൻ
രഭസാൽക്കൊലചെയ്ത രാവണൻതൻ-
പ്രഭവം, തൻപുകൾപൊങ്ങുമാറു കേട്ടു. 18

വരയോഗികൾ പോയ് സുഖത്തിനാൽ പി-
മ്പരമാസത്തെയറിഞ്ഞിടാതെ പോക്കി
ധരണീസുത പൂജചെയ്ത കീശാ-
ശരരേയും നൃവരൻ തിരിച്ചയച്ചു. 19

കരുതുമ്പോൾ വരുന്നതായ് സുരാരി-
പ്പെരുമാൾതന്നസുവൊത്തെടുത്തതായി
മരുവും സുരപുഷ്പകത്തെ
വിരുതൻ വീണ്ടുമയച്ചു വിത്തപന്നായ്. 20

ഗുരു ചൊല്ലിയ കാട്ടുവാഴ്ച തീർത്താ-
പ്പെരുതാം നാടിതുപോലെ കയ്ക്കലായോൻ
ഒരുപോലെ നിനച്ചു തമ്പിമാരെ-
പ്പുരുഷാർത്ഥങ്ങളെ മൂന്നിനെക്കണക്കേ. 21

മനതാരിലൊരേനിലയ്ക്കു കണ്ടാൻ
ജനനാഥൻ ജനനീജനത്തെയെല്ലാം
സ്തനമൊപ്പമുടൻ കുടിയ്ക്കുമാറാ-
നനിക്കൃത്തികമാരെയെന്നപോലെ. 22

എവനും ധനവാൻ ധനാശവിട്ടോ-
രവനാൽ, തൽപരിരക്ഷയാൽ ക്രിയാവാൻ
അവനാൽ പിതൃമാൻ സുശിക്ഷയാല,-
ന്നവനാലല്ലലൊഴിക്കയാലെ പുത്രി. 23

പതിവിൻപടി തീൎത്തു പൌരകാൎയ്യം
സതിയാം സീതയൊടത്തവൻ രമിച്ചു.
കൊതികേളിയിൽ മൂത്തുമെയ്യുതാന്നി
ക്ഷിതിചേരും രമയോടുമെന്നപോലെ. 24

കരുത്തുംപടി കേളിയാടിയങ്ങു-
ള്ളൊരു ചിത്രാഞ്ചിതമേടമേലെഴുമ്പോൾ
ഇരുപേൎക്കുമഹോ സുഖങ്ങളായീ
പെരുതാം ദണ്ഡകതന്നിലാൎന്നമാലും. 25

അമപോലെ വിളൎത്തു ലോചനങ്ങൾ-
ക്കമലസ്നിഗ്ദ്ധതയേറുമാനനത്താൽ
ക്രമമായ് പറയാതെ ഗൎഭമന്നാ-
രമണഞ്ഞൂഴിജകാട്ടിമൂത്തുകുട്ടി. 26

മുലകൾക്കു മുഖം കറുത്തു നാണം
നിലവിട്ടുള്ള കൃശാംഗിയോടു രാമൻ
നലമോടൊളിവിങ്കലങ്കമേററി-
ട്ടലസാത്താഗ്രഹമോതുകെന്നുരച്ചു. 27

അരിയോരൃഷികന്യ ദൎഭ തിന്മാൻ
ചെരിയാം ഹിംസ്രമടുത്ത ഗംഗ,യേവം
പരിശുദ്ധതപോവനങ്ങൾ കാണ്മാൻ
പെരികബ്ഭ്രമകളപ്പൊഴാഗ്രഹിച്ചു. 28

ശരിയായവളോടതേററു ചൊല്ലി-
പ്പരിവാരങ്ങളൊടും രഘുപ്രവീരൻ
പെരികെസ്സുഖമാൎന്നുകൊണ്ടയോദ്ധ്യാ-
പുരി കാണ്മാൻ മുകിൽതൊട്ടമേടകേറി. 29

സരയൂനദിചേന്നകപ്പ,ലൊന്നാ-
ന്തരമങ്ങാടിയണിഞ്ഞ രാജമാൎഗ്ഗം,
തരളാക്ഷികളൊത്തു പൌരർക്കൂട്ടം
സരസത്തോപ്പി,വകണ്ടവൻ രമിച്ചു. 30

ഉരചെയ്യുക കിംവദന്തി നേക്കെ-
ന്നരഗേന്ദ്രോരുഭുജൻ വിശുദ്ധവൃത്തൻ
വരവാക്കുടയോനരച്ചുപിന്നെ-
ച്ചുരനാം ഭദ്രനൊടായ്ജിതാരിഭദ്രൻ. 31

പറയാതെ വിടാഞ്ഞവൻ പറഞ്ഞാൻ
പരമീ നിൻകഥ പൌരർ വാഴ്ത്തിടുന്നു
ചിരമാശരപത്തനത്തിൽ വാണാ-
ധരണീപുത്രിയെ വീണ്ടെടുത്തതെന്യേ. 32

പ്രിയയെപ്പഴിചെയ്കയെന്നവല്ലാ-
ത്തയശസ്സാലടിയേററവൻെറ ചിത്തം,
സ്വയമഗ്നിയിൽ വെന്ത നല്ലിരിമ്പൂ-
ക്കയരും ചുററികയാൽ കണക്കടഞ്ഞു. 33

പഴിവാക്കിതു കേട്ടിരിക്കയോ? തെ-
റെറാഴിയും മൽപ്രിയയെ ത്യജിക്കയെന്നോ?
വഴിയേതിതിൽ നല്ലതെന്നുറയ്ക്കാൻ
കഴിയാതുള്ളവനാടി ഡോളപോലെ. 34

ഗതിയില്ലിതിൽ മറകീൎത്തി മായാൻ
സതിയെത്താൻ കളകെന്നുറച്ചു രാമൻ
കൊതികീൎത്തിയിൽ മെയ്യിലേറെ മാനി-
യ്ക്കതിനാലായവനെന്തിതിന്ദ്രിയാൎത്ഥം? 35

ഉടൽവാടി വരുത്തിയന്നവൻത-
ന്നിടരാൽ മാഴ്കിയ തമ്പിമാരൊടായി
സ്ഫുടമോതി തനിയ്ക്കു വന്ന ദുഷ്ടേ-
രുടനങ്ങായവരോടുരച്ചു വീണ്ടും:— 36

“ശിവനേ!യിത്തു നോക്കുക കാര്യ്യസൂര്യ്യോ-
ത്ഭവരാജർഷികുലത്തിലാക്കളങ്കം
ഇവനെത്ര വരുത്തി, കാറു തട്ടും
പവമാനൻ മുകുരത്തിലെന്നപോലെ. 37

അലയേറിയ നീരിലെണ്ണചേരും-
നിലയിൽപ്പൌരരിലേവമാദ്യമായി
കലരുന്നൊരകീർത്തി ദുസ്സഹം മേ
കുലയാനയ്ക്കു തളച്ച കുററിപോലെ. 38

അതു നീക്കുവതിന്നു ഗർഭമുണ്ടെ-
ന്നതുമോർക്കാതെ വിദേഹപുത്രിയെ ഞാൻ
ഇതുനാൾ കളയുന്നതുണ്ടു പണ്ടൊ-
പ്പിതൃവാക്കാലുടനൂഴിയെക്കണക്കേ. 39

കറയററവൾ കാന്ത, പക്ഷെ നാട്ടാർ
പറയും ദുർമ്മൊഴികൾക്കു ശക്തികൂടും
കറവിട്ടമലേന്ദുവിന്നു ലോകം
ധരണിച്ഛായ കളങ്കമാക്കിയില്ലേ? 40

കുടിലാശരനാശവേലപാഴാം
പടിയല്ലാ, പകപോക്കുവാൻ, നടത്തീ
ചൊടിയാർന്നിഹ ചോരയെക്കൊതിച്ചോ
കടികൂടുന്നു ചവിട്ടിയോനെ നാഗം. 41

കരുണാർദ്രമനസ്സൊട്ടും തടുത്തീ-
ടരുതീ നിശ്ചയമാകയാൽബ് ഭവാന്മാർ
പുരുവാച്യശരാത്തിപോയ് ചിരം ഞാൻ
മരുവീടാൻ കൊതി തേടിടുന്നുവെങ്കിൽ.” 42

ക്ഷിതിപുത്രിയിലെത്രയും കഠോര-
സ്ഥിതിയിൽ തീർപ്പിതു ചെയ്ത തമ്പുരാനെ
സ്തുതിചെയ്തതിനോ തടുക്കുവാനോ
മതിയായില്ലഥ തമ്പിമാരിലാരും. 43

ഋതമോതുവൻപരം ത്രിലോക-
സ്തുതനാലക്ഷ്മണനോടു നേരെ നോക്കി
പതറാത'യി സൌമ്യ'യെന്നുരച്ചാ-
ഹിതദൻതന്നോടു പിന്നെയോതി ദൃഢം:— 44

“തനിയേ കൊതിനിൻപ്രജാപതിയ്ക്കും
മുനിപൂതാടവിതന്നിലുണ്ടതോതി
കനിവററവളേ രഥത്തിലേററീ-
ട്ടിനി വാത്മീകപദത്തിൽ വിട്ടുപോരൂ.” 45

അരിമാതിരി കൊന്നിതമ്മയെത്തൻ-
ഗ്ഗുരുവാക്കാൽ ഭൃഗുരാമനെന്നു പണ്ടേ
അറിവുള്ളവനഗ്രജാജ്ഞയേററാൻ
ഗ്ഗുരുവിൻവാക്കവിചാരണീയയല്ലോ. 46

ഹിതമാം മൊഴിയാൽ തെളിഞ്ഞൊരബ് ഭൂ-
സുതയെസ്സാധുഹയത്തൊടൊത്ത തേരിൽ
ദ്രുതമേററിയവൻ തദാ സുമന്ത്രൻ
പതറാതങ്ങു തെളിച്ചു യാത്രയായി. 47

പുരുശോഭവഴിയ്ക്കു പാൎത്തഭീഷ്ടം
തരുവോൻ മൽപ്രിയനെന്നുറച്ചു സീത
കരുതീലവളോട്ടു കാന്ത വാനോർ-
തരുതാൻ വാളിലവൃക്ഷമായ കാൎയ്യം. 48

വിരുതാൽപ്പഥി ലക്ഷ്മണൻ മറെപ്പാൻ
കരുതുമ്പോ,ൾ ളകും വലത്തുനേത്രം
വരുമാവരദീൎഘവിപ്രയോഗ-
പ്പുരമാലപ്പൊഴവൾക്കു നേൎക്കു കാട്ടി. 49

ജവമോടഥ ദുൎന്നിമിത്തമോൎത്ത-
ന്നവൾ മാലാൎന്നു മുഖാബ്ജമേറെ വാടി
ധവനും സഹജൎക്കുമല്ലലാറാ-
നവനീപുത്രി മനസ്സുകൊണ്ടു നേൎന്നു. 50

ഉരുകല്പനയാലെ സാധ്വിയെക്കൊ-
ണ്ടൊരു കാട്ടിൽക്കളവാനൊരുങ്ങുവോനെ
അരുതെന്നു തിരക്കരങ്ങൾ പൊക്കി-
ട്ടുരുളുംപോലെ തടുത്തു ഗംഗ മുമ്പിൽ. 51

ഗതിനിൎത്തിയ തേരിൽനിന്നിറക്കി-
സ്സതിയെദ്ദാശർ കൊടുത്ത തോണികേററി
നദിമാനി കടന്നു, സത്യസന്ധൻ
ചതിവിട്ടേററ കരാറിനെക്കണക്കേ. 52

അലമാമൊഴി പിന്നെയോൎത്തുറച്ചു-
ള്ളലവോനശ്രുഗളത്തിലെത്തിനില്പോൻ
ശിലയെ പ്രളയാംബുദം പൊഴിയ്ക്കും
നിലയിൽബ്ഭ്രമണാജ്ഞയേ വമിച്ചു. 53

പരമങ്ങളഭിഷംഗവായുവേററാ-
ഭരണപ്പൂവു് കൊഴിഞ്ഞു വല്ലിപോലെ
തരസാ നിജജന്മഹേതുവാമ-
ദ്ധരണീദേവിയൊടന്നു സീത ചേർന്നു. 54

പതി സൂര്യകുലോത്ഭവൻ വൃഥാ സ-
ന്മതിയിന്നെങ്ങനെ സന്ത്യജിച്ചു നിന്നെ
ഇതി സംശയമാർന്നപോലവൾക്കാ-
ക്ഷിതിയപ്പോൾ പഴുതേകിടാതെ പാർത്തു. 55

കര,ളല്ലലറിഞ്ഞിടാതെയാക്കും '
മറവാ ലക്ഷ്മണനാററിയപ്പൊഴാ,ളീ
തരളേക്ഷണയാൾക്കു മോഹമാററി-
ത്തരസാ കിട്ടിയ ബോധമായസഹ്യം. 56

മതി നിർമ്മലമായ തന്നെവിട്ടാ-
പ്പതിയെപ്പററിയ കുററമോതിടാതെ
സതി കേവലമല്ലലാററിടാതെ്ത്ര.-
ഷ്പൃതിയാംതന്നെവിനിന്ദചെയ്തു മേന്മേൽ. 57

സതിയാമവളെന്നുമാശ്വസിപ്പി-
ച്ചഥ വാത്മീകിനികേതമാർഗ്ഗമോതി
പതിരൌക്ഷ്യമഹോ! പൊറുക്കനിഷ്ഠൂൻ
ബതി ഞാനെന്നടിക്രൂപ്പി ലക്ഷ്മണൻ താൻ. 58

അവനോടു പറഞ്ഞിതന്നൊണീപ്പി-
ച്ചവൾ "നീ നല്ലവനുണ്ണി! വാഴുകേറെ
നൂവരന്നു ഭവാൻ മുരാരിദേവ-
പ്രവരന്നെന്നകണക്കധീനനല്ലോ. 59

അറിയിച്ചീടുകമ്മമാരൊടെല്ലാം
ശരിയായ്വന്ദനമോതി നീ ക്രമത്തിൽ;
വൈരികെസ്സുതബീജമെന്നിൽ നന്നാ-
യ്വരികെന്നൻപൊടനുഗ്രഹിയ്ക്കുകെന്നായ്. 60

പറകാ നൃപനോടു 'തീയിൽ നേരേ
കറപോക്കീടിലുമെന്നെ ലോകവാദാൽ
നിരസിച്ചതു നിങ്കുലസ്ഥിതിക്കും
കുറവറവുള്ളറിവിന്നുമൊത്തതാണോ? 61

തരമില്ലമലാശയൻ ഭവാനി-
ത്തരമെന്നിൽ സ്വയമീയനീതി ചെയ്വാൻ
തരസാ വരുമെൻവിപത്തു ജന്മാ-
ന്തരപാപോൽക്കടവജ്രപാതമത്രേ. 62

സ്ഫുടമാദ്യമടുത്ത ലക്ഷ്മിവേണ്ടു-
ന്നടവിയ്ക്കുങ്ങിവളൊത്തു പോകയാലെ
ഇടയുന്നവളിന്നകത്തിനിൻപാ-
പ്പിടമാം തൽപദമെത്തി വാഴുമെന്നെ. 63

കണവക്ക്ഴൽ കൌണപോൽക്കരത്താൽ
പിണയും താപസിമാർക്കു നിൻപ്രസാദാൽ
തുണയായ്, ശരണാർത്ഥമന്യയോടി-
ങ്ങണവാൻ സങ്കടമങ്ങുമിന്നിടുമ്പോൾ. 64

സതതം വിരഹാർത്തിമൂത്തു പാഴാം
ഹതജീവൻ കളയാമിതെന്നു വെച്ചാൽ
ഇതദുർഘടമായ്ത്വദീയമന്ത-
ർഗ്ഗതതേജസ്സിതു കാത്തിടേണ്ടതല്ലോ. 65

അതിനാലെ വരും പിറപ്പിലും നീ
പതിയാകേണ്മേൾപിരിയാതിരിയ്ക്കുവാൻ ഞാൻ
മതിവെച്ചു തപസ്സു, കണ്ണിനങ്കൽ
പതിയുംമട്ടിഹ പേർ കഴിഞ്ഞുചെയ്യാൻ. 66

വിമലൻ മനുതാൻ വിധിച്ച വണ്ണാ-
ശ്രമസംരക്ഷ നൃപാലനെന്നു നീ മാം
ശമമാന്ന തപസ്വിമാരിലൊന്നായ്-
ക്രമമായ് നോക്കണമിങ്ങു തള്ളിയാലും. 67

പരമന്നവളോടതേററു രാമാ-
വരജൻ കൺവഴി വിട്ടുപോയനേരം
കരയററഴലാൽ വലഞ്ഞുറക്കെ-
ക്കരരിയ്യോത്തവൾ മേല്ക്കുമേൽക്കരഞ്ഞാൾ. 68

ഹരിണം തൃണവും മരങ്ങൾ പൂവും
പരിതാപാൽ മയിലാട്ടവും വെടിഞ്ഞു
അരിയോരവൾതൻകരച്ചിൽമൂലം
ശരിയായിസ്സമദുഃഖമാന്നു കാടും. 69

ശരമേററൊരു കക്ഷിചേത്തശോകം
തരസാ ശ്ലോകതയാന്നൊരാക്കവീന്ദ്രൻ
വിറകുകൾക്കുശയും തിരഞ്ഞുപോയ-
ക്കരയും സീതയൊടൊച്ച കേട്ടണഞ്ഞു. 70

അവനീസുതയും കരച്ചിൽ നിത്തി-
ട്ടവനെത്തന്മിഴിനീർ തുടച്ചു കുപ്പി
'തവ ഗർഭിണി! നൽസുതൻ പിറക്കെ'-
ന്നവനൊന്നാദ്യമനുഗ്രഹിച്ചുരച്ചു:— 71

'കളവാം പഴിവാക്കു ഹേതു കാന്തൻ
കളവാൻ, ഞാനതറിഞ്ഞു ദിവ്യദൃക്കാൽ
കളവാണി! കടന്നു മറ്റൊരേട-
ത്തുളവാം താതഗൃഹത്തിൽ മാഴ്കൊലാ നീ: 72

ഭുവനത്രയകണ്ടകം പറിച്ചോ-
നവന്തൃറ്റം പറയാത്ത സത്യസന്ധൻ;
ഇവനെ,ങ്കിലുമുണ്ടു നിന്നൊയീമ-
ട്ടവമാനിച്ചൊരു രാമനോടു കോപം. 73

ഭവബാധബുധക്കെത്തിടുന്നോൻ
തവ താതൻ ശ്വശുരൻ പ്രിയൻ പരം മേ
ധവദേവതമാരിൽ മുഖ്യ നീ, നീ-
യിവനെന്നോർക്കുകിലും ദയയ്ക്കു പാത്രം. 74

യതിമാരൊടു ചേർന്നു ജന്തു ശാന്ത-
സ്ഥിതി തേടുന്ന തപോവനേ വിശങ്കം
സതി വാഴ്ക സുഖാൽപ്പെറുന്ന കുട്ടി-
യ്ക്കതിമോദാൽ ക്രിയയൊക്കെയിങ്ങു ചെയ്യാം. 75

ഉടജാഞ്ചിതമായ്ത്തമസ്സകറ്റാൻ
പടുവാമിത്തമസാജലത്തിൽ മുങ്ങി
നെടുസൈകതപൂജ ചെയ്കിലോ മാൽ
വിടുമാറായ്ത്തവചേരുമുൾപ്രസാദം. 76

മുനികന്യകൾ പൂവൊടാത്തവക്കാ-
യ്ക്കനി പൂജോചിതനെല്ലിതാഹരിപ്പോർ
കനിവോടഴൽ പുത്തനാം നിനക്കി-
ങ്ങിനി മാലാറ്റുമുദാരവാക്കിയന്നോർ. 77

ഉടജച്ചെടിയിങ്ങു ശക്തിപോലേ
കുടനീർ നൽകി വളർത്തിവന്നുവെന്നാൽ
തടവില്ല സുഖം സുതൻ തരുംപോ-
ലുടനേ പേറിനു മുമ്പുതന്നെ കിട്ടും.' 78

കനിവാൽത്തെളിവാൻ ക്ലൃപ്തമാമാ-
നിനിയോടൊത്തഥപോയ് ദയാർദ്രചിത്തൻ
മുനി, ശാന്തമൃഗങ്ങൾ വേദിപാർശ്വേ
തനിയേ ചേർന്ന നിജാശ്രമത്തിലെത്തി. 79

തെളിവററവളെത്തദാഗമത്താൽ
തെളിയും താപസിമാർക്കവൻ കൊടുത്തു
വലയും പിതൃഭക്തസാരചന്ദ്ര-
കലയൊന്നൌഷധികൾക്കു വാവുപോലെ. 80

അവരിംഗുദിയെണ്ണചേർത്ത ദീപം
നവമേധ്യാജിനമെന്നിതാന്ന ഗേഹം
അവനീതനയയ്ക്കു സൽക്കരിച്ച-
ദ്ദിവസാന്തേ നിവസിയ്ക്കുവാൻ കൊടുത്തു. 81

അലസാക്ഷി കുളിച്ചു ശുദ്ധയായ്ത്ത-
ല്ലൂലമാർന്നങ്ങതിഥിയ്ക്കു പൂജചെയ്തും
ഫലമൂലമശിച്ചുമേവരൻതൻ-
കുലബീജത്തെ വളർത്തുവാൻ വസിച്ചു. 82

പെരിയാപ്രഭുവിപ്പൊൾ മാഴ്കുമോയെ-
ന്നറിവാനായഥ മേഘനാദവൈരി
ത്വരിതം സഹജാജ്ഞചെയ്തതോതീ,
ശരിയായ്ജ്ജാനകിതൻകരച്ചിലോളം. 83

മിഴിനീർമഴയാൽ നൃപൻ തുഷാരം
പൊഴിയും പൌഷഹിമാംശുപോലെയായീ,
പഴിവാക്കു പൊറാഞ്ഞവൻ നവന്തേൻ-
മൊഴിയെത്തള്ളി, മനസ്സിനാലെയല്ലാ. 84

അമരാത്തൊരു മാലടക്കി വണ്ണാ-
ശ്രമരക്ഷാരസമാൎന്ന ഗവ്മെന്ന്യേ
അമരോപമനൃദ്ധരാജ്യഭോഗേ
സമരാം സോദരരൊത്തു നാട്ടു കാത്തു. 85

സതിയായെഴുമേകഭാൎയ്യയെക്കാ-
ട്ടതിൽവിട്ടോരപവാദഭീരുവിങ്കൽ
കൊതിയാൎന്നു സപത്നി വിട്ടു മാൎത്ത-
ട്ടതിലേറിസ്സതതം വിളങ്ങി ലക്ഷ്മീ. 86

വേട്ടില്ലാ മറെറാരുവളെയുമപ്പങ്ക്തികണ്ഠാരി, യാഗം
പാട്ടിൽസ്സീതാപ്രതികൃതിയൊടും ചെയ്യുവെന്നുള്ള വൃത്തം
കേട്ടിട്ടബ്ഭ്രസുതപതി വെടിഞ്ഞുള്ള ദുൎവ്വാരദുഃഖം
പൊട്ടിപ്പൊങ്ങാത്തൊരുനിലയിലായ് ബുദ്ധിമുട്ടിസ്സഹിച്ചു. 87

(പതിനാലാം സൎഗ്ഗം കഴിഞ്ഞു)

# പതിനഞ്ചാം സർഗ്ഗം

---

അവനരഞ്ഞാൺകടലാം വെറു–
മവനിയെ മാത്രം സപത്നിക്കൂടാതെ
അവനിമകളെക്കളഞ്ഞി–
ട്ടവനീപാലൻ ഭുജിച്ചു തദാ. 1

ലവണാസുരനാൽ ക്രതു പല
തവണ മുടങ്ങീട്ടു യമുനചേൎന്നുള്ളോർ
അവനാംശരണ്യനെച്ചെ–
ന്നവനാൎത്ഥം കണ്ടു മാമുനിമാർ. 2

രക്ഷസ്സിനെയവർ കൊന്നീ–
ലക്ഷമ,മതിന്നന്നു രാമനുള്ളതിന്നാൽ
രക്ഷകരറേറചെയ്യുത–
പഃക്ഷയമതിശാന്തർ ശാപാസ്ത്രൎ. 3

ഏററു കാകുൽസ്ഥനവ–
ക്കേററുള്ളൊരു താപമാശു നീക്കീടാൻ
തെററുകളൊഴിയെധൎമ്മം
മുററും കാക്കുന്നു ഭുവി ശാർങ്ഗി. 4

'ശൂലമെഴുമ്പോൾ ദുർജ്ജയ–
നാലവണൻ, ചെൽകതകലുമളവൊന്നായ്
കാലേ രാമനൊടോതീ
മാലററവർ തദ്വധോപായം. 5

അരിയൊരു ശത്രുഘ്നനെ നൃപ-
നെരിയും മാലാററുവാനവക്കേകി,
അരിയെക്കൊന്നു യഥാത്ഥത
ശരിയേ തൽപ്പേരിനേകാനോ? 6

പോരും രഘുകുലവീരരി-
ലാരും പരരെപ്പുരം തടുത്തീടാൻ
ചേരുവൊരുത്സഗ്ഗത്തെ-
പ്പേരുററപവാദമെന്നവിധം· 7

പാട്ടിൽ ജ്യേഷ്ഠാശിസ്സും
കിട്ടിബ് ഭയമററ ദാശരഥി രഥിയായ്
തട്ടിയ മണമണിമലർനിര്
കാട്ടിയെഴും കാട്ടിലേയ്ക്കെത്തി. 8

അത്ഥാപ്തിയ്ക്കവനാരാ-
മാദേശാലനുഗമിച്ച പടയപ്പോൾ,
അദ്ധ്യയനാത്ഥകധാതുവി-
നതിചേരുംപോലെയായ്ത്തീന്നു. 9

വഴികാട്ടും താപസരാൽ
വഴിയും തേജസ്സണിഞ്ഞ രഥി മിന്നി
വരബാലഖില്യരാലന-
വരതം വനജപ്രിയൻപോലെ. 10

കാനനവഴിയതിലവന-
ന്യൂനമിടയ്ക്കുന്ന താമസം പററി
യാനരവാൽ തല പൊക്കും
മാനണി വാല്മീകി വിപിനത്തിൽ. 11

വലയും ഹയമെഴുമവനെ-
പ്പല സാധനവും തപഃപ്രഭാവത്താൽ
നലമൊടു വരുത്തി മാമുനി-
തിലകൻ തെളിവാർന്നു പൂജിച്ചു. 12

അന്നിശയിൽത്താനവനീ-
നന്ദിനി നന്നായിരട്ടപെററിതഹോ!
മന്നിതു സമ്പന്നമഹാ-
സൈന്യധനൌഘങ്ങളെപ്പോലെ. 13

ജ്യേഷ്ഠനു കുട്ടി പിറന്നതു
കേട്ടാസ്സൌമിത്രി തെളിവൊടുദയത്തിൽ
പൂട്ടിയ തേരേറിപ്പോയ്
ശിഷ്ടമുനിശ്രേഷ്ഠനെക്കൂപ്പി. 14

ചെന്നു മധുപഘ്നമവൻ
ചേർന്നു, കുംഭീനസീസുതൻതാനും
വന്നു, വനം നൽകുംകര-
മെന്നവിധം സത്വനിര ചേർന്നോൻ, 15

വസയുടെ നാററം, ജ്വാലാ-
വലിചികുരം, ധൂമധൂമ്രമാകാരം,
വളരെ ക്രവ്യാദ്ഗണമീ-
വടിവിൽ, നടക്കും ചിതാഗ്നിസമൻ. 16

ശൂലമകന്നൊരു ലവണനെ-
യാ ലക്ഷ്മണസോദരൻ തടുത്തു തദാ
കാലം കണ്ടെതിരിട്ടെ-
ന്നാലാർക്കും കൈവരുന്നു ജയം. 17

‘കുറവായ്ക്കുറച്ചു മമ വയർ
നിറവാനിത്തീററിയെന്നു വിധി ഭീത്യാ
വിരവൊടു തന്നവിധം തവ
വരവിതു നന്നേറെയിന്നേരം.’ 18

ഇതി വീരവാദമോതി
ക്ഷിതിപസുതൻതന്നെയന്നുടൻ കൊൽവാൻ
കൊതിയാൽപ്പറിച്ചു നെടുതാം
ക്ഷിതിരുഹമൊരു പുല്ലുപോലെയവൻ. 19

എറിയുംപൊഴുതസ്ത്രം പല
മുറിയാക്കി മുറിച്ചമൂലമാ വൃക്ഷം
കുറിയിൽ കൊണ്ടീലതിലഥ
ശരിയായ്പ്പൂരേണുതാൻ ചേർന്നു. 20

വൃക്ഷവിനാശം കണ്ടൊരു
രക്ഷസ്സുകൃതാന്തമുഷ്ടിയെന്നവിധം
രൂക്ഷമഹാശില വിട്ടു വി-
പക്ഷവപുസ്സായ ലക്ഷ്യത്തിൽ. 21

ശത്രുഘ്നനൻ വിട്ടിടുമൈ-
ന്ദ്രാസ്ത്രത്താൽ കൊടിയൊരക്കരിങ്കല്ലും
ചിത്രം നശിച്ചു, മണലിലു-
മെത്രയുമധികം പൊടിഞ്ഞതപ്പോൾ. 22

ഏററവനോടു വലങ്കര-
മേററം പൊക്കീട്ടടുത്തു രാത്രിചരൻ
കാററാൽക്കല്പാന്തത്തിലൊ-
രൊററപ്പനയുള്ള ഗിരിപോലേ. 23

നാരായണശരമേററഥ
മാരാശ്ശു പിളൎന്നു വീഴുമവനപ്പോൾ
പാരാകെച്ചേൎത്തു വിറ,
പാരാതെയകററി മുനിമാരിൽ. 24

മൃതരാക്ഷസനുടെ മീതേ
പതഗക്കൂട്ടം പതിച്ചു പരമപ്പോൾ
സുതരാം സുരസുമമഴ നൃപ-
സുതനാം തദ്വൈരിതന്മേലും. 25

മേഘനിനാദനെ വെന്നോര-
മോഘമഹാവീൎയ്യവാന്റെ സോദൎയ്യം
രാഘവനവനോൎത്തു തദാ
ശ്ലാഘാൎഹൻ ലവണനിധനത്താൽ. 26

വിരവൊടു കൃതാൎത്ഥരായ് മുനി-
വരർ വാഴ്ത്തുമവന്റെ മൌലിവീൎയ്യത്താൽ
പരമുന്നതമായ് ലജ്ജാ-
ഭരനമ്രവുമായ് പ്രകാശിച്ചു. 27

കൊതി മൃതലിലററ മധുരാ-
കൃതിയഥ കാളിന്ദിതന്റെ കൂലത്തിൽ
പുതിയ മധുരാപുരം ശുഭ-
മതി പൌരുഷഭൂഷണൻ തീൎത്തു. 28

സൌരാജ്യരമ്യമായോ-
രാ രാജ്യത്തുള്ള പൌരരെക്കണ്ടാൽ
സ്വാരാട്ടിൻനാട്ടിലിടം
പോരാഞ്ഞണവോരിതെന്നോക്കും. 29

കാളിന്ദിയിലവിടെക്കോ-
കാളിയെയിളവേണി ചേർത്ത പൊൻപോലെ
കാളിന രസമൊട്ടു കണ്ടാൻ
മാളികമുകളിൽക്കരേറിയവൻ. 30

ജനകജയുടെ മക്കൾക്കഥ
ജനനേ വഴിപോലെ വേണ്ട കർമ്മങ്ങൾ
അനഘൻ ചെയ്താൻ ദശരഥ-
ജനകസഖൻ മന്ത്രകൃദഗ്ര്യൻ. 31

കുശലവമക്കുട്ടികളുടെ
കുശലത്തിനെട്ടുത്തുടൻ തുടച്ചകവി
കുശലവരെന്നരിനാഗാ-
ങ്കുശമാകുമവർക്കു പേരിട്ടു. 32

കവി സാംഗമറകൾ ബാല്യം-
കവിയുംമുമ്പായവർക്കു വശമാക്കീ
കവി മാർഗ്ഗം കാട്ടും നിജ-
കവിതയുമവരെപ്പഠിപ്പിച്ചു. 33

മധുരം രാമായണമവർ
മധുരമൃസ്വരമൊടമ്മതൻമുമ്പിൽ
വിധുമുഖിയുടെ വരവിരഹജ-
വിധുരത കരയുംവിധം പാടീ. 34

എതിരററത്രേതാഗ്നി-
യ്യെതിരാം മരുരാഘവർക്കുമുളവായി,
സുതരീരണ്ടവർപതിയായ്-
പ്പതിപത്നികളായപത്നികളിൽ. 35

സുതരാംരാമോത്സുകനായ്—
സുതരായ സുബാഹുശത്രുഘാതികളിൽ
മധുരാവിദിശാനാട്ടുക—
ളുരണ്ടും ചേർത്തു ശത്രുഘ്നൻ. 36

കളയരുതിനിത്തപസ്സീ—
യളവും വാല്മീകിയെന്നൊഴിച്ചിതവൻ
കളകുശലവധാനത്താ—
ലിളകാമൃഗമൊക്കുമുടജത്തെ. 37

നവഭൂഷകളാൽത്തെരുവിന്നു
ജവമോടഴകേറിടുന്നയോദ്ധ്യയതിൽ
ലവണവധാൽജനമതിഗൌ—
രവമൊടുനോക്കെക്കടന്നുവശി. 38

സീതാത്ത്യാഗാലനിതര—
സാധാരണഭൂമിപതാപമൊടു സഭയിൽ
സോദരനെസ്സഭ്യരൊടും
സാദരമഥകണ്ടു ശത്രുഘ്നൻ. 39

അവനതലവണാരിയെമ—
ന്നവനഭിനന്ദിച്ചിതന്നു രഘുവീരൻ
അരികാലനേമിയെവധി—
ച്ചതിനാൽ ഹരിശാർങ്ഗിയെപ്പോലെ. 40

ഓതീക്ഷേമം നൃപനൊടു
ചോദിയ്ക്കയവൻ, മറച്ചു സന്തതിയെ
മോദാൽ വേണ്ടെന്നേകിടു—
മാദികവീന്ദ്രന്റെ കല്പനയാൽ. 41

ജാനപദൻ ദ്വിജനൊരുവൻ
ദീനതയതിയായ് വളൎന്ന മൃതശിശുവെ
താനങ്കംചേൎത്തുകര-
ഞ്ഞാനഥ നൃപഗോപുരദ്വാരേ:— 42

"ശിഷ്ടൻ ദശരഥഭൂപതി
വിട്ടഥരാമൻെറകൈയ്യിൽവന്നതിനാൽ
കഷ്ടം വസുധേ! നിൻകഥ
കഷ്ടതരം തന്നെയായ്ത്തീൎന്നു." 43

ശോകമതിൻവഴികേട്ടനൃ-
ലോകപനാം രാമനന്നുനാണിച്ചു
ചാകയകാലത്തില്ലി-
ക്ഷ്വാകനൃപക്കുള്ളരാജ്യത്തിൽ. 44

'അല്പംപൊറുക്കകെ'ന്നഴ-
യുൾപ്പേറും ദ്വിജനെയാശ്വസിപ്പിച്ച്
കെല്പോടകാലനെവെൽവാൻ
പുഷ്പകയാനത്തെയവനോൎത്തു. 45

സത്വരം പുഷ്പകമേറി-
ദ്ദശരഥസുതനന്നുയാത്രയായപ്പോൾ
അശരീരിവാക്കുകേട്ടാ-
നശിരേരമവൻപുരോഭാഗേ:— 46

'നൃപനിൻനാട്ടിലൊരാളു-
ണ്ടപചാരം ചെയ്തിടുന്നു ചെന്നതു നീ
സപദി മുടിയ്ക്കുകിലുടനീ-
യപമൃത്യു വരുന്നതും നില്ക്കും.' 47

കൌതുകമൊടു ജവനിശ്ചല-
കേതുവണിപ്പുഷ്പകത്തിലഥ രാമൻ
ജാതിവിരുദ്ധത്തൊഴിൽ വൈ-
കാതിഹ നിൎത്തീടുവാൻ പോയി. 48

തലകീഴായ്ത്തരുശാഖയി-
ലലമക്ഷി കലങ്ങുമാറു പുക തട്ടി
നലമൊടു തപസ്സു ചെയ്യും
നിലയിലവൻ പാൎത്തിതൊരു മുനിയെ. 49

രാമൻ ചോദിച്ചതിനാ-
ധൂമപനന്നോതി ശൂദ്രനാണെന്നും
കാമം സുരതയിലെന്നും;
നാമം ശംബൂകനെന്നും താൻ. 50

'ശരിയല്ലാത്ത തപസ്സാൽ
പെരിയൊരഘം നാട്ടുകാൎക്കു ചേൎക്കകയാൽ
അരിയണമിവനുടെ തലയെ'-
ന്നരിയൊരു വാളന്നെടുത്തു നൃപൻ. 51

മഞ്ഞാലല്ലി മൂടിഞ്ഞൊരു
കഞ്ജംപോലായി മീശ തീക്കനാൽ
കാഞ്ഞു കരിഞ്ഞാവദനം
താൻ ജനനാഥൻ മുറിച്ചിട്ടു. 52

വഴിവിട്ടുമുഗ്രതപസ്സാൽ
കഴിയാതവിധത്തിലുള്ള സൽഗതിയെ
വഴിപോലണഞ്ഞു വീയ്യം
വഴിയും നൃപശിക്ഷയാൽ ശൂദ്രൻ. 53

ആ മനുകുലവരനായൊരു
രാമനുമോജസ്സുയർന്ന കുംഭജനായ്,
സോമനുമായ്ശ്ശരദൃതുവെ-
ന്നാമട്ടു വഴിയ്ക്കുടൻ ചേർന്നു. 54

കടലു,കുടിച്ചന്നതിനുടെ
വിടവിനു വേണ്ടീട്ടിതെന്നമാതിരിയിൽ
തടവറ്റേകിയ വരമണി-
യുടനാമുനി രാമനായ് നൽകീ. 55

ആമണിഭൂമിജയുടെ ഗള-
സീമനി വിളയാടിടാതെഴും കൈമേൽ
രാമനണിഞ്ഞതണയുംമു-
ബാമൃതനാമുണ്ണിയെഴുന്നേറ്റു. 56

നിന്ദകൾ ചെയ്തത്തു കാലനിൽ-
നിന്നഭയം നൽകുവോനു നതിയാതെ
നന്ദനനണയെബ്ഭൂസുര-
ന്നഖിലം നീക്കി നന്നാക്കി. 57

നരവാനരരാക്ഷസവരർ,
തുരഗത്തെ മഖത്തിൽ വിട്ട രാഘവനായ്
പരമേകീ കാഴ്ചകൾ, കാർ-
നിര സസ്യത്തിന്നു നീർപോലെ. 58

ക്ഷണമേറ്റു പാരിലുള്ളൃഷി-
ഗണമെന്നല്ലന്നു ദിവ്യമുനിമാരും
ക്ഷണമാ ക്ഷമാവരങ്കൽ
പ്രണയമിയന്നൊത്തു ചെന്നെത്തി. 59

ചാരത്തവരൊത്തു ചത്വ-
ദ്ദ്വാരമുഖം ചേരുവോരയോദ്ധ്യ തദാ
പാരു പണിയും ചതുർമ്മുഖ-
ചാരുശരീരത്തിനൊടൊത്തു്. 60

പുകളേററി ഭൂപനവനീ-
മകളെ വെടിഞ്ഞതുമനന്യജാനിയവൻ
സ്വകളത്രനിലയിലബ്ഭൂ-
മകളുടെ പൊൻപ്രതിമയാക്കുകയാൽ. 61

രക്ഷ, മഖവിഘ്നകരരാം
രാക്ഷസർ ചെയ്തേറെ വിഭവമൊടു യജ്ഞം
അക്ഷണമാരംഭിച്ചു സ-
ലക്ഷണനാം ലക്ഷ്മണജ്യേഷ്ഠൻ. 62

ഉരുവിരുതൊടു കുശലവരവ-
രിരുവരുമഥ രാമചരിതനകാവ്യം
തെരുവുകളിലങ്ങുമിങ്ങും
ഗുരുവരുളുംപടിയുടൻ പാടി. 63

കിന്നരരവരവർ, ദശരഥ-
നന്ദനകഥ, കവിപുഴ്ന്ന വാല്മീകി
നന്നായ്ക്കേട്ടാൽ കരളലി-
യുന്നതിനിനി വേണ്ടതെന്തുള്ളൂ? 64

അറിവുള്ളവരരുളുകയാ-
ലരിയൊരുതദ്രൂപഗീതമാധുര്യം
ശരിയായ്ക്കണ്ടും കേട്ടും
ധരിച്ചുതേ സാനുജൻ രാമൻ. 65

മതിവെച്ചഗ്ഗീതം കേ-
ട്ടതിലസ്സഭയപ്പൊഴശ്രുവും തൂകി
എതിരെക്കാററററൊരുവന-
മുതിരും മഞ്ഞാന്നമട്ടായി. 66

വേഷവയസ്സുകളൊഴിയെ-
ശ്ശേഷം രാമാഭയൊക്കെയൊത്തവരെ
തോഷമൊടു കണ്ടു മിഴികള-
ശേഷമടയ്ക്കാതെ നിന്നു ജനം. 67

അവരുടെ നിപുണതയെക്കാ-
ളെ,വനം ബഹുവിസ്മയത്തെയുണ്ടാക്കീ
നൃവരൻ സംഭാവനചെ-
യ്യുവയിലവക്കുള്ള നിസ്പൃഹത. 68

'ആരു പഠിപ്പിച്ചതു പാ-
ട്ടാ,രുടെ കൃതിയാണിതോതുകെ'ന്നു നൃപൻ
നേരേ ചോദിച്ചളവിരു-
പേരും വാല്മീകിയെന്നോതി. 69

ഉടനനുജരൊത്തു രാമൻ
സ്ഫുടമഥ വാല്മീകിയോടണഞ്ഞു തദാ.
ഉടൽ വിട്ടു മററു തൻപാ-
രിടമഖിലം കാഴ്ച്ചയായ്വെച്ചു. 70

'രാമ! തവ മക്കളാണിവർ
ഭ്രമകരംതന്നെപ്പരിഗ്രഹിച്ചിനി നീ
ആമയമാററീടുകെ'ന്നാ-
നാമയമുള്ളിലെഴുന്ന മുനി. 71

'താത! ശിഖി ചേന്നു നിൻസ്നുഷ
സീത മമാഗ്രേ വിശുദ്ധി കാണിച്ചു
യാതുച്ചതിയോർത്തി,ല്ലതി-
ലേതും നാട്ടാൾക്കു വിശ്വാസം. 72

അവരുടെ വിശ്വാസക്കേ-
ടവനിജ നീക്കട്ടെ, പിന്നെ മക്കളൊടും
അവളെപ്പരിഗ്രഹിപ്പൻ
തവ കല്പനപോലെ മുനിമൌലേ!' 73

സ്വയമാമുനിതൻപർണ്ണാ-
ലയമതിൽനിന്നഥ വരുത്തി ജാനകിയെ
നയമൊടു ശിഷ്യൌഘത്താൽ,
നിയമത്താൽ സിദ്ധിയെപ്പോലെ. 74

ജനതതിയെയങ്ങു പിറേറ-
ദ്ദിനമക്കാര്യത്തിന്നായ്വരുത്തി മുദാ
അനഘൻ മുനിവരനെയുമ-
ജ്ജനനാഥനടൻ വിളിപ്പിച്ചു. 75

സ്വരസംസ്കാരയുതക്കൊടു
ഖരകരനെപ്പോലെ രാമനെ മുനീന്ദ്രൻ
തരസാ സുതരായ്ച്ചേർന്നൊരു
ധരണീമകളോടുമഥ കണ്ടു. 76

കാവിത്തുകിലാർന്നു,ക്ഷികൾ
കാലിൽച്ചേർത്തുള്ള ശാന്തമെയ്കൊണ്ടേ
കാണപ്പെട്ടാളായവൾ
കാണികളാൽശ്ശുദ്ധയെന്നപ്പോൾ. 77

മിഴിയവളുടെ മിഴിവഴി വി-
ട്ടൊഴിയുംപടി നിന്നു വക്ത്രവും താഴ്ത്തി
വഴിയുംഭക്തിയൊടാളുകൾ
വഴിപോലെ വിളഞ്ഞ നെൽപോലെ. 78

'അതിയായ് നിൻ വൃത്തേ ജന-
മതിയിലെഴും ശങ്ക നീക്കുകിനി വത്സേ!
പതി കാണ്കെ'യെന്നു മുനിയ-
സ്തുതിയൊടു പീഠസ്ഥനായോതി. 79

ധരണിജയപ്പോൾ മുനികുല-
വരശിഷ്യൻ നൽകുമമലതീർത്ഥത്തെ
തരസാ സേവിച്ചുടനി-
ത്തരമോതീ സത്യമാം വാക്യം:— 80

'പാതിവ്രത്യം കുറയും-
മാതിരിയുടലുള്ളുവാക്കിവകളാൽ ഞാൻ
ചെയ്തില്ലെങ്കിൽ മറയ്ക്കുക
നീ തിറമൊടു നിന്നിൽ മാം ധാത്രി!' 81

സതിയവളിതരുളുമപ്പോൾ,
ക്ഷിതി വിണ്ടിടിമിന്നലൊത്ത കാന്തിയൊടും
അതിയായ് പ്രഭാപടലമൊ-
ന്നതിൽനിന്നുടനേ പുറപ്പെട്ടു. 82

പാമ്പിൻപത്തിയിലതിലൊരു
പൊമ്പീഠത്തിൽപ്പയോധികാഞ്ചിയൊടും
അമ്പിലുടൻ കണ്ടു തദാ
മുമ്പിൽ സാക്ഷാൽ വസുന്ധരയെ. 83

തിരുമിഴിവരനിലണച്ചു-
ള്ളൊരു സീതയെ മടിയിലേററിയവൾ പിന്നെ,
അരുതരുതെന്നവനരുളവെ
വിരുതൊടു പാതാളമൂലംപ്പുക്കാൾ. 84

വില്ലേന്തിസ്സീതയെ വിടു-
കില്ലേയെന്നൂഴിയൊടെഴും കോപം
മെല്ലെയവനാററി, വിധിബല-
മല്ലേയെന്നോതിയാഗ്ഗുരുതാൻ. 85

മാമുനികളെയും സ്നേഹിത-
രാമവരേയും പിരിച്ചു യജ്ഞാന്തേ
രാമൻ സീതയിലിയലും
പ്രേമം തന്മക്കളിൽക്കാട്ടി. 86

ഭരതനു നൽകിയുധാജി-
ത്തുരചെയ്തപടിയ്ക്കു സിന്ധുദേശത്തെ
സരസം സകല ജനാവന-
നിരതനവൻ വേണ്ട മുതലോടും. 87

തെരുതെരെയസ്സുരഗായക-
രരുതടലെന്നായുധം വിടുംവരെയും
പൊരുതവരെ വീണമാത്രം
വിരുതൻ ഭരതൻ വഹിപ്പിച്ചു. 88

പുഷ്കലനും തക്ഷനുമാം
മക്കളെയെപ്പേരെഴും പുരം രണ്ടിൽ
തക്കമൊടഭിഷേകം ചെ-
യ്തഗ്രജനൊടു ചേർന്നു പിന്നെയവൻ. 98

ശ്രീരാമാജ്ഞപ്പടി ന-
ല്ലോരംഗദചന്ദ്രകേതുമാർ സുതരിൽ
പേരാർന്ന ലക്ഷ്മണൻതാൻ
കാരാപഥനാഥനിലചേർത്തു. 90

പുത്രർക്കിസ്ഥിതി നൽകി,-
ബ്ഭർത്തൃപദം ചേർന്ന ജനനിമാർക്കായി
പൃത്ഥ്വീശ്വരർ ശേഷക്രിയ
ഭക്ത്യാ ചെയ്താർ മുറയ്ക്കെല്ലാം. 91

വെളിവിൽ മുനിവേഷമായ്ച്ചെ-
ന്നിളവാഴും രാമനോടു യമനോതി
ഒളിവിൽ സംസാരിയ്ക്കു-
ന്നളവങ്ങാർ ചെൽകിലും കളവാൻ. 92

ആവാമതെന്നുരച്ചോ-
രവനോടു നിജവേഷമാർന്നുടൻ കാലൻ
ആവാനണവാനാസ്ഥന-
ജാവാസൻ ചൊന്ന കഥയോതി. 93

അറികിലുമവരുടെ സമയമ-
തത്തുന്നാൾ തെററിച്ചു ലക്ഷ്മണൻ ദ്വാസ്ഥൻ
അണയും മുനി ദുർവ്വാസാ-
വരുളും കടുശാപമെന്ന ഭയാൽ. 94

പോയഥ സരയൂതീര-
ത്തായവനുടൽ ചുട്ടു യോഗമറിയുന്നോൻ
സ്വീയാഗ്രജസത്യം ശരി-
യാക്കിങ്ങിനെയവനു രക്ഷിച്ചു. 95

ആത്മചതുർഭാഗം മൂ-
ന്മാമട്ടാസ്വിർണ്ണണഞ്ഞെഴും രാമൻ
ആക്കം കുറഞ്ഞു കാൽ മൂ-
ന്നായ്ക്കാണ്ഡം ധർമ്മമോടൊത്തു. 96

അരിനാഗാങ്കുശമാം കുശ-
നരിയ കുശാവതി തൊട്ടുത്തു പിന്നെയവൻ
സുവചനജനിതസദശ്രുക-
ലവനാം ലവനശ്ശരാവതിയും. 97

ജ്വലനപുരസ്സരനഥ നി-
ശ്ചലമതിപോയ് സാനുജൻ വടക്കോട്ടായ്
കുലരും പതിവാത്സല്യാൽ
നിലയമൊഴിച്ചുള്ളയോദ്ധ്യയൊടും. 98

പൌരകടമ്പിൻമൊട്ടൊട്ടു
നേരാംമിഴിനീർ പൊഴിച്ചു വഴിയൂടെ
ആ രാമൻെറ മനസ്സറി-
വോരാശരകപികളും ചെന്നു. 99

അനുകമ്പയേറുമാരാ-
മനുയാനമടുത്തപോത്തു സരയുവിനെ
അനുയായികൾക്കവൻ വാ-
നിനു വേണ്ടും കോണിയെന്നാക്കി. 100

ആ പ്രജകൾ നീന്തിയവിടെ-
ഗോപ്രതരപ്പടി തിരക്കുകയാൽ
സൽപ്രവരർ തീർത്ഥമാക്കിയ-
താപ്രഥിതപ്പേരൊടന്നുമുതൽ. 101

ദേവാംശഭ്രൂതർ തങ്ങൾ-
ക്കാവാനിലെഴും വപുസ്സോടഥ ചെന്നണയേ
ദേവകളായൊരു പൌര-
ക്കാസ്സ്യാനങ്ങളാക്കി വേറെയുടനൊന്നു വിള. 102

ഉങ്കാളും രാവണഗളമറുത്തീടുമദ്ദേവകാൎയ്യം
താങ്കാലേ ചെയ്തിരുഗിരികളിൽ ചൊവ്വു. തെക്കും വടക്കും
ലങ്കാനാഥൻ പവനസുതനെന്നിപ്പുകൾത്തൂണു നാട്ടി-
ത്തങ്കായത്തിൽ സകല ളുവനൈകാലയൻ പോയ്
[ലയിച്ചു. 103

(പതിനഞ്ചാം സൎഗ്ഗം കഴിഞ്ഞു)

---

# പതിനാറാം സൎഗ്ഗം.

---

ഗുണം വയസ്സെന്നിവയേറുമക്കൾ-
ന്നിണങ്ങിമറ്റേഴു രഘുപ്രവീരരും
വണങ്ങി രത്നങ്ങൾ കൊടുത്തു: സോദര-
ക്കിണക്കമൊശ്രേഷ്ഠകലാനുസാരിതാൻ. 1

ഗജപ്പിടുത്തം കൃഷിസേതുതൊട്ടതാ-
ന്നജയ്യരാമായവൎദ്ധരാകിലും
നിജക്ഷമാസീമവിടാതെ മേവിനാ-
രജസ്രമംഭോധികൾ വേലപോലവേ. 2

ചതുർഭുജാംശത്തിലവക്കു വംശമെ-
ട്ടുജ്ജ്വലിച്ചങ്ങു പരന്നു നാൾക്കുനാൾ
അതുല്യദാനത്തൊടു, സാമയോനിയായ്-
പ്പതുക്കെ വാനോർകരികൾക്കു പോലവേ. 3

ഒരർദ്ധരാവിൽത്തിരിനിന്നു കാത്തുവോ-
രറയ്ക്കകത്തന്യരുറങ്ങവേ കുശൻ,
വരൻ പിരിഞ്ഞാവടിവാർന്ന പുത്തനാം
വരാംഗിയെപ്പാർത്തിതുണർന്നെഴുന്നവൻ. 4

പുരന്ദരനൊത്തരിയെജ്ജയിച്ചു, ഭ്രു-
വരർദ്ധിനല്ലോക്കു കൊടുത്തു, സാനുജം
പരം വിളങ്ങുന്നവനെജ്ജയിക്കയെ-
ന്നരച്ചു നേരിട്ടവൾ നിന്നു കൂപ്പിനാൾ. 5

കടന്നു, കണ്ണാടിയിലാം നിഴൽപ്പടി-
യ്ക്കുടച്ചെഴും തന്മുറി ചേർത്ത തന്വിയെ
കിടയ്ക്കയിൽ പാതിയെണീററു നോക്കി നേ-
ർക്കുടൻ പറഞ്ഞാൻ കുശനത്ഭുതത്തൊടും:— 6

അടച്ചതെന്നാകിലുമാലയത്തിൽ നീ
കടന്നുകാണ്മീലിഹ യോഗശക്തി തേ
ചടച്ചുടൽക്കുണ്ടിടരേടലക്കുമ-
ഞ്ഞടച്ചടിച്ചാടൽ തടിച്ചിടുംപടി. 7

വരാംഗി! നീയാരെ,വനുള്ള ഭാര്യ,യെൻ-
പുരാന്തരേ വന്നതിനെന്തു കാരണം?
ഉരയ്ക്ക, വമ്പുള്ള രഘുക്കൾ തൻമനം
വരാംഗനാനിസ്പൃഹമെന്നതോർത്തു നീ. 8

നതാംഗി ചൊന്നാൾ: 'ഗുരുപൌരരൊത്തുതൻ-
പദത്തിനായ്പ്പോയതിൽ നാഥനെന്നിയേ
പ്രതപ്തയാമാപ്പുരിതൻെറ ദേവതാ-
പദത്തിലുള്ളോളിവളോർക്ക ഭൂപതേ! 9

ധനേശരാജ്യത്തിലുമേറുമൃദ്ധിയാ-
ലനേകനാളുത്സവമാർന്നിരുന്ന ഞാൻ
ജനേശ! വീഴ്ത്തികവാർന്നിനാനപായ-
ത്തിനേവമങ്ങുള്ളളവല്ലലേല്ക്കയായ്. 10

വെടിഞ്ഞു നാഥൻ, മതിൽ കൊത്തളങ്ങള-
ങ്ങിടിഞ്ഞിടിഞ്ഞൊക്കെ വിഴന്നൊരെൻനില
മുടിഞ്ഞിനൻ പോയ്പ്പുട്ടവായുവാൽ ഘനം
പൊടിഞ്ഞു ചിന്നുന്നൊരു സന്ധ്യപോലെയായ്. 11

വരാർത്ഥിനിസ്ത്രീനിരരാവിൽ മഞ്ജുനൂ-
പുരാരവത്തോടു നടന്ന പാതയിൽ
വിരാവിവക്ത്രോല്ക്കകളാൽശ്ശിവാഗണം
ചിരായ തീൻ തേടിനടന്നിടുന്നതേ. 12

പരം മൃദംഗാഭരവം വരാംഗിമാർ
കരങ്ങളാൽ ചേർത്ത സരസ്സിലൊക്കെയും
നിരന്തരം കൊമ്പുകൾ കാട്ടുപോത്തടി-
പ്പൊരക്ഖരാരാവമെഴുന്നു സാമ്പ്രതം. 13

അനാരതം വാദ്യമൊഴിഞ്ഞു നൃത്തമ-
റ്റനാഥലീലാമയിൽ കാട്ടുബർഹിയായ്
വിനാശമത്തുണിനണഞ്ഞു ശാഖിമേൽ
വനാഗ്നിയാൽപ്പീലി കരിഞ്ഞഴന്നുതേ. 14

അലക്തകച്ചാറണിയുന്ന കാൽ കൃശാ-
വലഗ്നമാർ വെപ്പൊരു കോണിതോറുമേ
ഒലിയ്ക്കുമേണച്ചുടുചോരചേരുമ-
പ്പുലിയ്ക്കുഴംകാലു പതിഞ്ഞിടുന്നതെ. 15

ഒടിച്ചു ചിത്രപ്പിടിയാനപൊയ്കയിൽ-
പ്പൊടിച്ചുപൊങ്ങും ബിസമേകുമാഗ്ഗജം
പൊടിച്ചു സിംഹങ്ങൾ നഖാങ്കുശങ്ങളാ-
ലടിച്ചുടയ്ക്കുംമുഖമാന്നെഴുന്നതേ. 16

വരാംഗനപ്പാവകൾ തൂണിൽ മുമ്പിലു-
ള്ളൊരാനിറം പോയ്ക്കുചകോരകങ്ങളിൽ
ധരാപതേ! പാമ്പുറയുത്തരീയമെ-
ന്നൊരാവിധം ചേർത്തണിയുന്നിതിന്നഹോ! 17

പഴക്കമാൎന്നുടയിൽ വെള്ളയിട്ടതി-
ന്നഴക്കു പററിപട്ടുപുല്ലു ചേൎന്നതിൽ
കുഴക്കമായ് മുൻപടി രാവിൽ മിന്നുവാൻ
തഴയ്ക്കുമാ മുത്തിടയും നിലാവിനും. 18

കുരംഗലോലാക്ഷികൾ പൂവിനാസ്ഥയാ-
കരങ്ങളാൽക്കൊമ്പു വളച്ച വല്ലികൾ
കുരങ്ങനും കാടരുമെന്റെ തോപ്പിലേ-
യ്ക്കിറങ്ങിയന്നൊക്കെ മുടിച്ചിടുന്നതേ. 19

നിശി പ്രദീപപ്രഭ നീങ്ങിയും പകൽ
ശശിപ്രഭസ്ത്രീമുഖലക്ഷ്മിവിട്ടുമേ
നശിപ്പൊരാനൽജ്ജനൽധൂമമററുമെൻ
ദിശിപ്രവൃദ്ധപ്പുഴന്തലിൽ മൂടിതേ. 20

ബലിക്രമം വിട്ട മണൽപ്പുറത്തൊട്ടും,
കുളിപ്പതാൎത്ഥം കലരാതെ ശ്ശൂന്യമായ്
ഒലിപ്പു, ചൂരൽക്കുടിൽചേൎന്നു,മാലിലു-
ള്ളുലയ്ക്കുമാറെൻ സരയൂസരിജ്ജലം. 21

വരാലയം നീയിതു വിട്ടുപൂക മാൽ
വരാതെ ഞാനാംകുലരാജധാനിയിൽ
നരാംഗമാം കാരണമെയ്കളഞ്ഞു തൽ
പരാത്മമെയ്യിൽഗ്ഗുരുവെന്നമാതിരി. 22

പരന്തെളിഞ്ഞാവിധമോറു ചൊല്ലിനാൻ
പരന്തപൻ രാഘവനപ്പൊഴപ്പുരി
ദുരന്തമാലററു മുഖപ്രസാദമാ-
ന്നരന്തദാ തത്ര മറഞ്ഞു മെയ്യൊടും. 23

പുലച്ച്യയാ രാവിലെയത്ഭുതം സഭാ-
തലത്തിലോതീദ്വിജരോടു ഭൂവരൻ;
അലംപുകഴ്ത്തീ കുലരാജധാനിയാ-
നിലയ്ക്കു വേട്ടോരവനെ ദ്വിജേന്ദ്രരും. 24

ധരാസുരക്കപ്പുരി നൽകി നല്ലനാറം
സ്വരാമമാരോടുമയോദ്ധ്യചേരുവാൻ
പെരുത്തു കാറിൻനിര പിന്തുടന്നിടും
മരുത്തുപോലെ പടയൊത്തു പോയവൻ. 25

ശരിയ്ക്കു കേതൂപവനം രഥാലയം
കരിക്കളിക്കുന്നിവയൊത്ത സേനതാൻ
ചരിയ്ക്കുമത്തന്നുടെരാജധാനി മാ-
തിരിക്കിണങ്ങീ നൃവരന്നു യാത്രയിൽ. 26

വരാതപത്രാമലമണ്ഡലാഢ്യനാ-
നരാധിപൻ മുൻനിലയത്തിലേയ്ക്കുതാൻ
പരം നയിയ്ക്കും പട, ശർവ്വരീകരൻ
കരയ്ക്കണയ്ക്കും കടൽപോലെയായിതേ. 27

നടക്കുമാ വമ്പട ചേർത്തപീഡയ-
ന്നടക്കവയ്യാഞ്ഞു പൊടിപ്പകിട്ടിനാൽ
കടക്കയോ വിഷ്ണുപദത്തിൽ മന്നിതെ-
ന്നിടയ്ക്കിടയ്ക്കങ്ങടനോർത്തു കാണികൾ. 28

പുറപ്പെടാൻ പിന്നിൽ, വഴിയ്ക്കു, മുമ്പിലാ-
യ് പുരപ്പടിയ്ക്കുത്തുമിടത്തിലിങ്ങനെ
പരപ്പൊടേറും പടപൂർണ്ണമിങ്ങിതെ-
ന്നുറപ്പുടൻ കാണ്മവനെങ്ങുമേകിപോൽ. 29

ഒഴിയ്ക്കവയ്യാതെ മദാംബുതൽഗ്ഗജം
പൊഴിയ്ക്കുകൊണ്ടും കുതിരക്കുളമ്പുകൾ
വഴിയ്ക്കുകൊണ്ടും പൊടിപങ്കമായിതാ-
വഴിയ്ക്കുവീണ്ടും പൊടിയായി പങ്കവും. 30

പരന്നു ചിന്നിപ്പടവിന്ധ്യസാനുവിൽ
പരന്നാടന്നാവഴി നോക്കിടുംവിധൌ
ജനമ്പലാൽ മാറ്റൊലിരേവപോലെക-
ന്ദരങ്ങളിൽത്തത്ര വളർത്തിമേൽക്കുമേൽ. 31

തുടുത്തുമത്തേതരുതൾ ധാതുവാൽ, പട-
പ്പടുസ്വനം ഭേരിയൊടൊത്തുകൂടിയും
കടന്നു വിന്ധ്യാദ്രിനൃപേന്ദ്ര, വേടർ നൽ-
കിടുന്ന നൽകാഴ്ചകൾ കണ്ടുകൊണ്ടുടൻ. 32

ജലം മദേഭച്ഛിറയാൽ തിരിച്ചൊര-
സ്ഥലത്തുഗംഗാനദിയെക്കടക്കവേ
അലംനൃപന്നാംബരമേറുമന്നമ-
ന്നലച്ചു വീശി ചിറകായ ചാമരം. 33

സ്ഫുരിച്ച കോപാൽ കപിലൻ കരിച്ചു സം-
ഹരിച്ചെഴും പൂർവ്വരെ വാനകേററിയും
ശരിയ്ക്കു നൽക്കപ്പലുലച്ചുമുള്ളൊര-
സ്സരിജ്ജലത്തെത്തൊഴുതാൻ ധരാവരൻ. 34

കുറച്ചുനാളാൽ വഴിതീൎന്നിവണ്ണമാ-
നരക്ഷ്നാഥൻ സരയൂസരിത്തടേ
തറയ്ക്കുമേൽ രാഘവരധ്വരങ്ങളിൽ
തറച്ചെഴും യൂപശതങ്ങൾ കണ്ടുതേ. 35

പുരപ്പെരുന്തോപ്പണിവായുവങ്ങു പൂ-
മരത്തെയാട്ടിസ്സരയൂജലാർദ്രനായ്
പരം പടക്കാർ തളരും നരേന്ദ്രനെ-
ത്തരത്തിലെത്തീട്ടെതിരേററു സാദരം. 36

പുരാന്തികേ കേതുവുമണഞ്ഞ സേനയെ-
പ്പുരാന്തകൻ പൌരസഖൻ പ്രതാപവാൻ
നരാധിനാഥൻ രഘുവംശകേതു മാൽ
വരാതെ പാൎപ്പിച്ചിതു പിന്നെയങ്ങവൻ. 37

പരം നൃപാജ്ഞപ്പടികോപ്പുകൂട്ടി യാ-
പ്പുരത്തെ മുററും പുതുതാക്കിശില്പികൾ,
നിരക്കെ നീർപെയ്തു ഘനങ്ങൾ വേനലാൽ
തരംകെടും മന്നിനെയെന്നപോലവേ. 38

ഉടൻ മഹാക്ഷേത്രമെഴുന്നൊരപ്പുരേ
സ്ഫുടം ബലിപ്പ്രയ്യുണിവാസ്തുപൂജയെ
ചടങ്ങറിഞ്ഞുള്ളവർ നോൽമ്പിരുന്നതാൻ
നടത്തിനന്നായ് രഘുനായകാജ്ഞയാൽ. 39

കടന്നു കാന്താവ്ഹൃദി കാമിപോലെയ-
ങ്ങുടൻ നരാധീശപുരമന്ദിരേ കുശൻ,
പടന്നമോദാലനുയായികൾക്കു പാ-
പ്പിടങ്ങൾ ചേരുംപടി പിന്നെ നൽകിനാൻ. 40

തുരംഗമം ലായമണഞ്ഞു, ശാലയിൽ
പരംഗജം കുററികൾ ചേന്നു,മപ്പുരി
നിരക്കെയങ്ങാടികൾ വാണിഭാഢ്യമായ്
നിറച്ചുകോപ്പിട്ടൊരു കന്യപോലെയായ്. 41

തരത്തിലാരാഘവർ പണ്ടു പാത്തൊര-
പ്പുരത്തിൽമുമ്പുള്ള ഴകൊക്കെയക്കുശൻ
പരത്തിവാണിന്ദ്രധനേശമട്ടിലും
കരംത്തടത്തിൽ കൊതിവിട്ടപാത്ത്വതെ. 42

മുലപ്പടത്തിൽ പുതുമുത്തു, ഹാരമാ-
മുലയ്ക്കു, നിശ്വാസമുലയ്ക്കുമാടയും
അലങ്കരിച്ചീടുവിനെന്നു തദ്വധൂ-
കുലത്തോടേ താനഥ വേനൽ വന്നുതേ. 43

വടക്കുദിക്ക,ക്കനഗസ്ത്യചിഹ്നമു-
ള്ളിടത്തുനിന്നും നികടത്തിലെത്തവേ
സ്ഫുടപ്രമോദാശ്രുകണക്കുപെയ്തിത-
ന്നുടൻ തുഷാരാദ്രിതുഷാരവാരിയെ. 44

പടന്നതാപം തടവും ദിനം, പരം
ചടച്ചരാവീയിതുപോലുമന്നഹോ!
ഇടഞ്ഞുടൻ തങ്ങളിൽ വേർപിരിഞ്ഞു വി-
മ്മിടർപ്പെട്ടും ദമ്പതിമാർകണക്കെയായ്. 45

പരം കരിഞ്ഞുണങ്ങിപ്പിടിച്ച കല്പട-
ല്പുറം ക്രമാൽവിട്ടു ഗൃഹക്കളങ്ങളിൽ
നിരന്നതണ്ടാരുടെ തണ്ടുയന്നനീർ
പുരന്ധ്രിമാക്കന്നരയോളമായിതേ. 46

വിരിഞ്ഞിടുമ്പോൾ വനമുല്ലതൻമണം
ചൊരിഞ്ഞിടും പൂക്കളിലൊക്കെയും ക്രമാൽ
ചരിച്ചുസന്ധ്യയ്ക്കു, മുരണ്ടുവററിനെ-
ശ്ശരിയ്ക്കുതൊട്ടെണ്ണിയപോലെ വണ്ടുകൾ. 47

സ്ഫുരിയ്ക്കുമാസ്വേദജലാർദ്രമാം നഖ-
പ്പുരിക്കെഴും ഗന്ധമൊടല്ലി ചേന്നതിൽ
സരിയ്ക്കു വീണില ജവേന കാറ്റു വി-
ട്ടിരിയ്ക്കനല്ലാക്ക്ശിരീഷസൂനവും. 48

നനത്തയന്ത്രക്കുളുർ നീർചുഴന്നു ച-
ന്ദനത്തെളിച്ചാറിൽ നനച്ച കല്ലുകൾ
മിനുത്തധാരാനിലയത്തിലുള്ളതിൽ-
ലധനത്തിളപ്പാന്നവർ ചൂടുപോക്കിനാർ. 49

കളിച്ചുഴിച്ചിട്ടു പുകച്ചു കാന്തമാർ
കളിത്തവെൺമല്ലികചേത്തക്കുന്തലിൽ
കളിച്ചുകാമൻ മധുപോകയാലെഴും
തളച്ചതീർത്താത്മബലം വളത്തിനാൽ. 50

രജസ്സിനാൽ ചോപ്പെഴുമർജ്ജുനദ്രുമ-
വ്രജപ്പുതുപ്പൂങ്കുലമിന്നിയേററവും
നിജാരിയെച്ചുട്ടഥ രുഷ്ടനാം വൃഷ-
ധ്വജൻ മുറിച്ചാസ്മരമൌവ്വിപോലവേ. 51

തുടുത്തമദ്യം, പുതുപാടലം, മണം
കടുത്തമാവിൻതളിരെന്നമൂന്നുമേ
കൊടുത്തു കാമിക്കു, വഴിക്കു വേനൽതാൻ
കൊടുത്തു തൻദോഷമശേഷവും തദാ. 52

കടുത്തൊരാവേളയിലേററമായ് പ്രിയം
പെടുത്തി ലോകത്തിനു രണ്ടുപേരിവർ
അടുത്ത താപം നിജപാദസേവയാൽ
കൊടുത്തുയർന്നാനൃപനും മൃഗാങ്കനും. 53

ഗളിച്ചവല്ലീമലർമത്തഹംസവും
കുളിച്ചുമിന്നും സരയുപ്പുഴയ്ക്കകം
കുളിർജ്ജലത്തിൽക്കളെവാണിമാരൊടും
കുളിച്ചുകൂടാൻ കൊതിയാർന്നു പിന്നവൻ. 54

കരയ്ക്കു കൂടാരമടിച്ചു, ദാശർപോയ്
മുറയ്ക്കു നക്രങ്ങളെ നീക്കിയോരതിൽ
തരത്തിവാശ്രീ മഹിമാനുരൂപമാ-
യിറങ്ങി ലീലയ്ക്കു മുകുന്ദവിക്രമൻ. 55

കരങ്ങൾചേരും വളതമ്മിൽ മുട്ടി നൂ-
പുരം കിലുങ്ങിക്കടവിൽ കുളിയ്ക്കുവാൻ
ഇറങ്ങവേ ഹംസഗണത്തിനാംബ് ഭയം
കുരംഗലോലാക്ഷികളങ്ങുചേർത്തുതേ. 56

പരസ്പരം വെള്ളമൊഴിപ്പതിന്നുതൽ-
പരതപമാർന്നോരുടെമജ്ജനേച്ഛയെ
നരക്ഷ്ധീശൻ തരിഭേചെന്നുകണ്ടുകൊ-
ണ്ടുരച്ചുവീശുന്ന കിരാതിയോടുടൻ:— 57

"വിടും കുറിക്കൂട്ടൊട്ടുകാന്തമാർകുളി-
ച്ചിടുന്നനേരം സരയൂസരിത്തിൽ
നെടുംപ്രവാഹം പലവർണ്ണമായ്‌ഭവി-
ച്ചിടുന്നു കാറാർന്നൊരുസന്ധ്യാമാതിരി. 58

ഇളക്കമീ വഞ്ചിവളക്കെയെങ്ങനം
കുളത്തെന്തിന്നാമദരാഗശോഭയെ
വിളങ്ങുമീവാരികൊടുത്തു കണ്ണിനെ-
ന്നിളങ്കുരംഗേക്ഷണമാർക്കശേഷവും. 59

സ്തനത്തിനും ശ്രോണിയതിന്നുമേറിടും.
ഘനത്തിനാൽ പൊങ്ങുകവയ്യയെങ്കിലും
കനത്തരാഗാലിവർ നീന്തിടുന്നു കാ-
ഞ്ചനത്തരിപ്പൊൻവളയിട്ടകൈകളാൽ. 60

ശിരീഷപുഷ്പം പുഴയിൽ കളിച്ചെഴു-
ന്നൊരീയിവർക്കുള്ളൊരു കാതുവിട്ടിതാ
ശരിയ്ക്കൊഴുക്കാലെയുലഞ്ഞു ചണ്ഡിയോ-
ത്തിരിയ്ക്കുമാമീൻനിരയെച്ചതിച്ചുതേ. 61

ജലത്തെറിപ്പിപ്പതിൽ നീക്കണം പരം
മുലയ്ക്കൽ മുത്തിൻപടി ചെന്നുവീഴ്കയാൽ
ഉലഞ്ഞു ഹാരങ്ങളുഴിഞ്ഞതും കൃശാ-
വലഗ്നമാരിന്നറിയുന്നതില്ലിവർ. 62

മുറയ്ക്കു നാഭീസ്തനചില്ലികൾക്കു ന-
ല്ലൊരച്ചുഴിക്കോകതരംഗഭംഗികൾ
തരത്തിലംഗാവയവോപമാനമാ-
യ്വരാംഗികൾക്കുണ്ടിവിടത്തിലന്തികേ. 63

കരയ്ക്കുമൈലൊ,ച്ചകലൻപീലിയെ-
പ്പരത്തിടും വാരിമൃദംഗമീയിവർ
മുറയ്ക്കുപാട്ടൊത്തുമുഴക്കിയെൻചെവി-
യ്ക്കുരയ്ക്കവയ്യാത്ത രസം തരുന്നുതേ. 64

നിലാവണിത്താരകൾപോലെപട്ടട-
പ്പിലാജലം ന്തൽപ്പുഴതിൽപ്പെട്ടുംപടി
വിലാസിനീജാലമണിഞ്ഞമേഖലാ-
കലാപവും ശബ്ദമകന്നെഴുന്നുതേ. 65

കരാംബുജോൽപീഡിതനീർ;മുഖേ മദി-
ച്ചൊരാളിവീഴ്ത്തും തരുണീജനങ്ങളിൽ
വരാളകത്തിൻവളവററതുമ്പുപെ-
യ്തൊരാപ്പരാഗാരുണമാരി കാണ്കെ നീ. 66

അഴിഞ്ഞു കാർകൂന്തൽ,ലലിഞ്ഞുപൊട്ടുപോയ്
കിഴിഞ്ഞുമുക്താഫലപത്രവേഷ്ടനം,
വഴിഞ്ഞലീലാകലമട്ടിലും മദം
പൊഴിഞ്ഞ കാന്താവദനം മനോഹരം.” 67

ഇളയ്ക്കധീശൻ തരിവിട്ടഹാരമി-
ട്ടിളക്കിനീർച്ചേർന്നവരായ് രമിച്ചുതേ
ഗളസ്ഥപത്മൻ വനഹസ്തിനായകൻ
കളത്രവർഗ്ഗത്തൊടുമെന്നമാതിരി. 68

സ്വതേജസാ മിന്നിയ മന്നനൊത്തൊരാ
നതാംഗിമാൎക്കാഭ വളൎന്നിതേററവും
സ്വതേ വിളങ്ങുന്നൊരു മുത്തു നീലമൊ-
ത്തിതെങ്കിലുണ്ടാമഴകോതിടാവതോ? 69

ജലം നിറം മാററിയതുരംപ്രിയാൽ പ്രിയാ-
കുലംലസൽപൊൻകുഴലാലെ പീച്ചവേ
അലം തദാ ധാതുവൊലിച്ചിടും കലാ-
ചലംകണക്കന്നെഴകേന്തിനാൻ നൃപൻ. 70

ധരാവരൻ ഗംഗയിലപ്സരസ്സൊടൊ-
ത്തൊരാമരുത്വാനുടെ ലീലമാതിരി
നിരാമയം നൽസരയൂസരിത്തതിൽ
സ്വരാമമാരൊത്തു പരം കളിച്ചുതേ. 71

അഗസ്ത്യനേകീട്ടിളയൊത്തു രാമനാ-
മകന്നു നൽകീടിന ജൈത്രഭൂഷണം,
തകൎത്തിടുമ്പോളറിയാതെ നിമ്നഗോ-
ദകത്തിൽ വീണങ്ങിനെ താണുപോയ്തദാ. 72

പെട്ടംപ്രിയംപോലെ സദാരനായ്ക്കളി-
ച്ചുട്ടത്ത ക്രൂടാരമണഞ്ഞ മാത്രയിൽ
ഉടുപ്പിടുംമുമ്പഥ കണ്ടു ദിവ്യമാ-
യിടുന്നൊരക്കൈവള പോയതായവൻ. 73

തരും ജയം താതനണിഞ്ഞതെന്നുമൂൎ-
ക്കുരുന്നിലോൎത്താ,യതു പോയതായവൻ
പൊറുത്തതില്ലാ,ദൂരമൂലമല്ല,ധീ
പെരുത്തവന്നിങ്ങലർപോലെ ഭൂഷണം. 74

സമർത്ഥരായുള്ള നദീഷ്ണദാശരെ-
സ്സമസ്തരേയും തിരവാനയച്ചതിൽ
ക്രമത്തിൽ നോക്കീട്ടവർ വന്നു നിഷ്ഫല-
ശ്രമത്തൊടോതീ തെളിവററിടാത്തവർ:— 75

'പ്രയത്നമാർന്നു നൃപ! കിട്ടിയില്ല നിൻ-
പയസ്സതിൽപ്പോയ വിഭൂഷണോത്തമം
കയത്തിൽ വാഴും കുമുദാഹിഭൂഷണ-
പ്രിയത്തിനാൽക്കൈവെള കട്ട നിർണ്ണയം. 76

പരം രുഷാ കണ്ണു കലങ്ങിയദ്ധനു-
ർദ്ധരൻ ശരാസം കുലയേററിയപ്പോഴേ
കരയ്ക്കലായ് നിന്നുരഗം നശിയ്ക്കുവാൻ
തരസ്വി നൽത്താർക്ഷ്യശരം തൊടുത്തുതേ. 77

ശരം തൊടുത്താക്ഷണമാടിടും തിര-
ക്കരത്തൊടുൾക്ഷോഭമിയന്നെഴും കയം
കരയ്ക്കടിച്ചക്കുഴിചേർന്ന കാട്ടുകു-
ഞ്ജരപ്പടിയ്ക്കങ്ങലറീ തദാ പരം. 78

കിടന്നു നക്രം പിടയും കയത്തില-
ന്നുടൻ സ്വസാവൊത്തഹിമൗലി പൊങ്ങിനാൻ
സ്ഫുടം സുരേന്ദ്രദ്രു കടൽക്കിടാവൊടും
കടഞ്ഞുലഞ്ഞാക്കടലിൽക്കണക്കിനെ. 79

കൊടുക്കുവാൻ ഭൂഷ കരത്തിലേന്തിയ-
ങ്ങടുക്കുവോനെജ്ജനമൗലി കണ്ടുടൻ
അടക്കി താർക്ഷ്യാസ്ത്രമടിയ്ക്കു കൂപ്പിയാ-
ലടക്കമുൾക്കോപമിടഞ്ഞ സജ്ജനം. 80

ഹരിയ്ക്കെഴും പുത്രനരിയ്ക്കെഴും മദം
ഹരിയ്ക്കുവോരങ്കുശമാം കുശന്നുടൻ
ശരിയ്ക്കു കൂപ്പീട്ടു ശരക്കരുത്തറി-
ഞ്ഞിരിയ്ക്കുമാ മാനി ഫണീന്ദ്രനോതിനാൻ:— 81

'സുതാഖ്യമൈകാരണമർത്ത്യനാം ജഗൽ-
പിതാവിനങ്ങെന്നതറിഞ്ഞിരിയ്ക്കു ഞാൻ
നിതാന്തപൂജാർഹതയാർന്നെഴുന്ന നിൻ-
ഹിതാർത്ഥമല്ലാത്തൊഴിൽ ചെയ്വതെങ്ങിനെ? 82

അടിച്ചു പൊങ്ങീടിന പന്തു നോക്കെ മു-
ത്തൊടിജ്ജയം ചേർപ്പോരു ഭൂഷയംബരേ
തടിച്ച തേജസ്സൊട്ടു കൊള്ളിമീൻ വിഴ-
പടിയ്ക്കു പാർത്തീയിവൾ പോയ് പിടിച്ചുതേ. 83

നിരക്കെ ഞാൻപാടൊട്ടു മുട്ടു തൊട്ടിടും-
വരയ്ക്കുമേ നീണ്ടു തടിച്ചു ഭംഗിയിൽ
ധരയ്ക്കു രക്ഷാപരിഘത്വമാർന്ന നിൻ-
കരം ധരിയ്ക്കട്ടെയിതിന്നി വീണ്ടുമേ. 84

ചിരം പിഴയ്ക്കാതവ പാദസേവയെ-
ച്ചുരം മദീയാനുജയിക്കുമുദ്വതി
കരംകരന്നിൽക്കരുത്തുന്നതിന്നുമി-
ന്നരം കനിഞ്ഞങ്ങനുവാദമേകണം.' 85

എന്നോതിയാദരണമേകി'യിതങ്ങു ചാർത്തു
നന്നോക്കി'ലെന്നരുളിടും ക്ഷിതിപന്നു പിന്നെ
വന്നോരു കൂട്ടരൊടുമക്കുലഭൂഷയായീ-
ട്ടുന്നോരു കന്യകയെയും കുമുദൻ കൊടുത്താൻ. 86

കല്യാണത്തിൽത്തെളിയുമനലൻ സാക്ഷിയായക്ഷിതീശൻ
കല്യാണക്കാപ്പണിയുമവൾതൻകയ്യു മെല്ലെപ്പിടിച്ചു
എല്ലാദിക്കും പരമമരർതൻഭേരിയാലേ മുഴങ്ങീ
നല്ലാശ്ചര്യാംബുദമഥമണംപൂണ്ടപൂമാരിപെയ്തു. 87

ഇത്ഥം ലോകാധിപസുതനുമത്തക്ഷകാഖ്യപ്രപൌത്രാ-
പത്യാഖ്യസ്സും പരമിയലുമച്ഛാച്ഛ്യയാലങ്ങൊരുത്തൻ
പത്രിശ്രേഷ്ഠൻ പിതൃവധമഹാവൈരി ചേക്കും ഭയം-
[പോയ്
പ്പാർത്തു, പൌരപ്രിയനഥിഭയം വിട്ട പാർ കാത്തു
[മററാൻ. 88

(പതിനാററാംസർഗ്ഗം കഴിഞ്ഞു.)

---

# പതിനേഴാം സർഗ്ഗം.

—o—

അതിഥ്യാഖ്യസുതൻ തന്നെ സപാതനപിച്ചുകിനാൻ
[കുശൻ
പ്രാതഃകാലം പ്രസാദത്തെച്ചേതനയ്ക്കുന്നമാതിരി. 1

ശ്ലാഘ്യതാതാംബമാർവംശങ്ങൾക്കേകീ ശുദ്ധിയസ്സുതൻ
തെക്കും വടക്കും മാർഗ്ഗങ്ങൾക്കർക്കൻപോലുൽക്കടപ്രഭൻ. 2

കുലവിദ്യാത്ഥമത്ഥജ്ഞതിലകൻ താതനുണ്ണിയെ
അലം ഗ്രഹിപ്പിച്ചു ഭൂപകുലകന്യാകരാബ്ജവും. 3

ക്ഷമാഭിജാത്യവീര്യത്തിൽ സമാനൻ സൂനു ചേർന്നതിൽ
ക്ഷമാപനേകനല്ലേറി ക്രമാൽ താനെന്നു തോന്നിപോൽ. 4

കുലത്തിന്നൊത്ത തുണയാവലൎവൈരിയ്ക്കു ചെയ്യുവൻ
കുല ചെയ്തു ദുർജ്ജയനെക്കലഹേ ചത്തു താനുമേ. 5

കുമുദപ്പെണ്ണുങ്ങളവനെക്കുമുദ്വതിയണഞ്ഞുതേ
കുമുദാനന്ദേന്ദുതന്നെക്കാമാൽ കൌമുദി മാതിരി. 6

കേറീ, സിംഹാസനത്തിൽപ്പ്രാകാരിയൊന്നിച്ചൊരാളതിൽ
പാരിജാതം ശചീസഖ്യമേറിപ്പങ്കിട്ടു മററവം. 7

തത്തന്ത്രജന്നു താൻ മന്ത്രിവൃദ്ധർ നാടു കൊടുത്തുതേ
യുദ്ധയാത്രയിലന്ത്യാജ്ഞ ഭർത്താവേകിയതോർത്തവർ. 8

കെല്പിൽത്തദഭിഷേകത്തിനാശ്ശിമ്പുവേദിയായവർ
ശില്പിയെക്കൊണ്ടു കാൽ നാലിൽത്തീർപ്പിച്ചു നവ-
മണ്ഡപം. 9

തത്ര പൊൻകുംഭജാലത്തിൽച്ചേർത്ത തീർത്ഥജലത്തൊടും
ഭദ്രപീഠസ്ഥനായോനെയൊത്തമാത്യരണഞ്ഞുതേ. 10

പരത്തും സ്നിഗ്ദ്ധഗംഭീരസ്വരത്താൽ തൂര്യവും തദാ
തരത്തിൽക്കാട്ടി വിട്ടീടാത്തൊരാത്തൻമംഗളങ്ങളെ. 11

ആരാൽത്തളിർയവം ദൂർവ് പേരാൽത്തൊലിയിവററിനാൽ
നേരായവന്നു വൃദ്ധന്മാർ നീരാജന നടത്തിനാർ. 12

ജൈത്രാഥർവങ്ങളാൽ ബ്രഹ്മപുത്രാദിദ്വിജരാകവേ
ഒത്താജിഷ്ണുവിനായ് ചെയ്താരൊത്ത പാലഭിഷേചനം. 13

അങ്ങുതൻമുടിമേലൊപ്പു പൊങ്ങുമോഘാൽ വിളങ്ങിതേ
ഭംഗമററഭിഷേകശ്രീ ഗംഗ ശർവൻെറ മാതിരി. 14

വന്ദിവൃന്ദങ്ങളന്നേരം വന്നു വന്ദിച്ചു വാഴ്ത്തുവോൻ
നന്നെ വർദ്ധിച്ച സാരംഗനന്ദിതാഭ്രത്തൊടൊത്തുതേ. 15

നേരായ് മന്ത്രവിശുദ്ധത്തണ്ണീരാടി ദ്യുതി കൂടിതെ
ആ രാജാവിന്നു, മിന്നൽക്കു ധാരാസേകാൽക്കണക്കിനെ.
16

തീൎണ്ണാഭിഷേകനന്നേകി തൂൎണ്ണം നൽസ്നാതകക്കവൻ
പൂൎണ്ണദക്ഷിണയാഗം സംപൂൎണ്ണമാക്കീട്ടുവാൻ ധനം. 17

പാരാതവർ തെളിഞ്ഞേകിയോരാശിസ്സിനെയൊക്കെയും
ആരാൽത്തൻപൂൎവകൎമ്മത്തിൻതീരാപ്പ്ഫലമകത്തി-
[പ്പോൽ. 18

വിലക്കി ഭാരം ധുൎയ്യന്നു, വിലങ്ങാബദ്ധന,ന്നവൻ
കുലവധ്യന്നു, പയ്യിൻെറ കുലത്തിന്നു കറക്കലും. 19

തത്ര കൂട്ടിൽക്കളിയ്ക്കിട്ട തത്തതൊട്ട ഖഗങ്ങളും
പാൎത്ഥലേശാജ്ഞയാലേവിട്ടൊത്തപോലെ പറന്നുതേ. 20

തളത്തിൽപ്പിന്നെ നൽദ്ദന്താവളദന്താസനത്തിലായ്
തിളങ്ങും മേൽവിരിപ്പിന്മേൽ വിളങ്ങീ കോപ്പിടാനവൻ.
21

പുകയാൽ മുടിയുതാൎന്നോന്നെപ്പുകഴേറും പ്രസാധകർ
സപകരം കഴകിക്കോപ്പാസകലം ചേൎന്നണഞ്ഞുതേ. 22

മലരുംചേൎത്തു ഹാരത്താൽത്തലകെട്ടിച്ചതിന്നുമേൽ
പുലരുംപ്രഭ ചൂഴും ചോപ്പുലമപ്പോഴണിഞ്ഞുതേ. 23

മാലേയം തേച്ചു കസ്തൂരിയാലേ ഗന്ധംപെട്ടംപടി
മേലേ ചേൎത്താരതിൽപ്പത്രം ചാലേ ഗോരോചനത്തിനാൽ. 24

അരയന്നാങ്കമാം പട്ടാഭരണംസ്രക്കിതൊത്തുടൻ
ഹാരാൽ ശോഭിച്ച പരമന്നാരാജ്യശ്രീവധൂവരൻ. 25

കോപ്പണിഞ്ഞത്തുനോക്കെ,പ്പൊൻദൎപ്പണേ ഛായ കണ്ടു-
[തേ
അപ്പൊൻകുന്നേറുമക്ഷേൽ കല്പകച്ഛായമാതിരി. 26

അടുത്തു നൃപചിഹ്നങ്ങളെട്ടുത്തോർ വാഴ്ത്തിയന്നവൻ
കടുത്താഭ സുധൎമ്മയ്ക്കും കെടുത്ത സഭ ചേൎന്നുതേ. 27

കേറിനാനങ്ങു മേക്കട്ടി ചേരുംനൽപ്പൈതൃകാസനേ
ചാരുഭ്രൂപൌഘമൌലിശ്രീചാരും കാൽപ്പീഠമൊത്തതിൽ. 28

ശ്രീവായ്ച്ചുമിന്നിയവനാൽ ശ്രീവത്സാങ്കസഭാസ്ഥലം
പാവനം കൌസ്തുഭത്താലാ ശ്രീവരോരസ്സുപോലവെ. 29

കുമാരത്വം വിട്ടുമ്പോഴേ ക്ഷ്മാധീശത്വമാൎന്നവൻ
ക്രമാൽക്കലാപൂൎണ്ണചന്ദ്രസമാനസ്ഥിതിനേടിനാൻ. 30

വക്ത്രംതെളിഞ്ഞു നൽസസ്മിതോക്തിയാന്നോനെയാശ്രി-
[തർ
പാൎത്ഥിവൻനല്ലവിശ്വാസമൂൎത്തിയെന്നോൎത്തിതേവരും 31

സ്വാരാട്ടൊടൊത്തോൻമന്ദാരാകാരക്കൊടിയെഴുംപുരം
ഐരാവതാഭനാഗത്താലാരാൽവാനാക്കി ചെന്നവൻ. 32

ക്രൂടും കാന്ത്യാ നൃപൻമാത്രം ചൂടുംവെൺകുടയാൽത്തദാ
നാടുനീങ്ങികളൻചേർത്ത ചൂടുനീങ്ങീ ജഗത്രയേ. 33

മിത്രനുദിച്ചപിമ്പാശു, കത്തും തിഗ്മ പൂകത്തുതാൻ,
അത്തേജോവൃത്തിപോയ് നന്മയൊത്തുദിച്ചാൻ തെളി-
[ഞ്ഞവൻ. 34

അവനെത്തേടിയെത്തീ സ്ത്രീനിവഹം വിശദാക്ഷിയാൽ
ധ്രുവനെശ്ശരദൃക്ഷത്താൽ ധ്രുവമാരാവു മാതിരി. 35

നല്ലമ്പലത്തിൽ ബിംബത്തിൽച്ചെല്ലും ദേവതമാർ തദാ
എല്ലാമങ്ങേവണങ്ങും ഭ്രൂവല്ലഭങ്കൽത്തെളിഞ്ഞുതേ. 36

തീർത്ഥാഭിഷേകാംബുതോരാതത്തറയ്ക്കുലെഴുമ്പൊഴേ
കത്തും പ്രതാപം കടൽവക്കത്തുമെത്തിച്ചിതായവൻ. 37

ആധനപിതൻശരംധാതുജാതമന്ത്രത്തൊടൊക്കുകിൽ
സാധിയ്ക്കേണ്ടുംകാര്യമേതും സാധിച്ചീടാതെയാകുമോ? 38

വിവാദമുള്ള നാട്ടാർതൻവ്യവഹാരങ്ങൾ നോക്കിനാൻ
ധ്രുവം ധർമ്മസ്ഥസഖനാമവനെന്നുമതന്ദ്രിതൻ. 39

പ്രാർത്ഥിച്ചതിൻഫലം പിന്നെസ്സത്വരം പാകമാംവിധം
ഭൃത്യർക്കു സൌമനസ്യത്താൽ വ്യക്തമാക്കിക്കൊടുത്തുതേ.
40

നഭസ്സാലാറുപോലേ മുൻനൃപനാലൃദ്ധർ നാട്ടുകാർ
നഭസ്യത്തിലതാംപോലാ നൃപനാൽ വീണ്ടുമുദ്ധരായ്. 41

പറഞ്ഞാൽ നേരു,ദത്താപഹാരമില്ലവനെങ്കിലും
ഹാരം പറിച്ചു നട്ടീടും പരരിൽക്കൈവിടും വ്രതം. 42

മതിരൂപംവയസ്സുത്ഥമിതിലൊന്നു മദംവരാൻ
മതിയീമൂന്നുമൊത്തിട്ടും മദിച്ചീലവനേതുമേ. 43

കൂറുപൌരർക്കിവണ്ണം നാൾതോറുമേറും നവൻ നൃപൻ
വേരുറച്ച മരംപോലിപ്പാരുതന്നിലുറച്ചുതേ. 44

നിത്യരല്ലകലേ,ബാഹ്യശത്രുക്കളതിനാലവൻ
ആദ്യമാറുൾപ്പെട്ടും നിത്യശത്രുക്കളെയടക്കിനാൻ. 45

ഉരക്കല്ലിൽസ്സുവർണ്ണത്തിൻവരയ്ക്കൊത്താപ്രസന്നനിൽ
ഉറച്ചു ശ്രീസ്വതേചേരുന്നൊരച്ചാപല്യമെന്നിയേ. 46

ശൌര്യംശ്വാപദമട്ടാം,കാതര്യമെന്നാം വെറും നയം
കാര്യംനേടാനിതോർത്തുഗ്രവീര്യൻ രണ്ടുമിണക്കിനാൻ. 47

ചാരരശ്മികൾ പിന്നിടുന്നോരബ്ഭൂപന്റെ മണ്ഡലേ
നേരേകാണാതെയില്ലൊന്നും കാററർക്കന്റെമാതിരി. 48

രാവുംപകലുമൂഴീന്ദ്രർ ചെയ്യാനുള്ളവയൊക്കെയും
ഭൂവരൻ സംശയം തെല്ലും കൈവരാതെ നടത്തിനാൻ.
49

മന്ത്രം നാൾതോറുമവനാമന്ത്രിമാരൊത്തു ചെയ്കിലും
എന്തതെന്നറിയാ ദ്വാരബന്ധനത്താലൊരിക്കലും. 50

തന്മിത്രാരികളിൽച്ചെല്ലും തമ്മിൽ കാണാത്ത ചാരരാൽ
കണ്മിഴിച്ചാനവൻ, കാലേ തന്മിഴിത്താരടയ്ക്കിലും. 51

അരിയാദ്ദുർഗ്ഗമവനങ്ങളരിയായേറെറത്തുകിലും
തരിയെക്കൊന്നഹരിപോം ദരിയിൽ ധീരനെങ്കിലും. 52

കേടെന്ന്യെ നോക്കിട്ടും ഭവ്യം ക്രൂടും തൽക്കാൎയ്യമൊക്കെയും
ഗൂഢംപാകത്തിലായ് ത്തീരും പാടേ തെല്ലെന്നമാതിരി. 53

ഋദ്ധിമാനെങ്കിലും ദുൎമ്മാൎഗ്ഗത്തിൽച്ചാടിയതില്ലവൻ
വൎദ്ധിക്കുംകടലിന്നാററിൻവക്ത്രംതാൻ വഴിപോകുവാൻ. 54

പൌരവൈരാഗ്യവേരൊക്കെപ്പറിപ്പാൻപോരുമെങ്കിലും
കാൎയ്യജ്ഞനാപ്രതീകാരകാരണത്തെത്തടുത്തുതേ. 55

ഒട്ടുതാന്നോരോടേ വമ്പു കാട്ടൂ താൻ ശക്തനെങ്കിലും
കാട്ടുതീ കടൽതേടില്ല കാററുതാൻ തുണചെയ്കിലും. 56

ഒന്നുമറെറാന്നിനെബ്ബാധിയ്ക്കുന്നമട്ടാക്കിടാതവൻ
അന്നു ധൎമ്മാൎത്ഥകാമങ്ങൾ മൂന്നു പാലിച്ചിതൊപ്പമേ. 57

തന്നാലുപകൃതിയ്ക്കാളല്ലെന്നാംകുത്രുമുയൎത്തിയാൽ
എന്നോൎത്തൊരിടമട്ടാക്കി മന്നൻ മിത്രങ്ങളെത്തദാ. 58

പരാത്മശക്ത്യാദികളെപ്പരിച്ഛേദിച്ചറിഞ്ഞവൻ
പരൻതാന്നാനേക്കമല്ലെന്നിരിയ്ക്കിൽതാനടങ്ങിടും. 59

ധനത്താൽ സേവ്യനാമെന്നു ധനം നേടീടിനാനവൻ
ഘനത്തെ വാഴ്ത്തീടുന്നൂ നീർകനക്കെക്കണ്ടു ചാതകം. 60

പരകൎമ്മം കെടുക്കും തൻവരകൎമ്മത്തിലുദ്യതൻ
പരരന്ധ്രമറിഞ്ഞെല്ലും സ്വരന്ധ്രം മൂടുമായവൻ. 61

പിതാവാൽവൃദ്ധിയുദ്ധേച്ഛു കൃതാസ്ത്രതയിതൊക്കയാൽ
സദാദണ്ഡംദണ്ഡവാനാ സ്വദേഹംപോലെയായിതെ. 62

അരിയുക്തന്ത്രക്കഹിരത്താദമായോൻ ഹരിച്ചുതെ
അയസ്സിനെയയസ്കാന്തമതുപോലരിശക്തിയെ. 63

ആററിൽ കുളത്തിലാംമട്ടിൽക്കാട്ടിൽത്തോട്ടത്തിലാംവിധം
വീട്ടിൽപ്പോലദ്രിയിൽപ്പോയ്തൻനാട്ടിൽ വായ്ക്കുംവണി-
ക്കുകൾ. 64

ചോരവിഘ്നഭയംതീർത്താശ്ശൂരൻസമ്പൽതപസ്സുകൾ
ആറിലൊന്നുതരംപോലെല്ലാരിൽനിന്നും,പിരിച്ചുതെ. 65

വനമാനയെ,രത്നത്തെക്ഖനി,കണ്ടങ്ങൾ നെല്ലിനെ,
അനന്തരക്ഷയ്ക്കൂത്തീവേതനമായവനകിനാൾ. 66

ആറുപായങ്ങളും ശക്തിയാറും ഷൺമുഖവിക്രമൻ
അറിഞ്ഞുവേണ്ടിടക്കെന്നറിഞ്ഞെല്ലാമെടുക്കുവാൻ. 67

ആതീർത്ഥം ക്രമമായ് രാജാ നീതിനാലും നടത്തുവോൻ
വീതവിഘ്നം ഫലം തത്ര ജാതമായതു നേടിനാൻ. 68

പ്രിയംനേർവഴിയായുള്ള പയറ്റടലാടവേ
സ്വയംചെന്നാവനായ്ചേർന്നു ജയശ്രീവീരഗാമിനി. 69

ഹന്ത! പോര,രിവീര്യത്താൽ പിന്തിരിപ്പോന ദുർല്ലഭം
ഗന്ധത്താൽ മററിഭം തോല്ക്കും ഗന്ധേഭത്തിന്നുമാതിരി. 70

വർദ്ധിക്കിൽക്ഷീണനാംചന്ദ്രനബ്ധിയ്ക്കുംസ്ഥിതിയങ്ങിനെ
വൃദ്ധിയാമട്ടവന്നെ,ന്നാലൊത്തീലാക്ഷയമാവിധം. 71

സരിൽപ്പതിയെമേഘംമാതിരിയാവമ്പനെപ്പു,ധർ
ദരിദ്രരർത്ഥിച്ചുണ്ണവോർ ത്വരിതം ദാനശീലരായ്. 72

ഔന്നത്യംചെയ്കിലും നാണിയ്ക്കും വാഴ്ത്തീടിലായവൻ
തൽക്കാരീദ്വേഷിതൻകീർത്തിനില്ക്കാതെന്നിട്ടുമേറിതേ. 73

തീർത്തു പാപമവൻനോക്കാൽ, തത്വാർത്ഥത്താൽതമസ്സുമേ,
ചേർത്തു ലോകക്കിച്ഛക്കൊന്നൊത്തു നിത്യം സ്വതന്ത്രത. 74

നീരിത്താരിൽശ്ശ്രീയ്ക്കാശ്ശു ചേരില്ലാമ്പലിലക്ഷ്ണം
വൈരിയിൽത്തന്നെയും നന്മ കേറിയന്നാഗ്ഗുണിയ്ക്കുപോൽ
75

ഹയമേധേ ചതിപ്പോർ ദിഗ്ജയത്തിന്നരിയോടവൻ,
സ്വയം ചെയ്തീടിലും ധർമ്മമയമായ്മായമായതിൽ. 76

അന്നേവം ശാസ്ത്രമാർഗ്ഗേ പോയ്ത്തന്നൂക്കാലെവളർന്നവൻ
ഇന്ദ്രൻ ദേവേന്ദ്രനാംമട്ടിൽ മന്നോർമന്നവനായിതേ. 77

ഷഷ്ഠഭൃതമിവൻ, നാലും വിട്ടഞ്ചാംലോകപാലകൻ,
എട്ടാംകുലാദ്രി, യെന്നോതി നാട്ടാർ തുല്യഗ്ഗുണങ്ങളാൽ.
78

കുടമാററിത്തദാജ്ഞകൾത്തുടന്തൂഴീശർ മൌലിയിൽ
തടവന്തേന്തിനാരിന്ദ്രന്നുടെ വാനവർപോലവേ. 79

പാരം യാഗേ യാജകർക്കാ വീരൻ ദക്ഷിണനൽകിനാൻ
പേരവന്നും ധനേശന്നും വേറെയാവാതെഴുംവിധം. 80

സ്വാരാട്ടേകീ മഴ, ഗദമകത്തീയമൻ, പാശികപ്പൽ-
ക്കാരാൽ നൽകീ ശുഭവഴി, പുരാവൃത്തമോർത്തക്കുബേരൻ
ധാരാളത്തിൽധനവുമരുളീ, ലോകപന്മാരിവണ്ണം
പോരാടിത്തോററവരുടെ നിലയ്ക്കായിരുന്നായവങ്കൽ. 81

(പതിനേഴാം സർഗ്ഗം കഴിഞ്ഞു)

# പതിനെട്ടാം സർഗ്ഗം

പരന്നിഷിദ്ധാഹിതനാമവന്നു
പേരാർന്നൊരാ നൈഷധപുത്രിതന്നിൽ
പിറന്നു, സാരം നിഷധാദ്രിപോലെ
പേറുന്ന പുത്രൻ നിഷധാഖ്യയോടെ. 1

വീര്യം വിരിഞ്ഞാവിപുലോർവ്വി കാക്കാൻ
വേണ്ടും യുവാവാൽത്തെളിവാർന്നു താതൻ
വർഷംവഴിയ്ക്കാർന്നു വളർന്നു വേഗം
വിളഞ്ഞ നെല്ലാൽജ്ജനമെന്നപോലെ. 2

ശബ്ദാദിസൌഖ്യങ്ങൾ ഭുജിച്ചു,വന്നായ്
സ്വരാജശബ്ദം ചിരകാലമേകി
കൌമുദ്വതേയൻ കുമുദാവദാത-
കർമ്മങ്ങളാൽക്കിട്ടിയവാനുകേറി. 3

കുശേശയാക്ഷൻ കുശപൌത്രനന്നു
സസാഗരം സാഗരധീരചിത്തൻ
ഏകാതപത്രോർവ്വിയിതേകവീരൻ
പുരോർഗ്ഗളാദീർഘഭുജൻ ഭുജിച്ചു. 4

നളാഖ്യനാം പുത്രനവൻ മരിച്ചു-
ന്നിളാതലം കാത്തനലപ്രതാപൻ
നാളീകവക്ത്രൻ നളമാനപോലെ-
ന്നാളീടെഴും വൈരികുലം മുടിച്ചു. 5

നഭശ്ചരൻ വാഴ്ത്തുമവന്നു പുത്രൻ
നഭസ്സു നല്ലാഭ നഭസ്സിനൊത്തോൻ
നഭോല്ലസന്മാസനിഭത്വമാർന്നാ-
നാഭാസുരാംഗൻ പ്രജകൾക്കശേഷം. 6

കൃതജ്ഞനന്നുത്തരകോസലാധി-
പത്യം നിജാപത്യകരസ്ഥമാക്കി
വാർദ്ധക്യവാക്കാലെ വപുർവ്വിനാശം
വരാൻ വനേമാനൊടിണങ്ങിവാണു. 7

നൃപൻ നൃപാലദ്വിപപുണ്ഡരീകൻ
തൽപുത്രനായാനഥ പുണ്ഡരീകൻ
ശ്രീപുണ്ഡരീകാക്ഷനെയെന്നപോല-
ബ് ഭൂപാലനെച്ചേർന്നു സപുണ്ഡരീകം. 8

ക്ഷ്മാക്ഷേമദാനക്ഷമനായ് ക്ഷമാഢ്യ-
നാം ക്ഷേമധന്വാത്മജന്നൂഴി നൽകി
അമോഘധന്വാവവനന്നു കാട്ടിൽ
തമോഗുണംവിട്ടു തപസ്സുചെയ്തു. 9

അനീകിനിയ്ക്കഗ്രഗനായവന്നു
ജനിച്ചു ദേവപ്രതിമൻ കുമാരൻ
അത്ര നാകലോകത്തുമറിഞ്ഞുതേ ദേ-
വാനീകനെന്നുള്ള തദീയനാമം. 10

പുത്രന്നൊഴും നന്മകളാൽ പിതാവാ-
പൃത്ഥ്വീശ്വരൻ നല്ലൊരു പുത്രിയായി
പുത്രൻ പരം പുത്രനിലിഷ്ടമാർന്നാ-
പ്പിതാവുമൂലം പിതൃമാനമായീ. 11

പിന്നെപ്പിതാവാത്മസമാത്മജന്ന-
മന്നോറെന്നാം കാത്തു മാന്യമന്നൻ
ഗുണാഢ്യയജ്വാവു കൊടുത്തുടൻ പോ-
യണഞ്ഞു മിത്ഥം യജമാനലോകേ. 12

വശംവദത്വാൽ വശി തത്തനൂജൻ
ഭൃശം വശത്താക്കി വിരോധിയെയും
വിശേഷമാധുൎയ്യവശാൽ വലത്താം
വിശ്വാസമാദ്യം വെടിയുന്ന മാന്ദം. 13

അഹീനദോൎവ്വീൎയ്യനഹീനഗുശ്രീ-
മഹീനനാനല്ല യുവാവു പിന്നെ
അഹീനസംസൎഗ്ഗമകന്നു ദുഃഖ-
വിഹീനനായൂഴിയടച്ചു കാത്തു. 14

ജനാന്തരജ്ഞൻ, ജനകൻ മരിച്ചോ-
രനന്തരം പാരിതനന്തതുല്യൻ
അനന്തരായം ബത! നാലുപായ-
മന്നാന്നെടുത്താക്കൃതി കീഴടക്കി. 15

പൂതാരിജാതൻ പരലോകയാത്ര-
ചെയ്താനവൻ, ശ്രീയെയവന്റെ പുത്രൻ
അഥോന്നതത്വാൽ ജിതപാരിയാത്ര-
നധീനമാക്കീ പ്രഭു പാരിയാത്രൻ. 16

ശിലൻ ശിലാപട്ടവിശാലവക്ഷ-
സ്ഥലം കലന്നോനവനുള്ള പുത്രൻ
ശിലീമുഖംകൊണ്ടരിതോററു വാൎത്ത-
ശ്ശാലീനമട്ടൊക്കമുദാരശീലൻ. 17

ആയാത്മസമ്പന്നയുവാവിനെശ്ശു-
ദ്ധാത്മാവു ഭൂപൻ യുവഭൂപനാക്കി
അലം സുഖിച്ചാനുപഭോഗവൃത്ത-
മല്ലോ നൃപൻതൻസുഖരോധിവൃത്തം. 18

സരാഗഭേദേച്ഛ വിടാത്ത കാന്താ-
സൌഭാഗ്യഭോഗ്യക്ഷിതിപാലനെത്താൻ
തീരെക്കളിസ്സൂക്കിയലാതെ വേണ്ടാ-
ത്തോരീൎഷ്യയാലേ ജരപോയ് ഹരിച്ചു. 19

തന്നാഭിരന്ധ്രത്തിനയച്ചയില്ലാ-
ത്തുന്നാഭനെന്നായ്ബ്ഭുവി പേർ പുകഴ്ന്നോൻ
അന്നബ്ജനാഭാഭനവന്റെ പുത്രൻ
നൃനാഥർതൻമണ്ഡലനാഭിയായാൻ. 20

ഉന്നാഭജൻ വജ്രധരപ്രഭാവ-
നനന്തരം സംസദി വജ്രഘോഷൻ
അനന്തവജ്രാകരഭൂഷയാൎന്നോ-
രനന്തയെക്കാത്തിതു വജ്രണാഭൻ. 21

കേറീടിനാൻ വാനവ,നന്നു ചെന്നൽ-
ചാതാരിയാം ശംഖണനണ്ണിതന്നെ
കാഴ്ചയ്ക്കു രത്നം ഖനിചേൎത്തണഞ്ഞാരം
കടൽക്കിടങ്ങിട്ടു കിടക്കുമൂഴി. 22

അവന്റെ ശേഷം ഹരിദശ്വധാമാ-
വാസ്ഥാനമേറീ മകനശ്വരൂപൻ
അംഭോധിതീരോഷിതസൈനികാശ്വ-
നവന്നു ചേർന്നു വ്യുഷിതാശ്വനാമം. 23

വിശ്വേശരാരാധന ചെയ്യുവോരാ-
വിശുദ്ധാന്തൃഷീശ്വരന്നുണ്ണിയായി
വിശ്വംഭരാരക്ഷണദക്ഷനായ
വിശ്വപ്രിയൻ വിശ്വസഹൻ ജനിച്ചു. 24

ഹിരണ്യകാലാംശജനായ തന്റെ
ഹിരണ്യനാഭാത്മജനാൽ നയജ്ഞൻ
വൈരിയ്ക്കു,വൻകാട്ടിന്നു കാററുചേന്ന
ഹിരണ്യരേതസ്സതുപോലെയായാൻ. 25

കടം പിതൃക്കൾക്കു കൊടുത്തൊടുക്ക-
മൊടുക്കമെററമുള്ള സുഖം ലഭിപ്പാൻ
നാടാനെടുക്കയ്യുമവൻ നടത്തി-
ക്കൊടുത്തുടുത്തു കടുവല്ക്കലത്തെ. 26

സോമാദ്ധ്വരംചെയ്തൊരു കോസലേശ-
നാമിത്രവംശാഭരണന്നു പുത്രൻ
കൌസല്യനുണ്ടായിതു സോമനെല്ലാ-
കൺകൾക്കു നേത്രോത്സവമേകിടുന്നോൻ. 27

ബ്രഹ്മിഷ്ഠനാകും സ്വതനുപ്രസൂതൻ
ബ്രഹ്മിഷ്ഠനായ്പിന്നവനൂഴി നൽകി
ബ്രഹ്മാലയേ കീൎത്തി കടത്തിടുന്നോൻ
ഭ്രമം വിടും ബ്രഹ്മമതിൽക്കടന്നു. 28

പാരക്കലാപീഢനിഭൻ വിപീഢം
മരിയ്ക്കുവേ സുപ്രജനാം പ്രജേശേ
നേരററ തുഷ്ട്യാ പ്രജകൾക്കു കണ്ണു-
നീരററമേററ്റൊച്ചിലിരുന്നു. 29

പുത്രാഖ്യപുത്രൻ പിതൃസേവനത്താൽ
പാത്രീകൃതൻ പുഷ്കരപത്രനേത്രൻ
പത്രീന്ദ്രകേതുപ്രതിമാഭനന്നാ-
പ്പിതാവിനെപ്പുത്രികരംമുമ്പനാക്കി. 30

വംശർദ്ധിയാവംശകരങ്കലാക്കി
വിശുദ്ധനി,ന്ദ്രൻ സഖിയാംവിധത്തിൽ
സ്സ്വർത്തെ വിട്ടോൻ ത്രിദശത്വമാർന്നാൻ
ത്രിപുഷ്കരസ്സ്വർവശാദ്ദശാന്തേ. 31

പുഷ്യൻ പിറന്നാനഥ പൌഷിനാരത്തൽ-
പുത്രൻ പ്രഭാനിർജ്ജിതപുഷ്പരാഗൻ
നൽപ്പുഷ്യനക്ഷത്രമുദിച്ചപോലാ-
ന്നൃപാത്മജൻ പുഷ്ടി ജഗത്തിനേകി. 32

മഹോഘരനേകി മഹീയാമഘന്നു;
മനീഷിയാം ജൈമിനിയോടു യോഗം
മഹീശ്വരൻചെന്നു പഠിച്ചു ജന്മ-
മാകെക്കളഞ്ഞാനഥ ജന്മഭീരു. 33

ധരിത്രിയൊട്ടുക്കഥ പുഷ്യപുത്രൻ
ധ്രുവോപമേയൻ ധ്രുവസന്ധി കാത്തു
ആ സത്യസന്ധങ്കലണഞ്ഞു ക്ലുപ്പ-
മരിയ്ക്കുശേഷം ധ്രുവമായി സന്ധി. 34

ദർശാന്തചന്ദ്രപ്രിയദർശനശ്രീ
സുദർശനാഖ്യാത്മജ ബാല്യകാലേ
മൃഗായതാക്ഷൻ മൃഗയയ്ക്കവൻപോയ്-
സ്സിംഹത്തിനാലേ മൃതനായ് നൃസിംഹൻ. 35

ആ ദ്യോവണങ്ങോൻെറയമാത്യരെക-
മത്യത്തൊടാത്തൽകുലതന്ത്രതന്നെ
അനാഥദീനപ്രജകൾക്കു ദുഃഖ-
മാററാനയോദ്ധ്യാധിപനാക്കി നേരെ. 36

പൃഥുക്ഷവേപശ്രീതവാനിനോടും
പോതൈകപഞ്ചാസ്യവനത്തിനോടും
പൂമൊട്ടെഴും നീരൊട്ടമൊത്തു കൂട്ടി-
ഷ്പൃത്ഥ്വീശനൊത്താരഘുവംശമപ്പോൾ. 37

പേരും പിതൃപ്രാഭവമണ്ണിമൌലി
പരിഗ്രഹത്താലിതി ലോകരോൎത്തു
പുരോമരുത്താൽക്കളഭാഭമാം കാർ
പരന്നു ദിക്കൊക്കെ മറയ്ക്കുമല്ലൊ. 38

ആറാംവയസ്സിങ്കലണിഞ്ഞുമാന-
ക്കാരൻ പിടിച്ചും കരിമേൽകുമാരൻ
വരുംവഴിയ്ക്കച്ഛനെയെന്നപോലേ-
വരും പരം ഗൌരവമോടു നോക്കി. 39

അത്താതസിംഹാസനപൂരണത്തി-
നൊത്തീല ബാലതപനിമിത്തമെന്നാൽ
അതസ്സുവൎണ്ണാപമഗൌരതേജ-
സ്സതാന്തമേന്തിശ്ശിശുതാൻ നിറച്ചു. 40

അതിനു താഴേ മണിപീഠമെത്താ-
തലക്തകം ചേരുമവൻെറ കാലിൽ
ആരാൽ പ്രസിദ്ധാമലമൌലഭ്രൂപ-
രാകെത്തദാ താഴ്ത്തിയുടൻ വണങ്ങി. 41

നേരാസ്സഹാന്നീലമിതിപ്രഭാവാൽ
പേരൊട്ടു കൊച്ചാംമണിയിൽ കണ്ടാക്ക
പരം മഹാരാജനിതിപ്രതീതി
പേറുന്ന പേരശ്ശിശ്ശുതന്നിലൊത്തു. 42

കവിൾത്തടത്തിൽക്കുടമയ്ക്കുലച്ചിൽ
കൊടുത്തിടും ചാമരവായുവേൽപ്പോൻ
കല്പിയ്ക്കുമക്കല്പനകേട്ടിതന്നു
കടൽക്കരെയ്ക്കൽക്കുടികൊള്ളുവോരും. 43

ചിരിച്ചു നൽക്കാഞ്ചനപട്ടബന്ധം
ചേരും ലലാടേ തിലകം ധരിപ്പോൻ
അരാതിലോകാബലകൾക്കതെന്നും
വരാതെയാക്കീ വദനാംബുജത്തിൽ. 44

വാകപ്രസൂനാതിമൃദുത്വമോർത്താ-
ലാകല്പവും ഖേദനിദാനമായോൻ
അകന്നിടാതുള്ളനുഭാവമാർന്ന-
ന്നാകെബ്ഭരിച്ചാൻ ഗുരുഭൂമിഭാരം. 45

അമ്പത്തിയൊന്നക്ഷരവും മുറയ്ക്കു
താമ്പാർത്തു നന്നായറിയുമ്പൊഴേയ്ക്കും
വമ്പൊത്ത നീതിജ്ഞരൊടൊത്തെഴും ഭൂ-
വരോത്തമൻ നീതിഫലങ്ങൾ നേടി. 46

മാറത്തു കേറാനിടമില്ല ബാല്യം
മാറാതെയെന്നായ് ത്രപയാർന്നപോലെ
സ്വയം തദാ ലക്ഷ്മി തദാതപത്ര-
ച്ഛായച്ഛലത്താലവനെപ്പുണർന്നു. 47

കിട്ടീല കെല്പാൽ സകമട്ടു, ഞാണു
തട്ടിത്തഴമ്പേററതുമില്ല തെല്ലും,
തൊട്ടീലവാളിൻപിടിയെങ്കിലും ഭൂ-
തലത്തെയാത്തൽബെ് ഭുജമെന്നുകാത്തു. 48

അവങ്കലംഗാവയവങ്ങൾ മാത്ര-
മല്ലാ ക്രമത്താലെ വളൎന്നുവന്നു,
ആദിയ്ക്കു സൂക്ഷ്മങ്ങൾ ജനപ്രിയങ്ങ-
ളായുള്ളൊരാവംശ്യഗുണങ്ങൾകൂടെ. 49

ജന്മാന്തരത്തിൽക്കരകണ്ട കാമ-
ധമ്മാത്ഥവേരായൊരു വിദ്യ മൂന്നും
ഓമ്മിച്ചപോലഗ്ഗുരുവെക്കഴക്കാ-
തവൻ ഗ്രഹിച്ചാനഥ ലോകരേയും. 50

അരയ്ക്കുമേലല്പമുയൎന്നിടംമു-
ട്ടല്പം വളച്ചാമുടി നേൎക്കുകെട്ടി
ആകൎണ്ണമമ്പൊത്തൊരു വിൽ വലിച്ച-
ന്നസ്ത്രം പഠിച്ചീടുമവൻ വിളങ്ങി. 51

തരുണികളുടെ നേത്രാസ്വാദ്യമാം മദ്യമായും
സ്മരതരുവിലെരാഗക്കുമ്പണിപ്പുഷ്പമായും
വെറുമുടലിനശേഷം പണ്ടമായും വിലാസം
പരമണവൊരു വീടാം യൌവനം മന്നനാൎന്നു. 52

പ്രതിമയെഴുതി നന്നായ് ദൂതിമാരങ്ങുകാട്ടു-
ന്നതിലുമഴകുക്കൂട്ടും 'രാജകന്യാജനങ്ങൾ
ക്ഷിതിപനു സചിവന്മാർ സത്സുതാർത്ഥം കൊടു-
[ത്തോർ
ക്ഷിതിരമകളൊടാർന്നു തത്ര സാപത്ന്യമപ്പോൾ. 53

(പതിനെട്ടാം സർഗ്ഗം കഴിഞ്ഞു)

---

## പത്തൊൻപതാം സർഗ്ഗം

---

ഗോത്രതത്രവശിയഗ്നിവർണ്ണമാം
ഗാത്രമൊത്തമകനഗ്നിവർണ്ണനിൽ
ചേർത്തു നൈമിശവനത്തിൽ വാർദ്ധകേ
ശാസ്ത്രവിത്തമനണഞ്ഞു രാഘവൻ. 1

മെത്തദർഭവിരി, വാപിതീർത്ഥനീ,-
രൊത്ത വീടുടജ,മേവമായവൻ
തത്ര പാർത്തു ഫലമുൾത്തടത്തിലോ-
ർക്കാത്ത നിസ്തുലതപസ്സുനേടിനാൻ. 2

തൽക്കുമാരനരിയ്ക്കുമാടലി-
ല്ലൂക്കുകൊണ്ടരികൾ തോല്ക്കുമാറുപൻ
ന്നേക്കു നൽകിയിളകാക്കമല്ലലു-
ണ്ണിയ്ക്കു പോംപടി സുഖിയ്ക്കുവാൻ തദാ. 3

പാരിതൊട്ടു പരിചോടു കാത്തു പേർ
പാരിൽ നട്ട സചിവർക്കു തൽഭരം
വാരിജാസ്ത്രവശനേകി യൌവനം
നാരിമാർക്കവനധീനമാക്കിനാൻ. 4

കാമിനീജനസഹായനായൊര-
ക്കാമിതൻമുരജനാദിമേടയിൽ
കേമമായ്പ്പുലർത്തു;മൊക്കെ മുമ്പിലേ-
ക്കാറം മികച്ച വിധമാർന്നിതുത്സവം. 5

എന്നുമിന്ദ്രിയസുഖം വിടാവത-
ല്ലെന്നു രാപ്പകൽ കളിച്ചകത്തവൻ
ചെന്നു വാണു, നിജ നാട്ടുകാർക്കു ചെ-
ന്നൊന്നു കാണുക ഞെരുക്കമാംവിധം. 6

ഒട്ടു മന്ത്രികളലട്ടുവാനൊരു-
മ്പെട്ടു കാങ്കിൽ നിജ നാട്ടുകാർക്കവൻ
കാട്ടുമൊട്ടു ജനൽവിട്ടു തൂങ്ങിടും-
മട്ടു തന്റെ കഴലിട്ടു കേവലം. 7

ആവഴിഞ്ഞൊരിളവെയിലണിഞ്ഞരാ-
ജീവമൊത്ത നഖരാരുണാംഘ്രിയെ
കൈവണങ്ങിയനുജീവിമാർ തദാ
സാവധാനമഥ സേവചെയ്തുതേ. 8

ഉന്നതക്കളുർകുചം കുലുക്കി നീർ
സന്നതാംഗികളലച്ച പൊയ്കയിൽ
ഛന്നചാരുഗൃഹമൊന്നതിങ്കലാ-
മന്നനെത്തി മദനാർത്തി മൂത്തവൻ. 9

തത്ര മുങ്ങി മഷി മാഞ്ഞു, രാഗമാ-
രക്തമാം ചൊടിയിൽ നീങ്ങി നാരിമാർ
കൃത്രിമാഭ കളയും മുഖങ്ങളാ-
ലെത്രയും രസമവന്നു നൽകിനാർ. 10

ഉത്തമാസഖനവൻ സുഗന്ധിപാ-
നോത്തമസ്ഥലമതിങ്കലെത്തിനാൻ
ക്രുത്തടിച്ചു കരിണീസഹായനായ്-
പ്പൂത്തപത്മിനിയിലാനപോലവേ. 11

സ്ത്രീകൾ, ഗ്രദ്ധമവനേകിടും മദോ-
ദ്രേകകാരി മുഖശീധു വാങ്ങിനാർ
സ്ത്രീകൾ നൽകിയവനും നുകർന്നിത-
രസ്തോകമോദമതിലഞ്ഞിമാതിരി. 12

അങ്കമേറുവതിനൊത്ത വസ്തു ര-
ണ്ടങ്കമായവനശൂന്യമാക്കിനാർ
തങ്കളസ്വനമനോജ്ഞവീണയും
തിങ്കളാസ്യമണി മഞ്ജുവാണിയും. 13

പുഷ്കരത്തെ, വളമാലയൊച്ചുല-
ച്ചുൾക്കളും കവരുമാറ,ടിച്ചവൻ
ചിക്കനെപ്പിഴ പിണച്ചു ദേശികൻ
നില്ലു ലജ്ജ നടികൾക്കു നൽകിനാൻ. 14

പാതി പൊട്ടലിയുമാറെഴും വിയർ-
പ്പൂതിയാററിയഥ തന്മുഖാംബുജം
പ്രീതിവായ്പ്പൊടു നുകർന്നു വിത്തപേ-
ന്ദ്രാതി സൌഖ്യനിലയൊന്നു താഴ്ത്തിനാൻ. 15

നോക്കുമാറുവഴിയുമേർപ്പെടുത്തിയു-
ള്ളാക്കുമല്പ്പുതുവധൂസമാഗമം
പാർക്കുവാൻ പ്രിയകരം നോക്കണത്തു പാ-
തിയ്ക്കുവെച്ചു മതിയാക്കിനാനവൻ. 16

കൈവിരൽത്തലകളാലെ തർജ്ജനം,
ഭ്രൂവിലേറെ വളവാർന്ന വീക്ഷണം,
കൈവിലങ്ങു കളകാഞ്ചിയാൽ, ച്ചുതി-
യ്ക്കീവിധത്തിലവനേററു ശിക്ഷകൾ. 17

ദ്ദൂതി കാണ്കെ രതിവാരരാവിലും-
പ്രീതിയോടു കൃതി പിന്നിൽനിന്നവൻ
ജാതിയായ് പ്രിയവിയോഗശങ്കയോ-
ടോതിടും വിധുരവാക്കു കേട്ടതേ. 18

കിട്ടിടാനരിയെയോർത്തു, പത്നിമാർ
വിട്ടിടാതെ,യവൾതൻെറ മെയ്യവൻ
ഒട്ടിടയ്ക്കു വിരൽവേർത്തു തൂവൽ കൈ-
വിട്ടിരുന്നൊരു വിധം വരച്ചുതേ. 19

പ്രേമഗർവ്വോടു സപത്നി നിർത്തവേ
കാമമേറിയിടയാതെ മന്നനെ
ആ മഹഃസ്ഥലമൊടാനയിച്ചു തൽ-
താമരാക്ഷികൾ നടത്തി വാഞ്ഛിതം. 20

രാവിലെത്തൊഴിലറിഞ്ഞു തട്ടിയോ-
രാവിലത്രപമിണവിട്ട കാന്തയിൽ
രാവിലെത്തൊഴുതടുത്തു ചെല്ലുവോ-
രാവിലാസി പുനരൊട്ടു കൂടിനാൻ. 21

സ്ത്രീകൾ, നിദ്രയിലവൻ സപത്നിതൻ-
പേർ കഥിയ്ക്കെ,മൊഴിവിട്ടിടഞ്ഞുടൻ
ശോകബാഷ്പമണിമെത്തമേൽക്കയ-
ത്താകവേ വളയുടച്ചുരുണ്ടുതേ. 22

വാടിടാമലർ വിരിച്ച കുഞ്ജവും
തേടി നല്ലവഴി ദൂതി കാട്ടുവോൻ
പേടി പതിയിലിയന്നു ചേടിയായ്
കൂടിയാടിയുടലും വിറച്ചവൻ. 23

പേരു കിട്ടിയിനിയാ പ്രിയയ്ക്കു ചേ-
ന്നോരു ഭാഗ്യവുമഹോ! ലഭിയ്ക്കുകിൽ
പോരുമെന്നവനൊടായ്പ്പറഞ്ഞുതേ
പേരു തെററി വിളികേട്ട നാരിമാർ. 24

ഛിന്നമേഖലയുലഞ്ഞ മാല ചെ-
ഞ്ചൂർണ്ണലാക്ഷകളിതൊക്കെയൊക്കയാൽ
ഇന്നലീലനിശിയെന്നെണീയ്ക്കുമാ-
മന്നനുള്ള മൃദുമെത്ത കാട്ടിപോൽ. 25

ഏത്തു തത്ര പതിയാതെതാനവൻ
ചേത്തു രാഗമബലാംഘ്രിപങ്കജേ
ചാത്തുമാടയരഞ്ഞാണണിസ്ഥലേ
കുത്തുവിട്ടടനഴിഞ്ഞു കാണ്കയാൽ. 26

ചുണ്ടു ചുംബനമതിൽത്തിരിയ്ക്കെ, കൈ-
കൊണ്ടു കാഞ്ചി തൊടുകിൽത്തടുക്കുക
വീണ്ടുമിത്തടവെഴും വധൂരതം-
കൊണ്ടു കാളിയവനിൽ സ്മരാനലൻ. 27

കായകാന്തി, രതചിഹ്നമാർന്നത-
ന്നായതാക്ഷി മുകുരത്തിൽ നോക്കവേ
ഛായയാൽ, പിറകിൽനിന്നു സസ്മിതം
ഹ്രീയണച്ചു കൃതി താഴ്ത്തി തന്മുഖം. 28

ശയ്യവിട്ടുളവു തൽഗളേ തളിർ-
ക്കയ്യണച്ചു മടിമേൽക്കരേറിയും
പയ്യവേ പ്രിയയിരന്നു രാവിലെ-
ച്ചെയ്യുവേണ്ടൊരു വിസർഗ്ഗചുംബനം. 29

ദർപ്പണേ നൃവരവേഷമിന്ദ്രനും
ദർപ്പമാററുമഴകാർന്നു കാങ്കിലും
മൂപ്പരേറെ രസമാർന്നിതപ്പൊഴ-
ദ്ദർപ്പകക്കളിയിലാർന്ന ഭൂഷയിൽ. 30

മിത്രകൃത്യമതിനെന്നുരച്ചുടൻ
യാത്രയാകുമളവാലധരേന്ദ്രനെ,
'സൂത്രമത്ര ശഠ! കണ്ടു'വെന്നു മാൻ-
നേത്രമാർമുടി പിടിച്ചുനിർത്തിനാർ. 31

നീണ്ട ലീലകളിൽ വാടി വാർകുചം
കൊണ്ടമർത്തു കളഭം കളഞ്ഞുടൻ
കൊണ്ടൽവേണികളവൻെറ മാറിലായ്-
ക്കണ്ണുറ്റസൂത്രവഴികണ്ടുറങ്ങിനാർ. 32

സംഗമത്തിനൊളിവിൽഗ്ഗമിയ്ക്കുവോ-
രംഗജാർത്തനെയറിഞ്ഞു നാരിമാർ
'ഞങ്ങളെല്ലാം! ചതിച്ചിരുട്ടിലി-
ന്നെങ്ങുതോഴ്കി'തി പോയ് തടുത്തുതേ. 33

രാത്രിനാഥകരമെന്നപോലെ പൂ-
ഗാത്രി ചേൻറ പുരുസൌഖ്യമാർന്നവൻ
പാർത്തിതന്നു കുമുദാകരാഭനായ്
രാത്രിജാഗരപരൻ ദിവാശയൻ. 34

പൊട്ടിടും ചൊടിയിൽ വേണുവും വ്രണ-
പ്പെട്ടിടും മടിയിൽ വീണയും തദാ
തട്ടി മാൽ കുടിലദൃഷ്ടിമാർ പരം
കാട്ടി മൂത്തവനു കുട്ടി മേൽക്കുമേൽ. 35

മെച്ചമായൊളിവിൽ നൃത്തമഭ്യസി-
പ്പിച്ച നാരിയെയരങ്ങണച്ചവൻ
താഴ്ച നൃത്തഗുരുവിന്നു ചേർത്തുതേ
വേഴ്ചക്കൂട്ടിനവർ കൂടെനിൽക്കവേ. 36

തോളിൽ മാല കുടചാർജ്ജനങ്ങൾ, നീ-
പാളിരേണു കളഭത്തിനേ,വമായ്
കേളിയാടിയവനേറെ, മൈലണി-
ക്കേളിശൈലഭുവി വർഷവേളയിൽ. 37

തേടുമീർഷ്യയിൽ മുഖം തിരിയ്ക്കുവോ-
ളോടു സത്വരമിണങ്ങിയില്ലവൻ
കേടുമാറവുമിടി കേട്ടു ഞെട്ടി മാ-
റോടു ഗാഢമവൾ ചേൻറുകാണുവാൻ. 38

തൂവിതാനമണിമേടമേൽശ്ശര-
ദ്രാവിലങ്ങു ലളിതാംഗനാസഖൻ
മേവിയാററി മദനാർത്തവശ്രമം
കാർവിട്ടും കുളുർനിലാവിനാലവൻ. 39

ഒട്ടു ഹംസരശനാഢ്യമാം മണൽ-
ത്തിട്ടു, കാന്തജഘനംകണക്കിനെ,
കാട്ടുവോരു സരയൂസരിത്തുതൻ-
മട്ടമന്നു ജനലൂടെ കണ്ടുതേ. 40

മഞ്ഞുകാലമരഞ്ഞാണു കാണുമാ-
റാഞ്ഞുലച്ചുകിൽ പുകച്ച ചേലയെ
മഞ്ജുമദ്ധ്യകളുടുക്കെയങ്ങതാ-
രാഞ്ഞുപോയവനഴിച്ചുകെട്ടുവാൻ. 41

തത്ര കാറ്ററുമകത്തു ദീപമാം
നേത്രമേത്തുമിളകാതെ സാക്ഷിയായ്
പാർത്തു സർവസുരതത്തിനും തരം-
ചേർത്തു പാർത്തു ശിശിരർത്തുരാത്രികൾ. 42

പൂവുമാല്യമരുത്തു ചേർത്തിടും
മാവു ചെന്തളിരണിഞ്ഞൊരുപാർത്തതിൽ
'ആവു! ശണ്ഠ മതി'യെന്നു നാരിമാർ
വേവുമുള്ളൊടവനോടിണങ്ങിനാർ. 43

അങ്കമേറുമവരൊന്നുതാനെഴും
തങ്കഡോളനിജഭൃത്യരാട്ടവേ
ശങ്കവിട്ടുരുഭയം നടിച്ചുമാ-
മങ്കമാരവനെ നേർക്കു പുല്കിനാർ. 44

ചേർത്തു വേനലിനു ചേർന്ന ചന്ദന-
ച്ചാർത്തു പോർമുലയിൽ, മുത്തുകാഞ്ചിയായ്,
മുത്തു കോർത്ത പല മുഗ്ദ്ധഭൂഷയോ-
ടൊത്തുചേർന്നിതവനോടു കാന്തമാർ. 45

ഭിന്നമാന്തളിർ കലൎന്ന പാടലം
ചേൎന്ന ചാരുമധുവെക്കുടിയ്ക്കയാൽ
അന്നവൻ മധുവകന്നതിൻബലം
താൎന്നമാരനുശിരൊന്നു കൂട്ടിനാൻ. 46

ഏവമിന്ദ്രിയസുഖങ്ങളാൎന്നു രാ-
ജാവവന്റെ പണിവിട്ടൃതുക്കളെ
കേവലം നിജ വിഭൂഷയാലറി-
ഞ്ഞാവഴിയ്ക്കവ വിടൻ കഴിച്ചുതേ. 47

സ്വപ്രഭാവമികവാലജയ്യനാ-
മാപ്രമത്തനു ചടപ്പു ചേൎത്തുപോൽ
ക്ഷിപ്രമിന്ദുവിനു ദക്ഷശാപമെ-
ന്നാപ്പടിയ്ക്കു രതിരാഗജംഗദം. 48

വൈദ്യർ ചൊന്നപടി കേട്ടുകാങ്കിലും
ഹൃദ്യവസ്തുവതു വിട്ടതില്ലവൻ
ഉദ്യമം വെറുതെയിന്ദ്രിയത്തിനാ-
സ്വാദ്യമാം വിഷയവേഴ്ച നിൎത്തുവാൻ. 49

ആനനം വിളറ,ലല്പഭൂഷ,പോ-
വാനടുത്തു തുണ, താണിടും സ്വനം
ദീനമേവമവനാൎന്നു കാമുക-
സ്ഥാനമാൎന്നവനു ചേൎന്നിടുംപടി. 50

ക്ഷീണചന്ദ്രയുതവാനൊടൊത്തു, നീർ
താണടിച്ചളിപെടും കുളത്തൊടും,
ക്ഷീണമൂഴിപനണഞ്ഞൊരക്കലം;
ക്ഷീണനാളമണിദീപമോടുമേ. 51

ന്നനമിപ്രഭു നടത്തിടുന്ന സ-
ന്താനമോൎത്തു ചില കൎമ്മമെന്നുടൻ
ദീനമെന്നു ഹൃദി പൌരരോൎത്തിടാ-
സ്ഥാനമാത്യരരചെയ്തു നിത്യവും. 52

പാവനപ്രജ പിറന്നിടാത്തനേ-
കാവരോധയുതനാഗ്ഗദത്തിനെ,
പാവകൻ പവനനെക്കണക്കെ,യാ-
ബ്ഭ്രുവരൻ ബത! കടന്നതില്ലപോൽ. 53

വീട്ടിനുള്ളപവനത്തിലേ,ഗദം
വിട്ടിടാൻ വഴിയിതെന്നു മന്ത്രിമാർ
കൂട്ടിയോരു ശിഖിയിൽത്തദംഗമ-
ന്ത്യേഷ്ടിവേദി ഗുരുയുക്തർ ചേൎത്തുതേ. 54

പൌരമുഖ്യരൊടുമൊത്തുകൂടിയ-
ന്നേരമായവർ നരേന്ദ്രലക്ഷ്മിയെ
സാരമാം വിവിധഗർഭചിഹ്നമാ-
ന്നോരവന്റെ മഹിഷിയ്ക്കു നിൽകിനാർ. 55

പാരാവിധം വിടുമിളേശനെയോൎത്തഴം ക-
ണ്ണീരാലെ ഗർഭമതിനപ്പൊഴയന്ന താപം
ആരാൽനടത്തുമഭിഷേകമതിൽ പൊഴിച്ചു-
ള്ളാരാക്കളിത്ത കനകക്കുടനീർകൊടുത്തു. 56

KOT YAM PUB BR RY

അന്നാഗ്ഗർഭം പ്രസവസമയം കാത്ത പെ[illegible]ട സൌഖ്യ-
ത്തിന്നായ്ബ്ബീജം നഭസിധരപോലുള്ളിലായ്ഗ്ഗൂഢമേന്തി
നന്നായ്മന്ത്രിപ്രവരർ ചുഴലും സ്വർണ്ണസിംഹാസനത്തിൽ-
ച്ചേർന്നാനാഥാവനിയവരംവഴിയ്ക്കാജ്ഞതെറ്റാതെ കാത്തു. 57

(പത്തൊൻപതാം സർഗ്ഗം കഴിഞ്ഞു)

---

Printed at the Kamalalaya Printing Works, Trivandrum.

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. MA : 2 Acc. No. 4095

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

MA൭ 40൩5

NAR-B

നാരായണമേനോൻ കുറ്റൂർ

ബാദാമിചാലുക്യവംശം.

